PHARMACY BULLETIN

Reg. No. 29377/78

The Official Publication of the Kerala Govt. Pharmacists' Association

Book No. 15 Vol. 3 June 2022

ALLCHEMIST®

THE STORING COMPANY

MODULAR PHARMACY RACK

elsa fulfilling your needs in excellence

ELSA AGENCIES & DISTRIBUTORS

ARTCO Affiliated

Ph : 0484 - 2361314, 4066261, 2373800, **Mob : 9847 162931, 8089 196199, 7736712344**

Email: info@elsaagencies.com, elsaagencies13@gmail.com, www.elsaagencies.com

www.biostreamms.com

biostream

Modular Pharmacy Storage Solutions

- Upgrade your pharmacy to unbelievable efficiency levels within 24 hours!
- Like more than 600 private hospitals and severals of Govt. PHC, CHC, FHC, THQ, GH.

UPGRADE, TRANSFORM, EVOLVE!

biostream MEDICAL SYSTEMS

Kochi, Kerala, INDIA

M: 9567481727, 9447146058 M: biostreamms@gmail.com

ARIF MOHAMMED KHAN
GOVERNOR OF KERALA

सत्यमेव जयते

RAJ BHAVAN
THIRUVANANTHAPURAM-695 095

30 May 2022

MESSAGE

I am happy to know that Kerala Government Pharmacists' Association, Thiruvananthapuram proposes to publish a **Souvenir** in connection with their 64th State Conference to be held on 19th June, 2022, at Thiruvananthapuram. I compliment everyone behind this endeavour and wish the conference as well as the publication all success.

[Arif Mohammed Khan]

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം. 325/പ്രസ്/സി.എം.ഒ/22. 28 മെയ്, 2022

സന്ദേശം

കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ 64-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒരു സുവനീർ കൂടി പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

പൊതുജനാരോഗ്യമേഖലയിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പാക്കി വരുന്ന വികസന പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാകും സുവനീർ എന്നു കരുതുന്നു.

സമ്മേളനത്തിനും സുവനീറിനും എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The General Secretary
KGPA
E-mail: svkjasmine@gmail.com
manojparavoor@gmail.com

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

വീണാ ജോർജ്
ആരോഗ്യവും
വനിതാ ശിശുവികസനവും
വകുപ്പ് മന്ത്രി
കേരള സർക്കാർ

തിയതി: 03.06.2022

സന്ദേശം

കേരള ഗവ. ഫാർമസിസ്റ്റ് അസ്സോസിയേഷൻ അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. ആരോഗ്യമേഖലയിൽ ഫാർമസിസ്റ്റുകൾ ചെയ്യുന്ന സേവനം വളരെ വലുതാണ്. എല്ലാ ആശംസകളും നേരുന്നു

വീണാ ജോർജ്

ഓഫീസ് : സെക്രട്ടേറിയറ്റ് അനക്സ്-2, ഏഴാം നില, റൂം നമ്പർ 701
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001
ഫോൺ (ഓഫീസ്) : 0471 -2327876, 2327976 ഫാക്സ് : 0471 -2327016 മൊബൈൽ : 9400066111
ഇ-മെയിൽ : min.hlth@kerala.gov.in



വി. ഡി. സതീശൻ

പ്രതിപക്ഷ നേതാവ്

കേരള നിയമസഭ

03.06.2022

സന്ദേശം

കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ അറുപത്തി നാലാം വാർഷികാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന സമ്മേളനവും സംസ്ഥാന കമ്മിറ്റിയുടെ പുതിയ ഓഫീസ് കെട്ടിടം ഉദ്ഘാടനവും നടത്തുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷം. KGPA യുടെ തുടർ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. സമ്മേളനത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന സുവനീർ സംഘടനയുടെ മുന്നോട്ടുള്ള പ്രയാണത്തിന് ഉപകരിക്കുന്നതാകട്ടെ.

എല്ലാവിധ ആശംസകളും നേരുന്നു.

വി. ഡി. സതീശൻ

കന്റോൺമെന്റ് ഹൗസ്, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം - 695 033

ഫോൺ-ഓഫീസ് : 0471-2318330, 2512050 ഫാക്സ് : 0471-2315625

വസതി : 0471-2449500 മൊബൈൽ : 9447018183

വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസവും
തൊഴിൽ വകുപ്പ് മന്ത്രി
കേരളസർക്കാർ

തിരുവനന്തപുരം
തീയതി : 04/06/2022

സന്ദേശം

കോവിഡ് മഹാമാരിക്കാലം എല്ലാ മേഖലകളേയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണല്ലോ. എന്നാൽ മഹാമാരിക്ക് മുന്നിൽ പകച്ച് നിൽക്കാതെ നിശ്ചയദാർഢ്യത്തോടെ മുന്നിട്ടിറങ്ങി പ്രവർത്തിച്ചവരാണ് ആരോഗ്യമേഖലയിലെ ഓരോ പോരാളികളും.
സംസ്ഥാനത്തെ ആരോഗ്യവകുപ്പിലും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സേവനമനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുമാരുടെ സംഘടനയായ കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ 64-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന സുവനീറിന് എന്റെ എല്ലാവിധ ആശംസകളും...
സ്നേഹത്തോടെ,

വി. ശിവൻകുട്ടി

ഓഫീസ് : റൂം നമ്പർ 201, രണ്ടാം നില, അനക്സ്-2
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001
ഫോൺ - ഓഫീസ് : 0471-2517048 മൊബൈൽ : 9400009100
ഇ-മെയിൽ : min.edu@kerala.gov.in, min.lbr@kerala.gov.in

കെ. എൻ. ബാലഗോപാൽ
ധനകാര്യവകുപ്പ് മന്ത്രി
കേരളസർക്കാർ

റൂം നമ്പർ 131, നോർത്ത് ബ്ലോക്ക്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ ഓഫീസ് : 0471-2333294
ഫാക്സ് : 0471-2333254
മൊബൈൽ : 9400887700
ഇ-മെയിൽ : min.fin@kerala.gov.in

സന്ദേശം

കേരള ഗവൺമെന്റ് ഫാർമസിസ്റ്റ്സ് അസോസിയേഷന്റെ 64-ാമത് സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. സുവനീറിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു.

കെ. എൻ. ബാലഗോപാൽ

തിരുവനന്തപുരം
06.06.022

ANTONY RAJU
MINISTER FOR TRANSPORT
GOVERNMENT OF KERALA

Room No. S. 301, 3rd Floor,
South Block
Government Secretariat
Thiruvananthapuram-695 001
Office : 0471-2326772
Fax : 0471-2327135
Res : 0471-2729117
0471-2311238
Mobile : 9446090902
9400088111
e-mail:min.transport@kerla.gov.in

സന്ദേശം

കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിന്റെ ആദ്യകാലങ്ങളിൽ തന്നെ രൂപീകരിച്ച അസോസിയേഷൻ സംഘടനാ അംഗങ്ങളുടെ പ്രൊഫഷണൽ മികവ് വർദ്ധിപ്പിക്കുവാൻ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. സംസ്ഥാന സമ്മേളനത്തിനും സംഘടനയുടെ ഭാവി പരിപാടികൾക്കും എല്ലാ വിജയാശംസകളും നേരുന്നു.

ആന്റണി രാജു

ജി. ആർ. അനിൽ
ഭക്ഷ്യ-പൊതുവിതരണവും
ഉപഭോക്തൃകാര്യവും ലീഗൽ മെട്രോളജിയും
വകുപ്പുമന്ത്രി
കേരളസർക്കാർ

ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം - 695 001

തീയതി : 02/06/2022

സന്ദേശം

കേരള ഗവൺമെന്റ് ഫാർമസിസ്റ്റ്സ് അസോസിയേഷന്റെ (KGPA) അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. പൊതുജനാരോഗ്യ മേഖലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്ന ഫാർമസിസ്റ്റുകളുടെ സംഘടനയ്ക്ക് മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

ജി. ആർ. അനിൽ

ഫോൺ-ഓഫീസ് : 0471-2333371, 0471-2517270 മൊബൈൽ : 9400662244
ഇ-മെയിൽ : min.food@kerala.gov.in

J. CHINCHURANI
MINISTER FOR ANIMAL HUSBANDRY,
DAIRY DEVELOPMENT,
MILK CO-OPERATIVES, ZOOS, VETERINARY &
ANIMAL SCIENCES UNIVERSITY
GOVERNMENT OF KERALA

Thiruvananthapuram

Date: ....

സന്ദേശം

സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലും, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിലും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റ്മാരുടെ പ്രൊഫഷണൽ സംഘടനയാണ് കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസ്സോസിയേഷൻ KGPA എന്ന് മനസ്സിലാക്കുന്നു. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം രജിസ്റ്റർ ചെയ്ത രണ്ടാമത്തെ സർവ്വീസ് സംഘടന എന്ന നിലയിൽ സാമൂഹിക ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് വിജയകരമായി പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പം സംഘടനയുടെ അറുപത്തിനാലാം സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന പ്രത്യേക സുവനീറിന് എല്ലാവിധ ആശംസകളും നേരുന്നു.

ജെ. ചിഞ്ചുറാണി

Government Secretariat, Thiruvananthapuram - 695 001
Res : *'Asoka'* Cliff House Compound, Nanthancode, Thiruvananthapuram
Phone-Office : 0471-2335366 Res. : 0471-2312326 Mobile : 9400008700, 8281896075
E-mail: min.ahd@kerala.gov.in

ഡോ. മാലിനി എസ്
ഡയറക്ടർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

സന്ദേശം

മാന്യരെ,

ഔഷധങ്ങൾ കണ്ടുപിടിക്കുന്നതു മുതൽ ഉപഭോക്താക്കളിൽ എത്തുന്നതുവരെ മരുന്നു നിർമ്മാണത്തിന്റെ സമസ്ത മേഖലകളിലും സേവനമനുഷ്ഠിക്കുന്ന വിഭാഗം ജീവനക്കാരാണ് ഫാർമസിസ്റ്റുമാർ. ഇക്കാരണത്താൽ തന്നെ രാജ്യത്തിന്റെ ആരോഗ്യ സംരക്ഷണ പ്രവർത്തന മേഖലയിൽ നിർണ്ണായക പ്രാധാന്യമുള്ള വിഭാഗമായാണ് ഫാർമസിസ്റ്റുമാരെ കണക്കാക്കിവരുന്നത്. കോവിഡ് മഹാമാരിയുടെ അതിവ്യാപന ഘട്ടത്തിൽ ജനങ്ങളുടെ ജിവൻ രക്ഷിക്കുന്നതിൽ മറ്റ് ആരോഗ്യവിഭാഗം ജീവനക്കാരുടെ സേവനത്തിനൊപ്പം ഫാർമസിസ്റ്റ് വിഭാഗം ജീവനക്കാരുടെ സേവനവും എക്കാലവും സ്മരിക്കപ്പെടും.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ അധികാരികൾക്ക് മുന്നിൽ സമർപ്പിക്കുന്നതിന് ഉതകുന്ന ചർച്ചകൾക്കും പരിപാടികൾക്കും കൂടി വേദിയാകട്ടെ ഗഏജഅ യുടെ അറുപത്തിനാലാം സംസ്ഥാന സമ്മേളനം എന്ന് പ്രത്യാശിച്ചുകൊണ്ട് സമ്മേളനത്തിന് വിജയാശംസകൾ നേരുന്നു.

ഡോ. മാലിനി എസ്

തിരുവനന്തപുരം

03.06.2022

ഡോ. പ്രീത പി. പി.
ആരോഗ്യവകുപ്പ് ഡയറക്ടർ i/c

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്
ഫോൺ (ഓഫീസ്) : 0471-2303025
മൊബൈൽ : 9447139266
ഇ-മെയിൽ : dhskerala@gmail.com
വെബ്സൈറ്റ് : www.dhs.kerala.gov.in
തിരുവനന്തപുരം - 695 035
തിയതി : 06/06/2022

സന്ദേശം

കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസോസിയേഷന്റെ 64-ാം സംസ്ഥാന സമ്മേളനവും അതോടൊപ്പം പുതിയ സംസ്ഥാന കമ്മിറ്റി ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനവും 2022 ജൂൺ 18, 19 തിയതികളിൽ തിരുവനന്തപുരത്ത് വച്ച് നടക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഫാർമസിസ്റ്റുമാരുടെ പ്രൊഫഷണൽ സംഘടന എന്ന നിലയിൽ കേരള ഗവൺമെന്റ്ഫാർമസിസ്റ്റ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന് ഏറെ ഗുണകരമായിട്ടുണ്ട് എന്നത് വസ്തുതയാണ്. പ്രതിസന്ധി ഘട്ടങ്ങൾ തരണം ചെയ്യുവാൻ വകുപ്പിനൊപ്പം നിന്ന് പ്രവർത്തിച്ച സംഘടനയുടെ സേവനങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. സംസ്ഥാന സമ്മേളനത്തിനും സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു.

ഡോ. പ്രീത പി. പി.
ആരോഗ്യവകുപ്പ് ഡയറക്ടർ i/c

E-mail:dmekerala@gmail.com
Fax : 0471-2443080

Phone: Office:2528508
Director (Personal):2444011

GOVERNMENT OF KERALA
DIRECTORATE OF MEDICAL EDUCATION

MEDICAL COLLEGE P.O
Thiruvananthapuram- 695 011

MESSAGE

I have great pleasure in knowing that Kerala Govt. Pharmacist Association (KGPA) is planning to release a Special Souvenir. I appreciate your initiative and wish you all success in this endeavor.

Thanking you,

May 30, 2022

DR. REMLA BEEVI. A
DIRECTOR

കെ.ജി.പി.എ. സംസ്ഥാന ഭാരവാഹികൾ

എസ്. വിജയകുമാർ
പ്രസിഡന്റ്

മനോജ് കുമാർ എം.എസ്.
ജനറൽ സെക്രട്ടറി

കെ.ടി. സദാനന്ദൻ
ട്രഷറർ

അനിത ഡി. എൻ
വൈസ് പ്രസിഡന്റ്

രാജേഷ് കുമാർ എസ്.
വൈസ് പ്രസിഡന്റ്

അബ്ദുൾ സലാം
വൈസ് പ്രസിഡന്റ്

മനോജ് എം. കെ.
സെക്രട്ടറി

അഭിലാഷ് ജയറാം
സെക്രട്ടറി

സരസ്വതി കെ.
സെക്രട്ടറി

മനോജ് ടി. ജി.
ഫാർമസി ബുള്ളറ്റിൻ എഡിറ്റർ

രൂപേഷ് കെ.
ഓഫീസ് സെക്രട്ടറി

ജയലക്ഷ്മി
ESI സബ് കമ്മറ്റി
ചെയർപേഴ്സൺ

എം. രമേശൻ
ESI സബ് കമ്മറ്റി
കൺവീനർ

എൻ. ശുഭ
DME സബ് കമ്മറ്റി
ചെയർപേഴ്സൺ

മുഹമ്മദ് അഷ്റഫ്
DME സബ് കമ്മറ്റി
കൺവീനർ

അർച്ചന
വനിതാ വിഭാഗം കമ്മറ്റി
ചെയർപേഴ്സൺ

ശ്രീവിദ്യ കെ.ജി.
വനിതാ വിഭാഗം കമ്മറ്റി
കൺവീനർ

കെ.ജി.പി.എ. ജില്ലാ ഭാരവാഹികൾ

തിരുവനന്തപുരം

പ്രസിഡന്റ്

സുഭാഷ് കുമാർ പി.

സെക്രട്ടറി

അരുൺ വേദവ്യാസ്

കൊല്ലം

പ്രസിഡന്റ്

എസ്. സുധിന കുമാരി

സെക്രട്ടറി

കെ. എസ്. രാജീവ്

പത്തനംതിട്ട

പ്രസിഡന്റ്

കല വൈ. പവിത്രൻ

സെക്രട്ടറി

ഡോൾസി വർഗ്ഗീസ്

ആലപ്പുഴ

പ്രസിഡന്റ്

പ്രകാശ് ജി.

സെക്രട്ടറി

ശ്രീകുമാർ കെ. ജി.

കോട്ടയം

പ്രസിഡന്റ്

സതീഷ് കുമാർ കെ. കെ.

സെക്രട്ടറി

അഭിലാഷ് ജയറാം

ഇടുക്കി

പ്രസിഡന്റ്

ശബരീശൻ കെ. എസ്.

പ്രസിഡന്റ്

ശാന്തി രാജേഷ്

എറണാകുളം

പ്രസിഡന്റ്

കെ.പി. സജീർ

സെക്രട്ടറി

ബിജൽ കുമാർ ബി.

തൃശൂർ

പ്രസിഡന്റ്

മനോജ് ടി. ജി.

സെക്രട്ടറി

ശ്രീവിദ്യ കെ. ജി.

പാലക്കാട്

പ്രസിഡന്റ്

ഷെറീന വി. എം.

സെക്രട്ടറി

രാജേഷ് കെ. വി.

മലപ്പുറം

പ്രസിഡന്റ്

മനോജ് കെ.

സെക്രട്ടറി

കിഷോർ പി.

കോഴിക്കോട്

പ്രസിഡന്റ്

ജയരാജൻ ടി. കെ.

സെക്രട്ടറി

ശ്രീലേഷ് പി.

വയനാട്

പ്രസിഡന്റ്

ബിനോ പോൾ

സെക്രട്ടറി

സോബിൻ പി.എസ്.

കണ്ണൂർ

പ്രസിഡന്റ്

രമേശൻ എം.

സെക്രട്ടറി

എം. കെ. ജയദേവൻ

കാസർഗോഡ്

പ്രസിഡന്റ്

ശ്രീന ഗോപാൽ

സെക്രട്ടറി

അഹമ്മദ് ബഷീർ ടി. എ.

Reg. No. 29377/78

PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 15 Vol. 03 June 2022

സംസ്ഥാന കമ്മിറ്റി ഓഫീസ് ഉദ്ഘാടന പതിപ്പ്

Managing Editor :
S. VIJAYAKUMAR

Printer & Publisher :
M. S. MANOJ KUMAR

Editor:
MANOJ T. G.
E-mail: manojpmst@gmail.com
Ph: 9747594837

Editorial Board:
K. SARASWATHY
ABHILASH JAYARAM
D. N. ANITHA
ABDUL SALAM M.
M. K. MANOJ
K. P. SAJEER
S. RAJESH KUMAR
K. T. SADANANDAN

Layout & Printing
Alwaye Press, Aluva
0484-2623318

ഉള്ളടക്കം

- എഡിറ്റോറിയൽ 02
- ആസ്ഥാനമന്ദിരം... അഭിമാനത്തോടെ - എസ്. വിജയകുമാർ (പ്രസിഡന്റ്) 03
- സംഘടനയുടെ ഇന്നലെകളും... നാളെകളും... - മനോജ്കുമാർ എം.എസ്. (ജനറൽ സെക്രട്ടറി) 05
- പകർച്ചേതര രോഗങ്ങൾ - സരസ്വതി കെ. 08
- The Pharmacist - Anitha D. N. 13
- ചരിത്രനേട്ടങ്ങളിലൂടെ മുന്നോട്ട് - എം. കെ. പ്രേമാനന്ദൻ 15
- അടിസ്ഥാന ആരോഗ്യസുരക്ഷയുടെ കാവൽക്കാരൻ - മനോജ് ടി. ജി. 22
- 75 വർഷം പിന്നിടുന്ന ഫാർമസി ആക്ടും ഇന്ത്യയിലെ ഫാർമസി പ്രാക്ടീസും - കെ. സി. അജിത് കുമാർ 24
- കെ ജി പി എ യുടെ സമകാലിക നിയമപോരാട്ടങ്ങൾ - മനോജ് കുമാർ എം. കെ. 29
- ടി. എൽ മേരിസ് പടിയിറങ്ങുമ്പോൾ... - അഭിലാഷ് ജയറാം 34
- ഇന്ത്യയിൽ മരുന്ന് വില കൂടുമ്പോൾ - കെ. പി. സജീർ 35
- ഫാർമസി പ്രാക്ടീസ് യാഥാർത്ഥ്യങ്ങളും പ്രതീക്ഷകളും - ടി. ജി. ഷൈൻ 37
- ഇ.എസ്.ഐ. വിഭാഗം - എം. രമേശൻ 40
- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് - എൻ. ശുഭ 41
- വനിത കൂട്ടായ്മ - ടി.എൽ. മേരിസ് 42
- നവമാധ്യമങ്ങളും ഫാർമസിസ്റ്റും - രൂപേഷ് കെ. 43
- കാറ്റഗറി സംഘടനകളും സിവിൽ സർവ്വീസും - രാജേഷ് കുമാർ എസ്. 46
- ഒരു ഫ്ളാഷ്ബാക്ക് - വിനോദ് കുമാർ പി. 48
- അഗ്നിച്ചിറകുകളുമായി പറന്നവർ - പവിത്രൻ കെ. 50
- എന്താണ് സോഷ്യൽ ഫാർമസി? - അഗസ്റ്റിൻ പി.പി. 53
- ഓർമ്മകളിൽ ഹസൻ ഷെരീഫ് 55
- ജില്ലാ സമ്മേളന വാർത്തകൾ 60
- വീട് മുത്തശ്ശിയുടെ ആത്മരോദനം (കവിത) - ചന്ദന കെ. വി. 63
- ത്വര (കവിത) - കിഷോർ പി. 64

എഡിറ്റോറിയൽ

മനോജ് ടി. ജി.

അറുപത്തിനാലാമത് സമ്മേളനത്തോടനുബന്ധിച്ചുള്ള സംസ്ഥാന കമ്മിറ്റി ഓഫീസ് ഉദ്ഘാടന പതിപ്പാണിത്. സംഘടനയെ കാലങ്ങളോളം നയിച്ചവർക്ക് ആദരം അർപ്പിക്കുന്നു. വ്യവസ്ഥിതിയിലെ മുന്നേറ്റങ്ങളെയും ഇറക്കങ്ങളെയും പല രീതിയിൽ രേഖപ്പെടുത്താം. 1956 മുതൽ ഈ മേഖലയിലെ മാറ്റങ്ങൾക്ക് ദിശാബോധം നൽകിയത് KGPA എന്ന സംഘടനയായിരുന്നു.

സമ്മേളന പതിപ്പിൽ നാൾവഴികളെ അടയാളപ്പെടുത്താനാണ് ശ്രമിക്കുന്നത്. സമീപിച്ചവർ എല്ലാവരുംതന്നെ സമ്മേളനത്തിന് ആശംസ വാചകങ്ങൾ എഴുതി തന്നിട്ടുണ്ട്. മരുന്നിന്റെ വഴിയിലെ നെടുംതൂണുകളെ അതിന്റെ വഴികളിൽ പ്രോത്സാഹിപ്പിക്കുന്നവർക്ക് നന്ദി.

മരുന്നുകളുടെ വിലക്കയറ്റം മുതൽ ഫാർമസി മേഖലയിലെ വിവിധ വിഷയങ്ങൾ ലേഖനങ്ങളായി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംഘടന പ്രവർത്തനത്തിന്റെ നാൾവഴികളിൽ മറഞ്ഞുപോയവരെ അടയാളപ്പെടുത്തിയിട്ടുമുണ്ട്. വനിത വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ വിലമതിക്കുന്നു. അനുഭവക്കുറിപ്പും നവമാധ്യമ ചിന്തയെ സ്പർശിച്ചതും ഉണ്ട്. ഒട്ടുമിക്ക സംസ്ഥാനനേതാക്കളുടെയും വിവിധ വിഷയങ്ങളിലെ കുറിപ്പുകളും ഇതിൽ ഉണ്ട്.

64-ാമത് സമ്മേളനവേദിയിൽ വച്ച് ഉദ്ഘാടനം ചെയ്യപ്പെടുന്ന ആസ്ഥാന കെട്ടിടത്തിന്റെ സ്വപ്നങ്ങളെ ഇഴചേർത്തിട്ടുണ്ട്. വർത്തമാന വെല്ലുവിളികളെ ജന. സെക്രട്ടറി അഭിസംബോധന ചെയ്യുന്നു. 'ആർദ്രം' എന്ന മനോഹര സങ്കൽപത്തെ മനസ്സിലാക്കി, അതിലെ പോരായ്മകൾ സ്വന്തം കണ്ണിലൂടെ പുറത്തെത്തിക്കാനും ശ്രമിച്ചു.

സംഘടനാചരിത്രവും ചേർക്കണം എന്നുണ്ടായിരുന്നു. നേരിൽകണ്ട... പങ്കെടുത്ത... പലരും ഇന്നുമുണ്ട്. ഒപ്പം നടന്നവരുടെ വാക്കുകൾ പക്ഷെ വിവരിച്ച് എഴുതാൻ സാഹചര്യം ഒത്തുവന്നില്ല. പലരും പല ഘട്ടങ്ങളിലായി അത് രേഖപ്പെടുത്തിയത് പഴയ താളുകളിൽ ഉണ്ട്. പുതിയ കാലത്തെ കൂട്ടിച്ചേർക്കുകയേ വേണ്ടതുള്ളൂ.

കാറ്റഗറി സംഘടനകളിൽ ആദ്യമായി ജില്ലാതല കോൺഫറൻസ് അനുവദിച്ചത് ഫാർമസിസ്റ്റുകൾക്ക് ആയിരുന്നു. ഇനി മുതൽ വേണ്ട എന്ന ഉത്തരവും ആദ്യം നമ്മൾക്ക് കൈപ്പറ്റേണ്ടിവന്നു. എല്ലാറ്റിനും പ്രതിവിധി നിറച്ച് DDMS നിലനിൽക്കുന്നു എന്നാണ് വാദം. മനസ്സും മനഃസാക്ഷിയും കൈമുതലാക്കിയ ഫാർമസിസ്റ്റുകൾ സ്വന്തം പ്രയത്നം കൊണ്ട് സംഭരിച്ച് വിതരണം ചെയ്ത മരുന്ന് കണക്ക് പക്ഷെ സോഫ്റ്റ്‌വെയറിൽ സ്വന്തം പേരിൽ കാണില്ല. അത് രേഖപ്പെടുത്താതെ പോയി... കോൺഫറൻസുകളിലൂടെ വളർന്ന സംഘടനയൊന്നുമല്ല ഇത്. പകരം അത് മരുന്ന് കൈമാറ്റങ്ങളുടെ ഉത്സവമേളങ്ങൾ ആയിരുന്നു എന്ന് തിരിച്ചറിയാൻ അപേക്ഷ.

അന്തഃപുരിയുടെ മണ്ണിൽ ആസ്ഥാന കെട്ടിടം ഉയർന്ന് നിൽക്കട്ടെ... എല്ലാ കണ്ണുകളും തലസ്ഥാനത്തേക്ക് നോക്കട്ടെ... അഭിപ്രായങ്ങൾക്ക് വിലയുള്ള ഒരു കാലത്തെ നമുക്ക് ഉറ്റുനോക്കാം... ഒതുങ്ങാതെ തന്നെ...

♦♦♦

ആസ്ഥാന മന്ദിരം... അഭിമാനത്തോടെ

എസ്. വിജയകുമാർ
പ്രസിഡന്റ്

തിരുവനന്തപുരത്ത് വരുന്നവരൊക്കെ ഓരോ റോഡിലും ഓരം ചേർന്ന് വിവിധ കാറ്റഗറി സംഘടനകളുടെയും പൊതു സംഘടനകളുടെയും ഒക്കെ സംസ്ഥാന ഓഫീസ് മന്ദിരങ്ങൾ കാണാറുണ്ട് എന്ന് പലരും പറഞ്ഞ് കേട്ടിട്ടുണ്ട്. ഔദ്യോഗിക ആവശ്യങ്ങൾക്ക് വരുമ്പോൾ സംസ്ഥാന കാര്യാലയത്തിൽ തങ്ങുന്നതിനെ പറ്റിയൊക്കെ. ഉറച്ച സംഘടനയുടെ ഉറപ്പുള്ള സ്വന്തം കെട്ടിടത്തിന്റെ സ്വപ്നസാക്ഷാത്കാരങ്ങൾ എന്തുകൊണ്ടോ... ഏറെ വൈകിയാണ് നമ്മളിലൂടെ നിറവേറ്റപ്പെടുന്നത്.

ഒരുപാട് നേതാക്കൾ സംഘടനയ്ക്ക് ഉണ്ടായിട്ടുണ്ട്. ഓരോരുത്തരുടെയും സ്വപ്നമായിരുന്നു ഒരു സംസ്ഥാന കാര്യാലയം. നമ്മുടെ ആത്മവിശ്വാസ കുറവുകൊണ്ടോ... സന്ദേഹങ്ങൾ കൊണ്ടോ... ആഗ്രഹം പൂവണിയാതെ പോയി.

ഒരു സംഘടന പ്രവർത്തകന് ആധികാരികമായി കയറിച്ചെല്ലാൻ പറ്റുന്ന ഒരു കെട്ടിടം തലസ്ഥാനത്ത് ഉണ്ടാവുക എന്നത് ഇനി സ്വപ്നമല്ല. യാഥാർത്ഥ്യം തന്നെയാണ്.

പാരമ്പര്യത്തിന്റെ പ്രൗഢികളിൽ സ്വയം അഭിരമിക്കുമ്പോഴും നേടാതെപോയി നമ്മെ നൊമ്പരപ്പെടുത്തിയ ഒരു വികാരം ഇവിടെ ചരിത്രത്തിന് വഴിമാറുകയാണ്.

64-ാമത് സംസ്ഥാന സമ്മേളനം കൊടി ഉയരുന്നത് സ്വന്തം സിംഹാസനത്തിന് മേലെയാണ്. പ്രയത്നങ്ങളുടെ നിറവുകൾ കണികണ്ടുകൊണ്ടാണ്. ഓരോ പ്രവർത്തകനും ഉള്ളുതുറന്ന് ആനന്ദിക്കാനും അഭിമാനം കൊള്ളാനും സ്വന്തം ഭവനം ഇവിടെ തുറക്കുകയാണ്.

വലിയ പ്രയത്നങ്ങൾ നടത്തി നമ്മൾ വിജയിപ്പിച്ചെടുത്ത വലിയ മോഹം... അതിന് നടക്കാൻ ആശയങ്ങൾ ഉണ്ടാക്കിയവർ ഇന്ന് സംഘടനാ തലപ്പത്ത് ഇല്ല. ഇതിന്റെ ഉദ്ഘാടനത്തിന് നമ്മൾ അവരെ ക്ഷണിച്ചിട്ടുണ്ട്. അവരുടെ പിന്തുണയും ഇഴചേരാത്ത നമ്മുടെ സംഘടനാമികവും ഇവിടെ ഒന്നാവുന്നു.

വലിയ ഒരു സ്വപ്നം നമ്മൾ ഫാർമസിസ്റ്റുകൾക്കിടയിലേക്ക് എറിഞ്ഞുകൊടുക്കുകയായിരുന്നു. അത് പിടിച്ചെടുത്ത് ആയിരം വസന്ത

മായി ഓരോരുത്തരും തിരിച്ചുതന്നു. വലിയ പ്രയാസങ്ങൾ ഇല്ലാതെ തിരിച്ചറിഞ്ഞ ഹൃദയങ്ങൾ നമ്മോട് ഒപ്പം നടന്നു.

ആരോടും നന്ദി പറയുന്നില്ല. അതിൽ ഞാനും നിങ്ങളുമുണ്ട്. വർഷങ്ങളോളം ഇനിയും സർവ്വീസുള്ളവർ മുതൽ ഈ വർഷം റിട്ടയർ ആവുന്നവർ വരെയുണ്ട്, പിരിഞ്ഞവരുമുണ്ട്. വർഗ്ഗപരമായ ഒരു കെട്ടുറപ്പ് സംഘടന ഇന്നോളം കാത്തുസൂക്ഷിച്ചിട്ടുണ്ട്. വ്യാകുലതകളുടെ നെഞ്ചിടിപ്പുകൾ ഫാർമസികൾക്ക് അകത്ത് പടരുന്ന പുതിയ കാലത്ത് തിരിച്ചറിയാതെപോവുന്ന ഒന്നല്ല ഒത്തുചേരൽ. പ്രവർത്തന മികവിന്റെ ഒത്തുചേരലുകൾ നമുക്കിടയിൽ വിലക്കപ്പെടുന്ന ഒരു പുതിയ കാലം പതിയെ കടന്നുവരുന്നു. ഓർത്തുവയ്ക്കേണ്ട മുന്നറിയിപ്പുകൾ പുറത്ത് മുഴക്കാൻ ചിലർ തയ്യാറെടുക്കുന്നു.

വെല്ലുവിളികൾ ഏറെയുണ്ട്. ഏതിനെയും കരുതി പോരാടേണ്ട ഒരു കാലം നമ്മെ തുറിച്ച് നോക്കുന്നു. കർമ്മങ്ങളെ ചോദനകൾ ആക്കി പടവെട്ടേണ്ട വലിയ മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ട ഒന്നായി ആസ്ഥാന മന്ദിരം മാറണം. തെളിഞ്ഞ ചിന്തകളും കരളുറപ്പിന്റെ കർത്തവ്യങ്ങളും ഇവിടെനിന്ന് പടനയിക്കണം. ഉറക്കറകളേക്കാൾ ഇത് ഉറങ്ങിയവരെ ഉണർത്തുന്ന അലർച്ചയുടെ വാക്ശരങ്ങളുടെ കേന്ദ്രമായി മാറണം. കൂട്ടുചേരലുകൾക്ക് പുറം മൈതാനം അല്ല വേണ്ടത്. പൊതുബോധങ്ങൾക്ക് അതാവാം... അടച്ചിട്ട കെട്ടിടത്തിനകത്തെ ആർക്കും വേണ്ടാത്ത ഉൽപന്നമായി നമ്മൾ മാറാതെ നോക്കണം.

ചുവടുകൾ വച്ച് വരുന്ന പുത്തൻ ആശയങ്ങളുടെ പ്രകമ്പനങ്ങൾ ഇവിടെനിന്ന് പുറപ്പെടണം. ഫാർമസി മേഖലയുടെ നവോത്ഥാനങ്ങൾക്ക് ഇവിടം ചിറകടി കേൾപ്പിക്കണം. ആശയപൂരണം നടത്തിയ മറുപടികൾക്ക് ഇവിടെ പിറവികൊള്ളണം. ഒരുവേള ഇതിനകത്തെ ചലനങ്ങൾക്ക് ഒരു ആവേഗത്തിന്റെ പുറപ്പാട് പാട്ട് പാടാൻ കഴിയണം.

സംഭവിക്കും... എല്ലാം സംഭവിക്കും... വീഴ്ത്താൻ ശ്രമിക്കുന്ന സ്വന്തം മനസ്സുകൾക്ക് ഇവിടെ നമ്മൾ അടിയറവ് പറയരുത്... കക്ഷി രാഷ്ട്രീയത്തിന്റെ വിലങ്ങുകൾക്ക് അപ്പുറത്ത് വർഗ്ഗബോധത്തിന്റെ തീരത്തേക്ക് ചേക്കേറിയവർ ഇവിടെ ആരംഭിക്കുകയാണ്...

സംസ്ഥാന കാര്യാലയം ഫാർമസി പ്രൊഫഷന്റെ അന്തഃസത്ത ഉയർത്തിക്കാട്ടും വിധം ഒരു റഫറൻസ് ലൈബ്രറി ആയിക്കൂടി ഉപയോഗിക്കാൻ പറ്റുന്നരീതിയിൽ രൂപകല്പന ചെയ്തിട്ടുണ്ട്. അതിനായി തിരുവനന്തപുരം കോട്ടുകാൽ ആശുപത്രിയിലെ ശ്രീ. അരുൺകുമാർ എന്ന ഫാർമസിസ്റ്റ് റഫറൻസ് ഗ്രന്ഥങ്ങൾ അടക്കം മറ്റു സൗകര്യങ്ങളും ഫർണിച്ചറുകളും തന്ന് സഹായിച്ചു. MNVG അടിയോടി സാറിന്റെ നാമധേയത്തിൽ ആരംഭിക്കുന്ന ലൈബ്രറിയിൽ ഫാർമസി ബുള്ളറ്റിനുകൾ അടക്കം നിരവധി പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉറപ്പാക്കും.

MNVG അടിയോടി സാറിന്റെ സഹധർമ്മിണി സാറിന്റെ പുസ്തകശേഖരത്തിലെ ചിലത് നൽകിക്കൊണ്ട് സമ്മേളന വേദിയിൽ ലൈബ്രറിക്ക് ആശംസകൾ നേരും... കേരളത്തിലെ ഫാർമസിസ്റ്റുകൾക്ക് മുന്നിൽ മരിക്കാത്ത ഒരു രൂപമായും ആദർശമായും അടിയോടി സാർ നിറഞ്ഞുനിൽക്കുന്ന അന്തരീക്ഷത്തിൽ അദ്ദേഹത്തിന്റെ പേരിലെ ഒരു അറിവ് ശേഖരം എക്കാലവും സംഘടന കാര്യാലയത്തിൽ നിറഞ്ഞ് നിൽക്കട്ടെ.

ആസ്ഥാന കാര്യാലയത്തിനായി പല കെട്ടിടങ്ങളും നമ്മൾ കണ്ടുവച്ചിരുന്നു. ആരോഗ്യവകുപ്പിന്റെ സിരാകേന്ദ്രത്തിനടുത്ത് മണ്ണ് സ്വന്താകുമ്പോൾ കേരളത്തിലെ ഫാർമസിസ്റ്റുകൾ ആശ്വസിക്കുകയാണ്. ഒരു സ്വപ്നം ഇവിടെ പൂവണിയുന്നു....

♦♦♦

സംഘടനയുടെ ഇന്നലെകളും.... നാളെകളും....

എം. എസ്. മനോജ് കുമാർ
ജനറൽ സെക്രട്ടറി

പുതിയ തലമുറയ്ക്ക് ഒരുപക്ഷെ, വിശ്വസിക്കാൻ പോലും കഴിയാത്തത്ര കഷ്ടതകളിലൂടെ കടന്നുവന്ന ഒരു സാഹചര്യം നമുക്കുണ്ടായിരുന്നു.

ഫാർമസിസ്റ്റ് എന്നത് കമ്പൗണ്ടർ എന്ന നാമത്തിൽ വിളിച്ചിരുന്ന കാലം കഴിഞ്ഞുപോയത് വളരെ അകലെയല്ലാതെയാണ്. മരുന്നുകളുടെ നിർമ്മാണത്തിലെ വിദഗ്ദ്ധകരങ്ങളാൽ നാം പലതും അറിയപ്പെട്ടിരുന്നു. സാങ്കേതികതയുടെ അറിവുകൾക്ക് അപ്പുറം ആരോ വിളിച്ച വിളിപ്പേരിൽ നാം ദശകങ്ങളോളം കോർത്ത് കിടക്കപ്പെട്ടു.

നാമാവശേഷമായ ഒരു കാലത്തിന്റെ ഓർമ്മകളിൽ നാം ഇന്നുകൾ തുടങ്ങണം. നമ്മൾ ഫാർമസിസ്റ്റുകൾ ആരായിരുന്നു? ഒരു കാലഘട്ടത്തിൽ പിന്നോക്കം നിന്നുപോയ സമൂഹത്തിന്റെ... സാമൂഹിക... ആരോഗ്യ... ആവശ്യങ്ങൾ നിറവേറപ്പെട്ടത് നമ്മളിലൂടെയായിരുന്നു. പഴഞ്ചനായിരുന്ന ഒരു ഫാർമസി സംവിധാനത്തിൽ പവിത്രതയോടെ പെരുമാറിയ ഒരു ഭൂതകാലത്തിന്റെ ശേഷിപ്പുകളാണ് നമ്മൾ.

നമ്മുടെ ആരോഗ്യ ആവശ്യങ്ങൾ അക്കാലത്ത് പരിമിതമായിരുന്നു. വയറിളക്കവും, പട്ടിണിയും പടവെട്ടിയ ഒരു കാലത്ത് ആരോഗ്യത്തിന്റെ പടച്ചട്ടയണിഞ്ഞ ഒരു സംവിധാനത്തിന്റെ അമരത്ത് നാം ഉണ്ടായിരുന്നു.

കൂട്ടിച്ചേർക്കലുകളിൽ പൊതു ആരോഗ്യ രംഗം സ്ഥാപനങ്ങളിൽ നിലവിൽ വന്നപ്പോൾ അതിന്റെ കണക്കുകളും നമ്മിൽ വന്നു ചേർന്നു. ബഹുമുഖ പ്രതിഭയായി തിളങ്ങിയ ഒരു ഭൂതകാലത്ത് ഓഫീസിന്റെ പണിയും നമ്മളിലായിരുന്നു.

കേവലം വിരലിൽ എണ്ണാവുന്ന മരുന്നുകളുമായി ഒരു കാലത്തിനപ്പുറം ജനസംഖ്യയുടെ സിംഹഭാഗവും കയറിയിറങ്ങുന്ന ഒരു കെട്ടിടത്തിന്റെ കാവൽക്കാരനും കഥയറിയുന്ന ഒരു കലാകാരനുമായി നാം ഇപ്പോഴും വ്യവസ്ഥിതികളോട് പടവെട്ടുന്നു.

പൊതു ആരോഗ്യരംഗത്തിന്റെ പുത്തൻ ചുമരുകളിൽ നാം ഇപ്പോൾ വരയ്ക്കുന്നത് ആധുനികതയുടെ ശിലാലിഖിതങ്ങളാണ്. പരിമിതമായ സാഹചര്യങ്ങൾക്ക് അപ്പുറം... അറിവുകൾക്ക് മേലെ പുത്തൻ ഊർജ്ജത്തിന്റെ പുരാവൃത്തം ചുമക്കുന്ന ഒരു വർഗ്ഗം പക്ഷെ പുരോഗതിയുടെ പാതയിൽ തന്നെയാണോ...

ആരൊക്കെയോ... എവിടെയൊക്കെയോ പിടിച്ചുവലിക്കുന്ന നൊമ്പരവും മുറിവുകളുമായി നാം മുടന്തി നീങ്ങുകയാണ്. ഇത്ര ദൂരമേ പോകാവൂ. ഇന്നതൊക്കെയേ പറയാവൂ എന്ന കൽപിതങ്ങൾക്ക് അപ്പുറം സ്വന്തം സ്വത്വം തിരയുന്ന ഒരു കാലം നമുക്ക് ഉണ്ട്... വേണം.

വിയർത്ത് വീഴുന്ന സന്ധ്യകളുടെ ഉന്മാദങ്ങൾ നമ്മിൽ വിരക്തിയുടെ ഗീതങ്ങൾ പാടുന്നു. താഴെയിടാൻ ശ്രമിക്കുന്ന കരങ്ങളുടെ കരുത്തിൽ നാം നിലനിൽപ്പിന്റെ പടവാൾ വെട്ടുന്നു... ദുർബലപ്പെടുത്താൻ ശ്രമിക്കുന്തോറും ചെറുത്തുനിൽപ്പിന്റെ ശബ്ദങ്ങൾ കൂടുതൽ ഉയർന്നുവരും. പ്രത്യേകിച്ച് പരാധീനതകളിൽ നമ്മെ തളച്ചിടാൻ ശ്രമിക്കുമ്പോൾ.

ഒരു കാലത്ത് സ്ഥാപനങ്ങളിൽ ഏതിലും മുന്നിൽ നിന്ന ഫാർമസി വിഭാഗത്തെ പടിക്ക് പുറത്ത് നിർത്താൻ നമ്മളിൽതന്നെ ചിലർ മുൻകൈ എടുത്ത് മുന്നോട്ട് വരുന്നു. സംഘടന വിരോധം എന്നാൽ പ്രസ്ഥാനമേ നിലനിൽക്കരുത് എന്ന നിലവാരത്തിൽ വരുമ്പോൾ എനിക്കുശേഷം പ്രളയം എന്ന ചിന്താഗതിയെയാണ് കാണുന്നത്. നമ്മുടെ കൂടിച്ചേരലുകൾ ആരൊക്കെയോ നൊമ്പരപ്പെടുത്തുന്നു... എങ്കിൽ അതിന്റെ ഭാഗമായി വരുന്ന ആരോഗ്യനേട്ടങ്ങളെ വേണ്ടെന്നുവയ്ക്കാൻ ആർക്കാണ് ധൃതി? DDMS എന്ന സംവിധാനം ഇനിയും കുറ്റമറ്റതല്ലാതെ നിലനിൽക്കുന്ന കാലത്ത് അതിലൂടെ മാത്രം മരുന്നുകൾ കൈമാറ്റം നടക്കില്ല... ചോദിച്ചും അറിഞ്ഞും... മുൻകൈ എടുത്തും... മനഃസാക്ഷി അനുസരിച്ചും നമ്മൾ ചെയ്യുന്ന കാര്യങ്ങളെ തടയിട്ട് ആശുപത്രികളെ മരുന്നില്ലായ്മയിലേക്ക് തളച്ചിടരുത്.

മരുന്ന്കെട്ടുകൾ ചുമലിൽ ആക്കി വരുന്നവർ ഏതോ അജണ്ടയുടെ പുറത്ത് സംഘടിക്കുന്നു എന്ന് ആരാണ് നിശ്ചയിക്കുന്നത്. ഭാരം ചുമന്ന ചുമലുകൾ തേങ്ങികരയാൻ കൂടി ഉള്ളതാണ്. പരസ്പര വിശ്വാസവും സഹകരണവും കൂട്ടിച്ചേർത്ത് നമ്മൾ സമാഹരിച്ച മരുന്നുകൾക്ക് ജീവന്റെ വില ഉണ്ടായിരുന്നു. അതാർക്കാണ് മനസ്സിലാവാതെ പോയത്?

ഒതുക്കപ്പെടേണ്ട ഒന്നാണോ ഫാർമസി മേഖല. 1948 ലെ നിയമങ്ങൾ വായിച്ചുനോക്കുന്നവർക്ക് മനസ്സിലാവും... പുതിയ കാലത്തിന്റെ വിദൂഷകർക്ക് എത്രയോ മുന്നിലാണ് പഴയ പാരമ്പര്യത്തിന്റെ കനത്ത സത്ത എന്നത്.

ലോകം മുന്നോട്ട് പോവുമ്പോൾ ഏറ്റവും അധികം പ്രകീർത്തിക്കപ്പെടുന്ന ഒന്നാണ് ഫാർമസി മേഖല. ആധുനികമായ അറിവുകൾ സന്നിവേശിപ്പിച്ച് സാധാരണക്കാരുടെ ആരോഗ്യം സംരക്ഷിക്കാൻ ഒരുങ്ങിവന്നവർ പുതിയ നടപടിക്രമങ്ങൾ പ്രകാരം പടിക്ക് പുറത്താവുമ്പോൾ ആരോഗ്യസംരക്ഷണത്തിന്റെ പുറപ്പുറത്ത്... ചോർച്ചയുടെ വിടവുകൾ തിളങ്ങുന്നു.

ആവശ്യങ്ങൾക്കായി കയറിയിറങ്ങി മടുത്തവർ അവസാനം നീതിക്കായി കോടതിയിലേക്ക് വണ്ടികയറുകയാണ്. ഏതിനും കോടതി എന്നത് എത്ര കാലത്തേക്ക് പറ്റും. കണ്ണടയ്ക്കുന്നവർക്ക് മുന്നിൽ കാലം പെയ്തൊഴിയാതെ കലമ്പലുകൾ തുടങ്ങും.

വ്യക്തിഗത മനഃസാക്ഷികളിൽ നാം ശേഖരിച്ച മരുന്നുകൾ നമ്മിലേക്ക് പകരുന്നത് നന്മയുടെ വെളിച്ചമാണ്. സോഫ്റ്റ്‌വെയറിലെ തിരച്ചിലുകൾക്ക് അപ്പുറം സ്വന്തം പ്രയത്നങ്ങൾക്ക് വിലയില്ലാതെ പോവുന്നത് നീതീകരിക്കപ്പെടാനാവില്ല.

കാറ്റഗറി സംഘടനയുടെ കരുത്തുമായി നാം പൊതുവഴിയിൽ നടക്കുന്നു. പലർക്കും അതാകാം നമുക്ക് പാടില്ല എന്ന നിഷേധത്തിൽ നമ്മയെ കാണാൻ കഴിയില്ല.

ഡോക്ടർ... നഴ്സ്... എന്ന സാമൂഹിക പരികൽപനകൾക്ക് അപ്പുറം ചിലർ കൂടി ഇവിടെയുണ്ട് എന്നും അവർക്ക് പ്രാഥമിക സ്വാതന്ത്ര്യം വേണം എന്നും... സമത്വം ഉറപ്പുവരുത്തണം എന്നും തീരുമാനിക്കപ്പെടണം.

വർഗ്ഗപാരമ്പര്യത്തിന്റെ ശിരസ്സുകൾ കുനിക്കാത്ത തലകൾ നാളെയും ഇവിടെ കാണും. തിരക്കിലൂടെ പായുന്ന അവസ്ഥകളിലെ പോരാളികൾക്ക് നനവ് പകരുന്ന ഒരു സംഘടനയായി KGPA നാളെയും ഇവിടെ നിലനിൽക്കും.

64-ാമത് സംസ്ഥാന സമ്മേളനത്തിന് സംഘടന ഒരുങ്ങുന്നു. പൊതു ആരോഗ്യമേഖലയിലെ മൂന്നു വിഭാഗങ്ങളിലെയും ഒരേ തസ്തികയിൽ ഉള്ളവരുടെ പൊതു ആവശ്യങ്ങൾക്ക് പൊതുവായ ചിന്താഗതിയുണ്ട്. പരിഗണനകൾക്ക് പുറത്താവുന്നവർക്ക് എന്നും ഒരേ വികാരമാണ്. അതോടൊപ്പം തിരിച്ചുവരാനും നിലനിൽക്കാനും അവർ ശ്രമിച്ചുകൊണ്ടിരിക്കും. ചുമതലാബോധത്തിന്റെ മഴക്കാലം മുതൽ മരുന്ന് ശേഖരണം ശോഷിക്കുന്ന ഒരു വല്ലാത്ത കാലത്തെയും നമ്മൾ അടയാളപ്പെടുത്തുന്നു. എങ്കിലും നിരാശ വേണ്ടതില്ല. പ്രതിയോഗികൾ നമുക്കിടയിൽ നിന്ന് തന്നെയാണ്. തിരിച്ചറിയാൻ വൈകുന്നവർക്ക് മുന്നിൽ തിളക്കത്തോടെ നമുക്ക് ഒരുമിച്ച് നിൽക്കാം... സംസ്ഥാന സമ്മേളനം വിജയിക്കട്ടെ.

KGMOA സംസ്ഥാന പ്രസിഡന്റ് ഡോ. വിജയകൃഷ്ണന്
സംസ്ഥാന നേതാക്കൾ നിവേദനം നല്കുന്നു.

പകർച്ചേതര രോഗങ്ങൾ

(NON-COMMUNICABLE DISEASES)

സരസ്വതി കെ.
സംസ്ഥാന സെക്രട്ടറി

ഓടിമറയുന്ന കാലത്തിന്റെ പടിക്കെട്ടിലിരുന്ന് ഒന്ന് തിരിഞ്ഞുനോക്കിയാൽ നമുക്ക് മനസ്സിലാവും... ലോകചരിത്രത്തിൽ തന്നെ ഏറ്റവും അധികം രോഗങ്ങൾക്കും മരണങ്ങൾക്കും കാരണമായിരുന്നത് പകർച്ചവ്യാധികൾ ആയിരുന്നു. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വികാസവും, ആന്റിബയോട്ടിക്കുകളുടെ കണ്ടുപിടിത്ത ഫലമായും ഒരു പരിധിവരെ അത്തരം മരണകാരണങ്ങളായ രോഗങ്ങളെ നിയന്ത്രിക്കാനും ഇല്ലായ്മചെയ്യാനും ഇരുപതാം നൂറ്റാണ്ടോടുകൂടി നമുക്ക് സാധിച്ചു.

എന്നാൽ പകർച്ചവ്യാധികൾ കുറയുന്നതോടൊപ്പം തന്നെ ആധുനികതയുടെ പ്രതീകമായി പകർച്ചേതര രോഗങ്ങൾ (NON-COMMUNICABLE DISEASES) വളരെയധികം വർദ്ധിച്ചുവരുന്നത് ഇന്ത്യയടക്കമുള്ള വികസ്വര രാജ്യങ്ങളിൽ ആശങ്കയുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ കേരളം ആ ആശങ്കയ്ക്ക് ഏറ്റവും മുന്നിലാണ് എന്ന് ആപൽക്കരമാം വിധം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതശൈലിയിലെ വ്യതിയാനം മൂലം ഉണ്ടാകുന്ന രോഗാവസ്ഥകളായതിനാൽ ഇവയെ ജീവിതശൈലീ രോഗങ്ങൾ അഥവാ LIFE-STYLE DISEASES എന്നും വിളിക്കാറുണ്ട്.

ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് ലോകമെമ്പാടുമുള്ള മരണത്തിന്റെ പ്രധാന കാരണം ജീവിതശൈലീരോഗങ്ങളാണ്. ഓരോ വർഷവും സംഭവിക്കുന്ന മരണങ്ങളുടെ 71 ശതമാനവും ജീവിതശൈലീരോഗങ്ങൾ മൂലം സംഭവിക്കുന്നതാണ്.

ഏറ്റവും കൂടുതൽ മരണങ്ങൾ സംഭവിക്കുന്ന ആദ്യ നാല് ജീവിതശൈലീരോഗങ്ങൾ

1. ഹൃദയസംബന്ധമായ അസുഖങ്ങൾ – CVD (പ്രതിവർഷം 17.9 ദശലക്ഷം മരണങ്ങൾ)
2. കാൻസർ (പ്രതിവർഷം 9.0 ദശലക്ഷം മരണങ്ങൾ)
3. ശ്വാസകോശ രോഗങ്ങൾ (പ്രതിവർഷം 3.9 ദശലക്ഷം മരണങ്ങൾ)
4. പ്രമേഹം (പ്രതിവർഷം 1.6 ദശലക്ഷം മരണങ്ങൾ) എന്നിവയാണ്.

എന്താണ് ഈ ജീവിതശൈലീരോഗങ്ങൾ അഥവാ LIFE-STYLE DISEASES

അനാരോഗ്യകരമായ ഭക്ഷണ രീതി, വ്യായാമക്കുറവ്, പുകവലി, മദ്യത്തിന്റെ ഹാനി

കരമായ ഉപയോഗം എന്നിവ കൊണ്ടുണ്ടാകുന്ന ഇത്തരം രോഗങ്ങളിൽ പ്രധാനമായത്

1. ATHEROSCLEROSIS
2. SCHEMIC HEART DISEASES (CVD-CAD - (A GLOBAL EPIDEMIC)
3. STROKE
4. OBESITY AND TYPE 2 DIABETES MELLITUS
5. HYPERTENSION (HIGH BLOOD PRESSURE)
6. DISEASE ASSOCIATED WITH SMOKING, ALCOHOL AND DRUG ABUSE
7. CHRONIC RESPIRATORY DISEASE (CHRONIC OBSTRUCTIVE PULMONARY DISEASE - TRACHEA, BRONCHUS AND LUNG CANCER ETC.)
8. CANCER
9. CIRRHOSIS
10. DEPRESSION എന്നിവയാണ്.

ജീവിതചര്യയിലെ അശ്രദ്ധകൊണ്ട് ഉണ്ടാകുന്ന രോഗാവസ്ഥയായതുകൊണ്ടുതന്നെ ദൈനംദിന ജീവിതചര്യയിലെ ചില മാറ്റങ്ങൾ കൊണ്ട് (LIFE STYLE MODIFICATION) ഇവയെ തടയാനും പ്രതിരോധിക്കാനും നമുക്ക് സാധിക്കും എന്നത് ശ്രദ്ധേയമാണ്.

പാശ്ചാത്യരേക്കാൾ 5-10 വർഷം മുൻപേ തന്നെ ഇന്ത്യക്കാർ LIFE STYLE DISEASES (ജീവിതശൈലീരോഗങ്ങൾ) ന് അടിമപ്പെടുന്നു എന്ന പഠനത്തിന്റെ വെളിച്ചത്തിൽ അപകടം മനസ്സിലാക്കിയ ഭാരത സർക്കാർ 2008 ൽ ഇവ തടയാനുള്ള ഒരു പ്രത്യേക ദേശീയ പരിപാടി (National Programme for Prevention and Control of Cancer, Diabetes, Cardiovascular Diseases and Stroke) NPCDCS ആരംഭിച്ചു.

2005 ൽ ഇന്ത്യയിൽ 35 നും 50 നും ഇടയിൽ പ്രായമുണ്ടായിരുന്ന ആളുകൾക്കിടയിൽ ഉണ്ടായിരുന്ന മരണം 53 ശതമാനവും ജീവിതശൈലീരോഗങ്ങൾ മൂലമായിരുന്നു. 2020 ആയപ്പോഴേക്കും ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട മരണകാരണവും HEART DISEASE - CVD ആയി മാറിക്കഴിഞ്ഞിരുന്നു. അതിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് ലോകത്തിന്റെ തന്നെ ഏറ്റവും നല്ല കമ്പോളമായ നമ്മുടെ പുരോഗമന കേരളം ആണെന്നത് എടുത്ത് പറയേണ്ട കാര്യമാണ്.

കേരളത്തിലെ ആകെ രോഗികളിൽ 32 മുതൽ 35 ശതമാനം രോഗികളും ജീവിതശൈലീരോഗങ്ങൾക്ക് അടിമപ്പെട്ടവരാണ്. മുതിർന്ന മൂന്ന് പേരിൽ ഒരാൾ വീതം പ്രമേഹരോഗിയാണെന്നും 42 ശതമാനം പേരും രക്താതിസമ്മർദ്ദം ഉള്ളവരാണെന്നും 14 ശതമാനം പേർക്ക് ഹൃദ്രോഗത്താൽ മരണം സംഭവിക്കുന്നു എന്നും ആണ് കണക്കുകൾ വെളിപ്പെടുത്തുന്നത്.

പകർച്ചവ്യാധികൾ പോലെ ഒരു രോഗത്തിന് ഒരു ഹേതു എന്ന് വ്യക്തമായി പറയാവുന്ന ഒരു അവസ്ഥ ജീവിതശൈലീരോഗങ്ങളുടെ കാര്യത്തിൽ ഇല്ല എന്നത്, ഇവയുടെ നിയന്ത്രണത്തിൽ ഏറ്റവും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു വെല്ലുവിളിയാണ്. ജീവിതശൈലീരോഗങ്ങൾ രാജ്യത്തെ സംബന്ധിച്ചിടത്തോളം ജനങ്ങളിൽ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ മാത്രമല്ല വികസന വെല്ലുവിളി കൂടിയാണ്.

എന്തൊക്കെയാണ് ഇവയുടെ RISK FACTORS അല്ലെങ്കിൽ അപകട സാധ്യതാഘടകങ്ങൾ?

രണ്ടുതരത്തിലുള്ള അപകട ഘടകങ്ങൾ ഉണ്ട്.

1. Modifiable Risk Factors (Behavioural and Dietary Risk Factor) (പരിഷ്കരിക്കാവുന്ന അപകടങ്ങൾ)

A. അനാരോഗ്യകരമായ ശീലങ്ങളും ജീവിതശൈലിയും

B. അനാരോഗ്യകരമായ ഭക്ഷണക്രമം (അമിതമായ കൊഴുപ്പ് ഉപയോഗം)

C. നീണ്ട നാളായുള്ള മാനസിക സമ്മർദ്ദം (PROLONGED PSYCHOLOGICAL STRESS)

D. മദ്യത്തിന്റെ ഹാനികരമായ ഉപയോഗം

E. പുകയില ഉപയോഗം – സ്മോക്കിങ്ങ്

F. അമിതമായ ശരീരഭാരം (obesity) പൊണ്ണത്തടി

G. ശാരീരിക നിഷ്ക്രിയത്വം (physical inactivity)

H. ഉയർന്ന രക്തസമ്മർദ്ദം

I. പ്രമേഹം

J. രക്തത്തിലെ ഉയർന്ന കൊളസ്ട്രോൾ

2. Non-Modifiable Risk Factors (പരിഷ്കരിക്കാനാവാത്ത അപകടങ്ങൾ)

1. പ്രായം
2. സെക്സ്
3. ജനതക ഘടകങ്ങൾ
4. വംശം

ഇതിനെ എങ്ങനെ നമുക്ക് പ്രതിരോധിക്കാം? (Prevention and Control of NCD)

റിസ്ക് ഫാക്ടർ (RISK FACTOR) ഏതാണെന്നു നിർണ്ണയിച്ചു നിയന്ത്രണത്തിൽ വരുത്തുക.

1. പരിഷ്കരിക്കാവുന്ന അപകട ഘടകങ്ങൾ (Modifiable Risk Factors) (Reduce the major modifiable Risk Factors)

താഴെപറയുന്ന അപകട ഘടകങ്ങളെ നിയന്ത്രിച്ചുകൊണ്ട് ശരീരഭാരം സാധാരണനിലയിൽ നിലനിർത്തുക.

A. Adopting Healthy Habits - ആരോഗ്യകരമായ ശീലങ്ങൾ സ്വീകരിക്കുക

B. Balancing Diet - Healthy Diet – ആരോഗ്യകരമായ ഭക്ഷണം

C. Regular Exercise – പതിവായ വ്യായാമം ശീലിക്കുക (ആഴ്ചയിൽ അഞ്ചു ദിവസമെങ്കിലും)

D. Avoiding Alcohol – മദ്യം ഒഴിവാക്കുക

E. Avoiding Smoking, Tobacco – പുകവലി, പുകയില ഒഴിവാക്കുക

F. Avoiding Stress – മാനസികസമ്മർദ്ദം ഒഴിവാക്കുക

എൻ സി ഡി കളുടെ ഏറ്റവും സാധാരണമായ കാരണങ്ങൾ ഉപാപചയവും പെരുമാറ്റപരവുമായ അപകട ഘടകങ്ങളാണ്. ലഭ്യമായ പല മാർഗ്ഗങ്ങളിലൂടെയും തടയാൻ കഴിയും.

മിക്ക ആഗോള ചർച്ചകളും സ്വയം മാനേജ്മെന്റിന്റെ (പുകയില, മദ്യപാനം, ശാരീരിക പ്രവർത്തനങ്ങൾ, ഭാരം, ഭക്ഷണം, ദന്താരോഗ്യ സംരക്ഷണം) അപകടസാധ്യത ഘടകങ്ങളെക്കുറിച്ചാണ്. കൂടാതെ എൻ സി ഡി കളുടെ അപകടസാധ്യത ഘടകങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള വ്യക്തിഗത ഉത്തരവാദിത്തത്തിന്റെ പങ്കിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

2. Non-Modifiable Risk Factors (പരിഷ്കരിക്കാനാവാത്ത അപകടങ്ങൾ)

പരിഷ്കരിക്കാനാവാത്ത അപകട ഘടകങ്ങളിൽ പ്രായം, ലിംഗഭേദം, ജനിതക ഘടകങ്ങൾ, വംശം എന്നിവ ഉൾപ്പെടുന്നു.

രസകരമെന്നു പറയട്ടെ, പ്രായവും ലിംഗഭേദവും പരിഷ്കരിക്കാനാവാത്ത ഘടകങ്ങളാണെങ്കിലും, അവയുമായി ബന്ധപ്പെട്ട മിക്ക ഘടകങ്ങളും പരിഷ്കരിക്കാവുന്നവയാണ്.

വയസ്സ്

സാധാരണയായി ജീവിതശൈലീരോഗങ്ങൾ പ്രായമായവരുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ, എല്ലാ പ്രായക്കാർക്കും ജനനത്തിനു മുമ്പുതന്നെ അപകടസാധ്യതയുണ്ട്. ഈ രോഗങ്ങൾ ജീവിതത്തിന്റെ ആദ്യവർഷങ്ങളിൽ ആരംഭിക്കുകയും കുട്ടിക്കാലം, കൗമാരം, വാർദ്ധക്യം എന്നിവയിൽ പുരോഗമിക്കുകയും ചെയ്യും. എന്നിരുന്നാലും, എൻ സി ഡി കൾ മൂലമുള്ള 15 ദശലക്ഷം മരണങ്ങൾ 30 നും 69 നും ഇടയിൽ പ്രായമുള്ളവരിൽ നിന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്, ഈ 'അകാല'മരണങ്ങളിൽ 82% വും താഴ്ന്നതും ഇടത്തരവുമായ രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു.

ഇനി ഈ മഹത്തായ സംരംഭത്തിൽ നമുക്ക് എന്തു ചെയ്യാൻ സാധിക്കും എന്ന് നോക്കാം.

ROLE OF PHARMACIST IN THE PREVENTION AND CONTROL OF NON COMMUNICABLE DISEASES (ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിലും നിയന്ത്രണത്തിലും ഫാർമസിസ്റ്റിനുള്ള പങ്ക്

ജീവിതശൈലീരോഗങ്ങളുടെ ചികിത്സയിൽ ഫാർമസിസ്റ്റിന് ഒരു പ്രധാന പങ്കുണ്ട്. കാരണം, ജീവിതശൈലീരോഗങ്ങളുടെ ചികിത്സയിൽ കൂടുതലും ആജീവനാന്ത മരുന്നുകൾ കഴിക്കേണ്ടവയായിരിക്കും എന്നതിനാലും, രോഗികൾ കൂടുതലും രോഗലക്ഷണങ്ങളില്ലാത്തവരാണ് എന്നതുകൊണ്ടും രോഗികൾ പലപ്പോഴും അവരുടെ മരുന്നുകൾ നിർത്തുന്ന പ്രവണത ഉണ്ടാവാറുണ്ട്. മറ്റു ചിലപ്പോൾ മരുന്നുകളുടെ പാർശ്വഫലങ്ങളാൽ അവർ കഴിക്കുന്ന ചില മരുന്നുകൾ നിർത്തിവയ്ക്കുന്ന സാഹചര്യം ഉണ്ടാവാറുണ്ട്.

ഒരു ഫാർമസിസ്റ്റിന് ശരിയായ കൗൺസിലിംഗിലൂടെ ഈ സാഹചര്യങ്ങളെയൊക്കെ ഒഴിവാക്കി കൃത്യമായി മരുന്ന് കഴിപ്പിച്ച് രോഗിയുടെ ആരോഗ്യവും പ്രതിരോധശേഷിയും നിലനിർത്തുന്നതിന് സഹായിക്കാൻ കഴിയുന്നതാണ്.

എങ്ങനെയെന്ന് നോക്കാം

ഫാർമസിസ്റ്റ് രോഗിക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതിനാൽ രോഗി സ്ഥിരമായി മരുന്നുകൾ കഴിക്കുന്നുണ്ടോ ഇല്ലയോ എന്ന് എപ്പോഴും പരിശോധിക്കാൻ കഴിയും. ഭാവിയിലെ സങ്കീർണ്ണതകൾ തടയുന്നതിന് സ്ഥിരമായ മരുന്നുകളുടെ ആവശ്യകതയും ജീവിതശൈലീരോഗങ്ങളുടെ ശരിയായ നിയന്ത്രണവും രോഗിയിൽ ഊന്നിപറയാൻ അദ്ദേഹത്തിന് കഴിയും. മരുന്നിന്റെ ചില പ്രശ്നങ്ങളെക്കുറിച്ച് അദ്ദേഹത്തിന് രോഗികളെ ഉപദേശിക്കാനും കഴിയും.

ഉദാഹരണത്തിന്, ഒരു രോഗിക്ക് കാൽസ്യം ചാനൽ ബ്ലോക്കർ നിർദ്ദേശിക്കുമ്പോൾ കാലിൽ നേരിയ നീർവീക്കം ഉണ്ടാകാം. കൗൺസിലിംഗിലൂടെ വിഷമിക്കേണ്ട കാര്യമില്ല, ഇത് മരുന്ന് നിർത്താനുള്ള ഒരു കാരണമല്ല എന്ന് രോഗിയെ ബോധ്യപ്പെടുത്താൻ, ഉറപ്പുനൽകാൻ ഒരു ഫാർമസിസ്റ്റിന് കഴിയും. യഥാർത്ഥ കാരണം എന്താണെന്നും, അതെങ്ങനെ നേരിടണമെന്നും പറഞ്ഞുകൊടുത്തു മരുന്ന് കഴിക്കാതിരുന്നാൽ ഉള്ള ബുദ്ധിമുട്ടുകളെക്കുറിച്ചും മനസ്സിലാക്കി കൃത്യമായും ശാസ്ത്രീയമായും മരുന്ന് കഴിക്കുന്ന മാനസികാവസ്ഥയിലേക്ക് ആ രോഗിയെ നയിക്കാൻ ഫാർമസിസ്റ്റിനു കഴിയും. കൂടാതെ, ആന്റി ഹൈപ്പർടെൻസീവ്, ആന്റി ഡയബറ്റിക്സ് തുടങ്ങിയ മരുന്നുകൾ പെട്ടെന്ന് പിൻവലിക്കുന്നത് വളരെ ഉയർന്ന രക്തസമ്മർദ്ദം ഉണ്ടാക്കുമെന്നും രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് പെട്ടെന്ന് ഉയരുന്നതിന് കാരണമാകുമെന്നും ഇത് അസുഖം സങ്കീർണ്ണമാക്കുമെന്നും രോഗിയെ ഉപദേശിക്കാനും, രോഗിയിൽ മരുന്നിനെക്കുറിച്ചും ചികിത്സയെക്കുറിച്ചും ശരിയായ രീതിയിൽ മരുന്ന് കഴിക്കേണ്ട ആവശ്യ

കതയെക്കുറിച്ചും ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഒരു വിശ്വാസമുണ്ടാക്കിയെടുക്കാനും അദ്ദേഹത്തിന് കഴിയുന്നതാണ്.

അതുവഴി –

1. ഉപയോഗിക്കുന്ന മരുന്നിന്റെ പരമാവധി റിസൾട്ട് രോഗിയിൽ വരുത്താനും കുറഞ്ഞ പാർശ്വഫലങ്ങളോടെ ചികിത്സ തുടരുന്നതിനും ഭയം കൂടാതെ മരുന്നുപയോഗിക്കുന്നതിനും രോഗിയെ സഹായിക്കാൻ ഫാർമസിസ്റ്റിന്റെ സേവനംകൊണ്ട് സാധിക്കുന്നതാണ് (TO PRODUCE MAXIMUM DRUG EFFECTIVENESS WITH MINIMUM ADVERS DRUG EFFECT)
2. പൂർണ്ണമായും മരുന്നിനോടും ചികിത്സയോടും ഫാർമസിസ്റ്റിനോടും സഹകരിക്കുന്നതിലേക്ക് രോഗിയെ എത്തിക്കുക വഴി – (TO MAXIMIZE THE PATIENT'S COMPLIANCE IN DRUG USE PROCESS)
3. മെഡിക്കേഷൻ കൗൺസിലിംഗ് കൂടാതെ ആ രോഗിയുടെ റിസ്ക് ഫാക്ടർ ഏതാണെന്നു തിരിച്ചറിഞ്ഞു പേഷ്യന്റ് കൗൺസിലിംഗിലൂടെ അവരുടെ ജീവിതശൈലിയിലും ഭക്ഷണരീതിയിലും വരുത്തേണ്ടതായ മാറ്റങ്ങൾ ഏതൊക്കെ ആണെന്നും എന്തൊക്കെ ആണെന്നും.

ഉദാഹരണത്തിന് –

1. ശീലിക്കേണ്ടതായ വ്യായാമങ്ങൾ
2. നിയന്ത്രിക്കേണ്ട ഭക്ഷണങ്ങൾ (അനുവദനീയമായതും അല്ലാത്തതുമായ ആഹാരങ്ങൾ)
3. ഒഴിവാക്കേണ്ട അനാരോഗ്യ ശീലങ്ങൾ
4. പാലിക്കേണ്ട ആരോഗ്യ ശീലങ്ങൾ

എല്ലാം ഫാർമസിസ്റ്റിന് അവരെ ബോധ്യപ്പെടുത്താനും അനുസരിപ്പിക്കാനും കഴിയും എന്ന് മാത്രമല്ല അവരുടെ അസുഖം പ്രതിരോധിക്കുന്നതിലും നിയന്ത്രിക്കുന്നതിലും അത്തരം കൗൺസിലിംഗ് മരുന്ന് പോലെതന്നെ ആവശ്യവും സ്വീകാര്യവും ആയി തീരുകയും ചെയ്യുന്നതാണ്. ഇതുപോലുള്ള സേവനത്തിലൂടെ (good dispensing) ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധത്തിലും നിയന്ത്രണത്തിലും ഫാർമസിസ്റ്റിനുള്ള പങ്ക് എത്ര പ്രാധാന്യമുള്ളതും മഹത്തരവും ആണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്താനും ഹെൽത്ത് കെയർ ടീമിന്റെ ഭാഗമായ ഫാർമസിസ്റ്റിനു സ്വന്തം സേവനമികവുകൊണ്ട് സാധിക്കുന്നതാണ്.

ഒപ്പംതന്നെ സ്ഥിരമായി ഗവൺമെന്റ് ആശുപത്രിയിൽ നിന്നും മരുന്ന് ലഭിക്കുകയാണെങ്കിൽ മാത്രം മരുന്ന് കഴിക്കുന്ന, ലഭ്യതയില്ലാത്ത മരുന്നുകൾ പണം കൊടുത്തുവാങ്ങാൻ നിവൃത്തിയില്ലാത്ത 30% പാവപ്പെട്ട രോഗികൾ നമ്മുടെ മുന്നിലുണ്ട്...

അതുകൊണ്ടുതന്നെ എല്ലാ സമയവും ഗവൺമെന്റ് ആശുപത്രിയിൽ ഗുണനിലവാരമുള്ള മരുന്നുകളുടെ സ്റ്റോക്ക് ഉറപ്പ് വരുത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനവും ഫാർമസിസ്റ്റിന് കാഴ്ചവയ്ക്കാൻ സാധിക്കുന്നതാണ്.

നാളെ സർവ്വീസ് പൂർത്തിയാക്കി പടിയിറങ്ങുമ്പോൾ അഭിമാനിക്കാൻ ഈ സേവനമികവു മാത്രം ബാക്കി...

തിരിഞ്ഞുനോക്കുമ്പോൾ തന്നിലർപ്പിതമായിരുന്ന ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ടു കേരള സർക്കാർ ആരോഗ്യപരിരക്ഷാ ടീമിൽ പകരംവയ്ക്കാനില്ലാത്ത ഫാർമസി വിഭാഗത്തിന്റെ പ്രതിനിധിയായി അർത്ഥവത്തായ ഒരു സേവനകാലം സമൂഹത്തിനുവേണ്ടി സമർപ്പിച്ചു എന്ന അഭിമാനത്തോടെ വരുംതലമുറയ്ക്ക് മാതൃകയും വലിയൊരു പാഠവും കൊടുത്തുകൊണ്ട് അരങ്ങൊഴിഞ്ഞുപോകാൻ ഓരോ ഫാർമസിസ്റ്റിനും സാധിക്കട്ടെ...

♦♦♦

The Pharmacist

ANITHA D. N.
State Vice President

PHARMACY: Pharmacy is a complete profession and the heart of our community. Pharmacy is controlled not only by the laws and regulations but also by the profession approaching standards of practice, code of ethics and excellent leadership. It is profession that is expanding in new directions to meet the health care needs. There is a movement beyond traditional compounding and dispensing towards a more professional advisory and primary health care role. During the last few decades the pharmacy profession has expanded significantly in terms of professional services delivery and also in the multidisciplinary provision of health care. Pharmacy is a clinical health science that links medical science with chemistry and it is charged with discovery, production, disposal, safe and effective use and control of medications and drugs.

PHARMACIST AND HEALTH SYSTEM: Health system refers to all organizations, people and activities whose primary purpose is to promote, restore and maintain health. Pharmacist is an integral part of health care system. Pharmacist is a backbone that strengthens health care system. They turn a bunch of chemicals into life saving drugs. Pharmacists are health care professionals who specialize in the production and use of medicine as they deal with composition, effects, mechanism of action and proper & effective use of drugs.

Using knowledge of mechanism of action of drugs, the pharmacist understands how they should be used for maximum benefits at minimum side effects and also to avoid drug interactions. Medicines help us live longer and healthier but taking them in wrong way and mixing with certain drugs is dangerous. So utmost care should be taken to use medicines properly. As medicine experts, pharmacists hold the responsibility to deliver effective, safe and quality medicines and services to achieve optimal health outcomes.

Pharmacists are dynamic patient oriented professionals committed to fulfilling the health care needs of their patients. The prime responsibility of pharmacist is to dispense medicine but in an involved process. On receipt of a prescription, the pharmacist looks patient history, any dosage issues or potential conflict between any previous prescribed medication. Pharmacist oversees the entire operation of the pharmacy including maintaining inventory, safety control of medication and supervision. Pharmacist also serves as a patient educator.

The role of pharmacist in a changing health care environment has evolved along the health care needs of our population in addition to dispensing medications and assuring patient safety. Todays pharmacists are taking a larger role as medicine councellors, educators and advocates. There are several reasons for this. Advance in technology has greatly expanded for prevention and treatment options for dozens of conditions and enable to co-ordinate and collaborate across health care providers. Technology has become more sophisticated. Patients have become more involved in their own care that ever before setting clear expectations for transparent patient centered care and increased access to health care information. Patients are focused on reducing costs and improving health outcomes which has fostered the emergence of pharmacy management strategies.

PHARMACIST AND PUBLIC HEALTH: For public health, the addition of a pharmacist in a collaboration team based care can improve performance against quality indicator and national health force. A Pharmacist can provide many services to public health that may include pharmacotherapy, patient care and prevention measures. Pharmacists can involve both in patient based and population based care. The health-system pharmacists can contribute to population health care using tools such as medication-use evaluation, evidence based disease management programs, medication safety and error prevention. Health system based pharmacists can participate in the development of public health policy and National programs. Drugs are the central part of health systems. Pharmacists as medication use experts, work in the assistance of health system administrators to develop policies for the best management practices in the proper handling and disposal of hazardous drugs. Medication management conducted by pharmacists has also shown to improve medical adherence and clinical outcomes for patients with chronic condition such as diabetes, hypertension and cardiovascular diseases. A healthcare system shifts toward quality and efficiency Pharmacist can play an integral role, focusing on medication management, medication reconciliation, preventive care and patient education.

PHARMACIST: The pharmacist receives the prescription from the patient, analyses the completeness and correctness of prescription. The pharmacist dispense the prescription medications to patient with medication counselling. The pharmacist also help in procurement, inventory and distribution of medicine in hospital and community pharmacy. The pharmacist provide the expert opinion of medications and also provide safe and effective medicinal use. The pharmacist provide the information to the patient for drugs related problems and preventive advice of disease. The pharmacist provide the description of characteristics, types, merits and demerits of drugs and excipients of pharmaceutical formulations. The pharmacist achieves leadership skills through teamwork and sound decision making skills. The pharmacist delivers professional services according to ethical guidelines.

Pharmacist assures "Right drug to the Rightpatient at Right time in Right dose through Right route in Right way."

DOCTORS GIVE LIFE THROUGH MEDICINE AND PHARMACISTS GIVE LIFE TO THAT MEDICINE, PROUD TO BE A PHARMACIST.

♦♦♦

എം. കെ. പ്രേമാനന്ദൻ
ജനറൽ സെക്രട്ടറി, സീനിയർ ഫാർമസിസ്റ്റ്സ് ഓർഗനൈസേഷൻ (SPO)

കെ ജി പി എ 6-ാമത് വാർഷിക സമ്മേളനത്തിലേക്ക് കടക്കുകയാണ്. കോവിഡ് കാലത്തിന്റെ പരാധീനതകളിലൂടെ ലോകം കടന്നുപോയ നാളുകളിലാണ് ഇടുക്കിയിലെ പീരുമേട്ടിൽ മുൻ സമ്മേളനം ചുരുങ്ങിയ തോതിൽ നടത്തിയത്. തീക്ഷ്ണമായ പോരാട്ടങ്ങളുടെയും വിശ്രമരഹിതമായ പ്രവർത്തനങ്ങളുടെയും അനുഭവസമ്പന്നമായ ഇന്നലെകൾ നൽകുന്ന ഊർജ്ജം ഉൾക്കൊണ്ട് ഇനിയും ഏറെ ദൂരം ഈ പ്രസ്ഥാനത്തിന് സഞ്ചരിക്കാനുണ്ട്...

ഫാർമസിസ്റ്റുമാർ ഉൾപ്പെടെയുള്ള ആശുപത്രി ജീവനക്കാർ അടിമത്ത സമാനമായ സാഹചര്യത്തിൽ തിരുവായ്ക്ക് എതിർ സ്വരമുയർത്താൻ അവകാശമില്ലാതെ അധികാരികൾ കല്പിക്കുന്ന ഏതു ജോലിയും ചെയ്യാൻ ബാധ്യസ്ഥരായിരുന്നു. വീക്കിലി ഓഫ് ഉൾപ്പെടെയുള്ള മൗലികമായ ജനാധിപത്യ അവകാശങ്ങൾ ഒന്നുംതന്നെ അന്ന് അനുവദനീയമായിരുന്നില്ല. അത്തരമൊരു കാലഘട്ടത്തിലാണ് ഏറെ പ്രതിസന്ധികൾ നേരിട്ട് കെ ജി പി എ യുടെ ആദ്യരൂപമായ കോമ്പൗണ്ടൻസ് അസ്സോസിയേഷൻ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിൽ 1940 കളിൽ രൂപം കൊണ്ടതും ഇത്തരം മൗലികമായ അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ചു തുടങ്ങിയതും.

1957 ൽ കേരളത്തിലെ രണ്ടാമത്തെ സർവീസ് സംഘടനയായി രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടങ്ങുന്നതിനും രണ്ടു പതിറ്റാണ്ടിലധികം മുൻപ്, കേരളപിറവിക്കും മുൻപ് തന്നെ തിരു-കൊച്ചിയിലും, മലബാറിലും വ്യത്യസ്ത പേരുകളിൽ ഫാർമസിസ്റ്റ് സംഘടനകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ടായിരുന്നു. 1945 ഫെബ്രുവരി 18 നു രൂപീകൃതമായ മലബാർ ജില്ല കോമ്പൗണ്ടൻസ് അസ്സോസിയേഷൻ 1946 ൽ തിരുവിതാംകൂറിലെയും കൊച്ചിയിലെയും സംഘടനകൾ യോജിച്ചു രൂപീകൃതമായ തിരു-കൊച്ചി കോമ്പൗണ്ടൻസ് അസ്സോസിയേഷൻ എന്നിവ ഐക്യകേരളപിറവിയോടെ 1956 ൽ യോജിച്ചാണ് കേരള ഗവ. കോമ്പൗണ്ടൻസ് അസ്സോസിയേഷനും പിന്നീട് കേരള ഗവ. ഫാർമസിസ്റ്റ്സ് അസ്സോസിയേഷനുമായി രൂപാന്തരം പ്രാപിച്ചത്.

ജാതീയമായ അയിത്തത്തിനെതിരായ പോരാട്ടം മുതൽ ഒടുവിൽ ആർദ്രം സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റ് തസ്തികകൾക്ക് വേണ്ടിയുള്ള പോരാട്ടം വരെ എണ്ണമറ്റ പ്രക്ഷോഭങ്ങ

ളാണ് കെ ജി പി എ നടത്തിയിട്ടുള്ളത്. പ്രത്യക്ഷ സമരങ്ങൾക്കൊപ്പം തന്നെ നിയമ പോരാട്ടങ്ങൾ, ചർച്ചകൾ, ഇതരജനവിഭാഗ ങ്ങളും ജീവനക്കാരുമായി ചേർന്നു പൊതുവി ഷയങ്ങളിലെ ഇടപെടലുകൾ, പോരാട്ടങ്ങൾ എന്നിവയെല്ലാം സംഘടനാചരിത്രത്തിലെ സുവർണ്ണ ഏടുകളാണ്.

ജാതീയമായ അയിത്തം

പ്രമുഖ നോവലിസ്റ്റും, സിനിമാ തിരക്കഥാകൃത്തു മൊക്കെയായി പിൽക്കാ ലത്തു വളർന്ന ശ്രീ. ജി. വിവേകാനന്ദനെ തിരുവനന്ത പുരം പാലസ് ഡിസ്പെൻസ റിയിൽ നിയമിച്ചപ്പോൾ അദ്ദേഹം ഈഴവൻ ആയതിനാൽ അദ്ദേഹ ത്തിൽ നിന്നും മരുന്നു വാങ്ങിക്കഴിച്ചാൽ അയിത്തം ഉണ്ടാകുമെന്നു ചില ഉന്നതർ മുറ വിളി കൂട്ടുകയും അദ്ദേഹത്തെ സ്ഥലം മാറ്റ ണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. ഇതിനെ തിരെ ഉണ്ടായ ചെറുത്തുനിൽപ്പ് ഫാർമസിസ്റ്റു കളുടെ ആദ്യകാല സമരങ്ങളിൽ എണ്ണപ്പെട്ട ഒന്നായിരുന്നു. ശ്രീ. വിവേകാനന്ദൻ പിൽക്കാ ലത്തു നിരവധി പുരസ്കാരങ്ങൾ നേടിയ മല യാളത്തിലെ പ്രമുഖ എഴുത്തുകാരൻ ആയി വളർന്നു. അദ്ദേഹത്തിന്റെ 'കള്ളിച്ചെല്ലമ്മ' തുടങ്ങി നിരവധി കൃതികൾ സിനിമകളായി മാറുകയുണ്ടായി.

പ്രമോഷനുകൾ

ഫാർമസിസ്റ്റായി സർവീസിൽ വരുന്നവർ അതേ തസ്തികയിൽ നിന്ന് തന്നെ വിരമിക്കു ന്നതായിരുന്നു മുൻകാല അനുഭവം. ന്യായ മായ ചില പ്രമോഷൻ തസ്തികകൾക്കായി ആവശ്യമുന്നയിച്ചു ആരോഗ്യവകുപ്പിലെ ഉന്ന തനെ സമീപിച്ച സംഘടനാനേതാക്കളോട് "കമ്പോണ്ടർക്കെന്താ ആപ്പീസറാകണോ" എന്ന മറുചോദ്യം ഉയർത്തിയ അധികാരികൾ. അത്തരക്കാരുടെ ധാർഷ്ട്യത്തെ പരാജയപ്പെ ടുത്തി അതേ ഓഫീസിൽ തന്നെ നാലു ഗസ റ്റഡ് പ്രമോഷൻ തസ്തികകളും ഒരു നോൺ ഗസറ്റഡ് തസ്തികയും ഉള്ള വിഭാഗമായി പിൽക്കാലത്തു നാം വളർന്നത് സംഘടന യുടെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മാത്ര മാണ്. ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തിക കളാണ് ആദ്യം നമുക്ക് ലഭിച്ച പ്രമോഷൻ തസ്തികകൾ. പിന്നീട് നോൺ ഗസറ്റഡ് ഹോസ്പിറ്റൽ സൂപ്രണ്ട് തസ്തിക, സ്റ്റോർ വെരിഫിക്കേഷൻ ടീമും സ്റ്റോർ വെരിഫിക്കേ ഷൻ ഓഫീസർ തസ്തികയും, അസിസ്റ്റന്റ് ഡയറക്ടർ മെഡിക്കൽ സപ്ലൈസ് തസ്തിക (ഇത് പിന്നീട് അസിസ്റ്റന്റ് ഡയറക്ടർ ഫാർമസി സർവീസസ് എന്ന് പരിഷ്കരിച്ചു) എന്നിവ സംഘടനയുടെ ദീർഘകാലത്തെ ആവശ്യത്തെ തുടർന്ന് അനുവദിക്കപ്പെട്ടു. ഇങ്ങനെ നിലവിൽ 130 ഓളം ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ, 55 സ്റ്റോർ സൂപ്രണ്ട്, 13 സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ, സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ഓഫീസർ, സ്റ്റോർസ് ഓഫീ സർ എഫ്. ഡബ്ല്യൂ. സ്റ്റോർസ് ഓഫീസർ GMS തുടങ്ങി 200 ലധികം പ്രമോഷൻ തസ്തികകൾ ആരോഗ്യവകുപ്പിൽ നേടിയെടുക്കാനായി. മുൻപ് ആരോഗ്യവകുപ്പിന്റെ ഭാഗമായിരുന്ന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ... സ്റ്റോർ സൂപ്രണ്ട്, ...ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികകളും, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ 3 സ്റ്റോർ കീപ്പർ, ഒരു സ്റ്റോർ സൂപ്രണ്ട് തസ്തികയും നേടിയെടുക്കാ നായി.

ഡി എം എസ് സ്റ്റോർ സൂപ്രണ്ട് തസ്തിക

1957 ലെ കേരള ഇ എം എസ് മന്ത്രിസഭ യുടെ കാലത്താണ് മരുന്നു സംഭരണ വിത രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ജില്ല മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചത്. സ്വാഭാവികമായും ജില്ലാമെഡിക്കൽ സ്റ്റോറുകളുടെ ചുമതല ഫാർമസി വിഭാഗം ജീവനക്കാർക്ക് ലഭിക്കേ ണ്ടതാണ്. എല്ലാ വിഭാഗങ്ങളിലും അതാണ്

പൊതുവായ രീതി. എന്നാൽ ജില്ലാമെഡിക്കൽ സ്റ്റോറുകളുടെ കാര്യത്തിൽ മറ്റു ചില വിഭാഗങ്ങളിൽ നിന്നും അതിശക്തവും അനർഹവുമായ അവകാശവാദങ്ങൾ ഉണ്ടായി. ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ കൂടി ആയതിനാൽ അത് ഫാർമസിസ്റ്റ്മാർക്ക് നൽകരുത് എന്നും അത്തരം ചുമതലകളിൽ പ്രാവീണ്യമുള്ളവർക്ക് വേണം എന്നൊക്കെയുള്ള വാദങ്ങൾ ഉയർന്നു. അതു വിജയിക്കും എന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങുകയും ചെയ്തു. അതിനാൽ അക്കാലത്തെ സംഘടനാനേതാക്കൾ നിരവധി എതിർപ്പുകൾ തരണംചെയ്ത് വളരെ കരുതലോടെയാണ് നീങ്ങിയത്. ആരോഗ്യമന്ത്രിയായിരുന്ന ഡോ. എ. ആർ. മേനോനെ കാണാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. രണ്ടുംകല്പിച്ചു സംഘടനാനേതാക്കൾ അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ എത്തിയപ്പോൾ “മിനിസ്റ്റർ ഇല്ല സ്ഥലം വിട്ടോളൂ” എന്ന മറുപടി. എന്നാൽ മിനിസ്റ്റർ വീട്ടിലുണ്ട് എന്നും രാത്രി മൂന്നാറിലേക്ക് പോകാൻ ഇറങ്ങും എന്നും അറിഞ്ഞ നേതാക്കൾ വസതിയുടെ കോമ്പൗണ്ടിൽ തന്നെ മറ്റുള്ളവരുടെ കണ്ണിൽപ്പെടാതെ മാറിനിന്നു. രാത്രി 11 ഓടെ മന്ത്രി പുറത്തിറങ്ങി കാറിൽ കയറാൻ ഒരുങ്ങിയപ്പോൾ നേതാക്കൾ ഓടിയെത്തി മിനിസ്റ്ററെ കണ്ടു കാര്യങ്ങൾ വിശദീകരിച്ചു. ഒരു ഡോക്ടർ കൂടി ആയിരുന്ന മിനിസ്റ്റർക്ക് ഫാർമസിസ്റ്റ്മാരുടെ ആവശ്യം ന്യായമാണെന്ന് ബോധ്യപ്പെടുകയും നമ്മുടെ നിവേദനം സ്വീകരിച്ചു മേൽനടപടികൾക്ക് അപ്പോൾ തന്നെ നിർദ്ദേശം നൽകുകയും ചെയ്തു. അങ്ങനെ വളരെ സാഹസികമായ പ്രവർത്തനത്തിലൂടെ ലഭിച്ച തസ്തികയായിരുന്നു ജില്ലാമെഡിക്കൽ സ്റ്റോറുകളിലെ സ്റ്റോർ സൂപ്രണ്ട് തസ്തിക.

സ്റ്റോർസ് ഓഫീസർ ജി എം എസ്

ആരോഗ്യവകുപ്പ് ആസ്ഥാനത്തെ മരുന്നു സംഭരണവുമായി ബന്ധപ്പെട്ട ഉയർന്ന തസ്തികയായ GMS തസ്തിക ഫാർമസിസ്റ്റ്മാരുടെ പ്രമോഷൻ തസ്തികയായി നിയമന രേഖകളിൽ വ്യക്തമായി ഉണ്ടായിരുന്നിട്ടും ആദ്യകാലത്ത് ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉന്നതരെയാണ് നിയമിച്ചിരുന്നത്. നിയമവിരുദ്ധമായ ഇതിനെതിരെ കെ ജി പി എ നടത്തിയ പ്രവർത്തനങ്ങളെ തുടർന്നാണ് ഈ തസ്തിക നമുക്ക് ലഭ്യമായത്.

മരുന്നു സംഭരണത്തിലെ അഴിമതിക്കെതിരെ

സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്കും, ആരോഗ്യ കേന്ദ്രങ്ങളിലേക്കും വേണ്ട മരുന്നുകൾ സംഭരിക്കുന്നതിൽ നടന്ന അഴിമതിക്കെതിരെയും, ഗുണനിലവാരമില്ലാത്ത മരുന്നുകൾക്കെതിരെയും ആരോഗ്യ വകുപ്പ് ആസ്ഥാനത്ത് അനിശ്ചിതകാല നിരാഹാരസത്യാഗ്രഹം ഉൾപ്പെടെ നിരവധി പ്രക്ഷോഭങ്ങൾ നയിച്ചു സാമൂഹ്യമായ ഉത്തരവാദിത്തം നിർവഹിച്ച പ്രസ്ഥാനമാണ് കെ ജി പി എ. ഇതിന്റെ പേരിൽ അഴിമതിക്കാരായ ഉദ്യോഗസ്ഥരുടെ പ്രതികാര നടപടികൾ സംഘടന നേരിടേണ്ടിവന്നിട്ടുണ്ട്. സംഘടന നടത്തിയ ധീരമായ പ്രവർത്തനങ്ങളാണ് പിൽക്കാലത്ത് ഈ രംഗത്ത് പൊളിച്ചെഴുത്തിനും പരിഷ്കാരങ്ങൾക്കും കാരണമായ ചർച്ചകളിലേക്ക് വഴി തുറന്നത് എന്ന് പറയാം.

മെഡിക്കൽ സർവീസ് കോർപറേഷൻ

2008 ലാണ് സംസ്ഥാനത്ത് ഔഷധ സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മെഡിക്കൽ സർവീസ് കോർപറേഷൻ രൂപീകരിച്ചു സർക്കാർ ഉത്തരവായത്. ഇതിന്റെ ചർച്ചകളും നടപടിക്രമങ്ങളും നടക്കുമ്പോൾ തന്നെ ഔഷധ സംഭരണ വിതരണ രംഗത്തെ നിലവിലുള്ളതും, മുൻപ് നാം തന്നെ ചൂണ്ടിക്കാണിച്ചതും നിരവധി സമരങ്ങൾ നടത്തിയിട്ടുള്ളതുമായ മരുന്നുകളുടെ ഗുണനിലവാരമില്ലായ്മ, മരുന്നുവാങ്ങലിലെ അഴിമതി എന്നിവയ്ക്ക് മെഡിക്കൽ കോർപറേഷൻ ഒരു പരി

ഹാരമാവില്ല എന്ന് കെ ജി പി എ ചൂണ്ടിക്കാണിച്ചിരുന്നു. മുൻപും പല തവണ ഈ നിർദ്ദേശം ഉണ്ടായപ്പോഴെല്ലാം സംഘടന ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചത്.

എന്നാൽ സർക്കാർ മുന്നോട്ട് പോയപ്പോൾ നമ്മുടെ ഒഴിവാക്കപ്പെടുന്ന തസ്തികകൾ സംരക്ഷിക്കുക എന്നതായി സംഘടനയുടെ ഉത്തരവാദിത്തം. സംസ്ഥാനതല വാഹന പ്രചാരണ ജാഥ, ജില്ലാതല ധർണ്ണകൾ തുടങ്ങി നിരവധി പ്രക്ഷോഭങ്ങൾ ഇതുമായി ബന്ധപ്പെട്ട് സംഘടന നടത്തുകയുണ്ടായി. ഇതിനായി അവസാനം കോടതിയിൽ പോകേണ്ടിവന്നു. മെഡിക്കൽ കോർപറേഷനുമായി മുന്നോട്ട് പോകാൻ നമ്മുടെ തസ്തികകൾ സംരക്ഷിച്ചേ മതിയാകൂ എന്ന് വന്നതോടെയാണ് സർക്കാർ അതിന് തയ്യാറായത്. ഇതിനുവേണ്ടി നമ്മുടെ തസ്തികകൾ 14 സ്റ്റോർ സൂപ്രണ്ട്, 14 പി എസ് കെ തസ്തികകൾ ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടും ക്ലാർക്ക്, പ്യൂൺ, ടൈപ്പിസ്റ്റ്, പാക്കർ, ഡ്രൈവർ, അറ്റൻഡർ തുടങ്ങിയ മറ്റു തസ്തികകൾ സൂപ്പർ ന്യൂമററി ആയും സർക്കാർ ഉത്തരവായി. (ഉത്തരവ് നമ്പർ ...) ഇതനുസരിച്ച് നമ്മുടെ തസ്തികകൾ ഏക്കാലത്തേക്കും സംരക്ഷിച്ചു കിട്ടി. എന്നാൽ മറ്റു തസ്തികകളുടെ കാര്യത്തിൽ നിലവിലുണ്ടായിരുന്ന ജീവനക്കാർ വിരമിക്കുന്നത് വരെ മാത്രം തുടരുകയും പിന്നീട് ആ തസ്തികകൾ ഇല്ലാതാവുകയുമാണ് ചെയ്തത്. സംഘടന നടത്തിയ പ്രക്ഷോഭ നിയമ നടപടികളെ തുടർന്നു നമ്മുടെ 28 പ്രമോഷൻ തസ്തികകൾ എക്കാലത്തേക്കുമായി നമുക്ക് സംരക്ഷിക്കാൻ കഴിഞ്ഞത് ചരിത്രനേട്ടമാണ്. ഇതര ജീവനക്കാർ, പൊതു സംഘടനകൾ തങ്ങളെ സംരക്ഷിക്കും എന്ന് വൃഥാ വിശ്വസിച്ചു വഞ്ചിതരായത് എക്കാലത്തേക്കും പാഠമാണ്. ഗുണനിലവാരം കൂടിയ ബ്രാൻഡഡ് മരുന്നുകൾ, സ്വകാര്യ കമ്പനികളെ വെല്ലുന്ന പാക്കിങ്ങിൽ, യാതൊരു തടസ്സവുമില്ലാതെ, അഴിമതിയില്ലാതെ വിതരണം ചെയ്യപ്പെടുമെന്ന വാഗ്ദാനം എത്രത്തോളം പാലിക്കപ്പെടുന്നു എന്നത് ഇപ്പോൾ ആർക്കും വിലയിരുത്താവുന്നതേയുള്ളൂ.

സ്റ്റോർ കസ്റ്റഡിയൻഷിപ്

മരുന്നു സ്റ്റോർ മാനേജ്മെന്റ് ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിക്കുന്ന ഫാർമസിസ്റ്റുകൾക്ക് ആയിരുന്നില്ല മുൻകാലത്തു ഡ്രഗ് സ്റ്റോറുകളുടെ ചുമതല. ഇതു നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് കാരണമായിരുന്നു. അവിചാരിതമായി ഫാർമസിയിലെ സ്റ്റോക്ക് തീർന്നാൽ

സ്റ്റോർ ചുമതലയുള്ള മെഡിക്കൽ ഓഫീസറുടെ മുന്നിൽ ചെന്നു പറഞ്ഞു സ്റ്റോറിന്റെ താക്കോൽ വാങ്ങി വേണം മരുന്നെടുക്കാൻ. അതുകഴിഞ്ഞു തിരിച്ചേൽപ്പിക്കുകയും വേണം. സ്റ്റോറിലെ മരുന്നുകളുടെയും ഉപകരണങ്ങളുടെയും യഥാർത്ഥ വില അറിയാനോ, അതനുസരിച്ചു ഉപയോഗം ക്രമീകരിക്കുക സ്ലോ മൂവിങ് ആയവ കൈമാറ്റം ചെയ്യുക തുടങ്ങിയ കാര്യങ്ങൾക്കും നിരവധി പ്രയാസങ്ങൾ നേരിട്ടു. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു കെ ജി പി എ നടത്തിയ ചർച്ചകളെ തുടർന്നാണ് ഫാർമസിസ്റ്റ്മാർക്ക് സ്റ്റോർ കസ്റ്റഡിയൻ ചുമതല അനുവദിക്കപ്പെട്ടത്. ഇതിന്റെ ചുവടുപിടിച്ചു പിന്നീട് ഐ എം എസ് വകുപ്പിലും സംഘടനയുടെ ശ്രമഫലമായി ഇത് നടപ്പിലാക്കി.

പ്രതിമാസ കോൺഫറൻസുകൾ

ഫാർമസിസ്റ്റ്മാർക്ക് ജില്ലാതലത്തിൽ ജില്ലാ അധികാരികളുടെ സാന്നിധ്യത്തിൽ കൂടിയിരുന്നു സ്റ്റോക്കുകൾ വിലയിരുത്തുന്നതിനും, സ്ലോ മൂവിങ്ങുകൾ മാറ്റുന്നതിനും, ആരോഗ്യ വകുപ്പിന്റെ പൊതുവായ പ്രവർത്തനങ്ങൾ

അറിഞ്ഞു അതനുസരിച്ചു മുൻകൂട്ടി ക്രമീകരണങ്ങൾ വരുത്തുന്നതിനും യാതൊരു അവസരവും ഉണ്ടായിരുന്നില്ല. സ്റ്റോക്ക് മാനേജ്മെന്റുമായും ഫാർമസി പ്രവർത്തനവുമായും ബന്ധപ്പെട്ട് വരുന്ന ഇത്തരം പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചു സംഘടന നൽകിയ നിവേദനത്തെയും ചർച്ചയെയും തുടർന്നാണ് സ്റ്റോർ കസ്റ്റഡിയന്മാരായ ഫാർമസിസ്റ്റ്മാരുടെ പ്രതിമാസ കോൺഫറൻസുകൾ ആരംഭിച്ചത്.

പി എസ് കെ ശമ്പളസ്കെയിൽ

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെ ശമ്പളസ്കെയിൽ ആദ്യകാലത്ത് 7990–12930 എന്നതായിരുന്നു. ഭാരിച്ച ഉത്തരവാദിത്തവും സ്റ്റോർ ചുമതലയുമുള്ള പി എസ് കെ മാരുടെ ഈ കുറഞ്ഞ ശമ്പളസ്കെയിൽ ഉയർത്തിക്കിട്ടുന്നതിനായി കെ ജി പി എ ഏറെ ശ്രമിച്ചുവെങ്കിലും അധികാരികൾ അംഗീകരിക്കാതെ വന്നപ്പോൾ സംഘടന ഹൈക്കോടതിയിൽ നിയമനടപടി ആരംഭിച്ചു. സംഘടന മുന്നോട്ട് വച്ച തെളിവുകൾ അംഗീകരിക്കപ്പെടുകയും അനുകൂലമായ വിധി ലഭിക്കുകയും ചെയ്തു. എന്നാൽ സർക്കാർ ഇത് നടപ്പിലാക്കാത്തതിനെ തുടർന്നു നാം വീണ്ടും കോടതിയിൽ പോവുകയും, കർശനമായ നിർദ്ദേശം ഉണ്ടാവുകയും ചെയ്തതിനെ തുടർന്നാണ് 9190–15510 എന്ന ശമ്പളസ്കെയിലിലേക്ക് പി എസ് കെ മാരുടെ സ്കെയിൽ ഉയർത്തി ഉത്തരവായത്. ഏറെ അഭിമാനകരമായ നേട്ടമായിരുന്നു ഇത്.

ആർദ്രം തസ്തികകൾ

സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി എല്ലാ ദിവസവും 9 am – 6 pm വരെ ഒ.പി. ഏർപ്പെടുത്തി. മറ്റു വിവിധ സൗകര്യങ്ങൾ കൂടി ഏർപ്പെടുത്തി കുടുംബ ആരോഗ്യ കേന്ദ്രങ്ങളായി നിലവാരമുയർത്തുന്നതിനുള്ള പദ്ധതി സർക്കാരിന്റെ ആരോഗ്യ മേഖലയിലെ മികച്ച സംഭാവനയായിരുന്നു. അതിന്റെ തുടക്കം മുതൽ എല്ലാവിധ സഹകരണവും കെ ജി പി എ നൽകുകയുണ്ടായി. ജീവനക്കാർക്ക് പരിശീലനത്തിനുള്ള മോഡ്യൂൾ തയ്യാറാക്കാൻ ഈ ലേഖകൻ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ഫാർമസിസ്റ്റുകൾ 3 ദിവസത്തോളം SHSRC യിൽ ചെലവഴിക്കുകയുണ്ടായി. കൂടാതെ ഇതുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളിലെല്ലാം സംഘടനാ ഭാരവാഹികൾ അകമഴിഞ്ഞ് സഹകരിക്കുകയുണ്ടായി. ഒന്നാം ഘട്ടത്തിൽ 170 പി എച്ച് സി കളാണ് എഫ് എച്ച് സി കളായി ഉയർത്തിയത്. എന്നാൽ ഇതിനായി തസ്തികകൾ അനുവദിച്ചപ്പോൾ ഫാർമസിസ്റ്റ്മാരെ പൂർണ്ണമായും തഴഞ്ഞു. എന്നാൽ ആദ്യഘട്ടത്തിൽ പ്രത്യക്ഷ സമരപരിപാടികൾക്ക് പകരം ഭരണ ഉദ്യോഗസ്ഥ നേതൃത്വങ്ങളെ ബോധ്യപ്പെടുത്താനാണ് നാം ശ്രമിച്ചത്. ഇതിനായി പരമാവധി ക്ഷമയോടെ സംഘടന മുന്നോട്ട് നീങ്ങി. അന്നത്തെ ആരോഗ്യവകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ളവർ ഫാർമസിസ്റ്റ്മാരെ തഴയുന്ന സമീപനമാണ് സ്വീകരിച്ചത്. എന്നാൽ ആർദ്രം പദ്ധതിക്ക് നേതൃത്വം നൽകുന്ന അധികാരികളെ ഫാർമസിസ്റ്റ് തസ്തികയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും, അവർ മരുന്നു വിതരണം തടസ്സപ്പെടുമെന്ന് ഉന്നത മീറ്റിംഗുകളിൽ സർക്കാരിനെ ബോധ്യപ്പെടുത്തിയതിന്റെയും ഫലമായി മാസങ്ങൾക്ക് ശേഷം 150 ഫാർമസിസ്റ്റ് തസ്തികകൾ അനുവദിച്ചു. മുൻ ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. ജമീല മേഡം അപ്പോഴത്തെ ഡയറക്ടർ ഡോ. സരിത മേഡം എന്നിവരുടെ സഹായങ്ങളെ ഇതിൽ നന്ദിയോടെ സ്മരിക്കേണ്ടതുണ്ട്.

രണ്ടാം ഘട്ടത്തിൽ 200 പി എച്ച് സി കൾ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആയി ഉയർത്തിയപ്പോൾ സ്വാഭാവികമായും 200 തസ്തികകൾ നമുക്ക് ലഭിക്കേണ്ടതായിരുന്നു. എന്നാൽ 1000 തസ്തികകൾ അനുവദിച്ചപ്പോൾ ഫാർമസിസ്റ്റ് തസ്തിക പൂർണ്ണമായും ഒഴിവാക്കി. ഇക്കാര്യത്തെ കുറിച്ച് പ്രാഥമിക വിവരം

കിട്ടിയപ്പോൾ തന്നെ സംഘടനാഭാരവാഹികൾ ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി ഷൈലജ ടീച്ചറെ കണ്ടു കാര്യങ്ങൾ ബോധിപ്പിച്ചു. ഫാർമസിസ്റ്റ് ഇല്ലാതെ FHC പ്രവർത്തിപ്പിക്കാൻ കഴിയില്ല എന്ന് എനിക്ക് ബോധ്യമുണ്ടെന്നും അതിനാൽ ആരോഗ്യവകുപ്പ് DHS നൽകിയ പ്രൊപ്പോസലിൽ ഉള്ള 200 ഫാർമസിസ്റ്റ് തസ്തികയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. എന്നാൽ ധനകാര്യ വകുപ്പാണ് ഫാർമസിസ്റ്റിനെ വെട്ടിയത് എന്ന് അവർ പറഞ്ഞു. കൂടാതെ ധനകാര്യ മന്ത്രി ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഭരണ പ്രതിപക്ഷ എം എൽ എ മാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നിവർക്ക് നിവേദനം നൽകുകയും നമ്മുടെ ആവലാതി ബോധിപ്പിക്കുകയും ചെയ്തു. വിവരാവകാശ നിയമപ്രകാരം ഇത് സംബന്ധിച്ച ഫയൽ നാം സംഘടിപ്പിച്ചു. അന്യായമായ കാരണം ചൂണ്ടിക്കാണിച്ചാണ് ഫാർമസിസ്റ്റ് തസ്തിക ഒഴിവാക്കിയിരിക്കുന്നത്. ഡോക്ടർ, നഴ്സ് തസ്തികകൾക്ക് ശേഷം പറയുന്നു ഫാർമസിസ്റ്റ് തസ്തികയുടെ കാര്യത്തിൽ പോസ്റ്റ് ക്രിയേഷൻ ഇല്ല. പകരം ജില്ലാതലത്തിലുള്ള പൂളിൽ നിന്ന് ഡിപ്ലോയ് ചെയ്യുമെന്ന്. ആരോഗ്യവകുപ്പിൽ ജോലിയില്ലാത്ത ഫാർമസിസ്റ്റ്മാരുടെ പൂൾ എവിടെയാണുള്ളത്? തസ്തിക നിഷേധിക്കാനുള്ള ഗൂഢനീക്കം മാത്രമായിരുന്നു ജില്ല പൂൾ എന്ന് നമുക്കറിയാം.

രണ്ടു ഷിഫ്റ്റുകൾ നടക്കുന്ന എഫ് എച്ച് സി കളിൽ ഒരു ഫാർമസിസ്റ്റിനെ മാത്രം വച്ചു ഫാർമസി ആക്ടിനു വിരുദ്ധമായി മരുന്നു ഡിസ്പെൻസിങ്ങ് നടത്തുമ്പോൾ, ഫാർമസി നിയമം സംരക്ഷിക്കാൻ ബാധ്യതയുള്ള സംസ്ഥാന ഫാർമസി കൗൺസിലിനു സ്വാഭാവികമായും നിയമ നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഇപ്പോഴും കൗൺസിൽ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറായിട്ടില്ല എന്നത് ഗുരുതരമായ പാളിച്ചയാണ്. അതുകൊണ്ടാണ് റാങ്ക് ലിസ്റ്റിൽ പെട്ടവർ ഉൾപ്പെടെ പാവപ്പെട്ട ഫാർമസിസ്റ്റ്മാർക്ക് പ്രക്ഷോഭവുമായി തെരുവിൽ ഇറങ്ങേണ്ടി വന്നത്.

കെ ജി പി എ ഇക്കാര്യത്തിൽ ഒരു സംഘടനയ്ക്ക് നിർവഹിക്കാവുന്ന എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഫാർമസിസ്റ്റുമാർ 5 ദിവസത്തോളം കറുത്ത ബാഡ്ജ് ധരിച്ചു ജോലി ചെയ്യുകയും പ്രതിഷേധവാരം ആചരിക്കുകയും ചെയ്തു. തുടർന്ന് ജില്ലാ കേന്ദ്രങ്ങളിൽ ഡി എം ഒ ഓഫീസുകളിലേക്ക് / മേജർ ആശുപത്രികൾക്ക് മുന്നിൽ പ്രതിഷേധമാർച്ചും യോഗവും നടത്തി. സെപ്റ്റംബർ 23 നു സെക്രട്ടറിയേറ്റിനു മുൻപിൽ നൂറുകണക്കിന് ഫാർമസിസ്റ്റുകൾ പങ്കെടുത്ത ഐതിഹാസികമായ മാർച്ചും ധർണ്ണയും നടത്തി. ഏറെ കാലങ്ങൾക്ക് ശേഷം സംഘടന ചരിത്രത്തിലെ ശ്രദ്ധേയമായ പ്രക്ഷോഭമായിരുന്നു സെക്രട്ടറിയേറ്റ് മാർച്ച്. നൂറുകണക്കിന് വനിതകൾ ഉൾപ്പെടെയുള്ള ഫാർമസിസ്റ്റുമാർ മാർച്ചിന് പിന്നിൽ അണിനിരന്ന് സംഘടന ചരിത്രത്തിൽ പുതിയ അധ്യായം എഴുതി ചേർത്തു.

തസ്തിക അനുവദിക്കുന്നതിൽ ഫാർമസിസ്റ്റുകളോട് ഉണ്ടായിട്ടുള്ള വിവേചനം പരിഹരിക്കുന്നതിനായി സംഘടന ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് ഇപ്പോൾ നടന്നു വരികയാണ്.

11–ാം ശമ്പള പരിഷ്കരണം

സർക്കാർ ജീവനക്കാരുടെയും, ജീവനക്കാരുടെയും 11–ാമത് ശമ്പള കമ്മീഷൻ നിശ്ചയിച്ചപ്പോൾ തന്നെ കെ ജി പി എ വ്യക്തമായ കാഴ്ചപ്പാടോടെ സ്വീകരിക്കേണ്ട നടപടികൾ ആസൂത്രണം ചെയ്തു. വിശദമായ ചർച്ചകൾ നടത്തി സമഗ്രമായ ഒരു പ്രൊപ്പോസലും, ആധികാരികമായ രേഖകളും സമർപ്പിച്ചു. ശമ്പള കമ്മീഷനുമായുള്ള ചർച്ചയിൽ നമ്മുടെ പ്രശ്നങ്ങൾ കൃത്യമായി ബോധ്യപ്പെടുത്താനും നമുക്ക് സാധിച്ചു.

ഏറെക്കാലം ഫാർമസിസ്റ്റ് മറ്റു പാരമെഡിക്കൽ വിഭാഗങ്ങൾക്കൊപ്പം ഒരേ ശമ്പളസ്കെയിലിൽ ഉണ്ടായിരുന്ന യു പി സ്കൂൾ അധ്യാപകർ ഉൾപ്പെടെയുള്ള വിഭാഗങ്ങൾ മുൻ പരിഷ്കരണത്തിൽ മുന്നിലെത്തിയതും നമുക്കുണ്ടായ അടിസ്ഥാന ശമ്പളത്തിലെ കുറവും, ചുമതലകളിലും ഉത്തരവാദിത്തങ്ങളിലും ജോലിസമയത്തിലും ഉണ്ടായ വർദ്ധനവ്, സ്റ്റോർ മാനേജ്മെന്റുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യതകൾ, പ്രത്യേക ശ്രദ്ധ വേണ്ട മരുന്നുകളുടെ കൈകാര്യം തുടങ്ങി വിവിധങ്ങളായ കാര്യങ്ങൾ, ഉത്തരവുകൾ, ചാർട്ടുകൾ തുടങ്ങിയ വിശദമായ രേഖകൾ സഹിതം നാം ബോധിപ്പിച്ചു. ഈ കാര്യങ്ങൾ പരിഗണിച്ചു കൊണ്ട് കമ്മീഷൻ ഫാർമസിസ്റ്റ് പാരമെഡിക്കൽ വിഭാഗങ്ങളുടെ അടിസ്ഥാന ശമ്പളം ഒരു സ്റ്റെപ്പ് വർധിപ്പിച്ചത് കെ ജി പി എ യെ സംബന്ധിച്ച് അഭിമാനകരമാണ്. സ്റ്റോർ സൂപ്രണ്ട്, സ്റ്റോർസ് ഓഫീസർ, എഫ് ഡബ്ല്യൂ, എ ഡി പി എസ് എന്നീ തസ്തികകളുടെ നാമങ്ങളിൽ ശമ്പള പരിഷ്കരണ ഉത്തരവിലെ പിശകുകൾ തിരുത്തൽ, ഇ എസ് ഐ വിഭാഗത്തിലെ ഫാർമസിസ്റ്റ് ഗ്രേഡ് 1, പി എസ് കെ ശമ്പളത്തിലെ കുറവ് പരിഹരിക്കൽ തുടങ്ങി തൃപ്തികരമായ നേട്ടങ്ങൾ കൊയ്തെടുക്കാൻ കഴിഞ്ഞത് കെ ജി പി എ യ്ക്ക് അഭിമാനകരമാണ്. വ്യക്തമായ പ്രൊപ്പോസൽ, തെളിവുകൾ കൃത്യമായ ഫോളോ അപ്പ് എന്നിവയാണ് ഈ നേട്ടങ്ങൾക്ക് പിന്നിൽ. രണ്ടു പതിറ്റാണ്ടിനു ശേഷമുണ്ടായ അടിസ്ഥാന ശമ്പള വർദ്ധനവ് എടുത്തുപറയേണ്ടതാണ്.

എന്നാൽ നാം മുന്നോട്ട് വച്ചിട്ടുള്ള സ്റ്റോർ സൂപ്രണ്ട് മുതൽ എസ്. ഒ. എഫ് ഡബ്ല്യൂ വരെ തസ്തികകൾക്ക് വ്യത്യസ്ത ശമ്പളസ്കെയിൽ SO GMS, ADPS തസ്തികകൾക്ക് വ്യത്യസ്ത ഉയർന്ന സ്കെയിൽ സ്റ്റോർ സൂപ്രണ്ട്, പി എസ് കെ മാർക്ക് ഹയർഗ്രേഡ്, ESI യിലെ ഫാർമസിസ്റ്റ് GR 1, GR 2 അനുപാതം 1:1 ആക്കി ഉയർത്തൽ തുടങ്ങിയവ ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. കൂടാതെ ഗസറ്റഡ്, നോൺ ഗസറ്റഡ് സ്റ്റോർ സൂപ്രണ്ട് തസ്തികകൾ ഏകീകരിച്ചത് വഴി സ്റ്റോർ സൂപ്രണ്ട്മാർക്ക് വരുന്ന ഫിക്സേഷൻ നഷ്ടവും പരിഹരിക്കേണ്ടതുണ്ട്.

കക്ഷി രാഷ്ട്രീയ ലേബലുകളിൽ ഫാർമസിസ്റ്റുമാരെ ഭിന്നിപ്പിക്കാനും പ്രൊഫഷണൽ ഐക്യം തകർക്കാനുമുള്ള ശ്രമങ്ങൾ തിരിച്ചറിയാനും, പ്രതിരോധിക്കാനും നാം തയ്യാറാകണം. യോജിച്ചുള്ള പ്രവർത്തനം കൊണ്ട് മാത്രമാണ് ഒന്നുമില്ലായ്മയിൽ നിന്ന് ഇത്രത്തോളം എത്താൻ നമുക്ക് സാധിച്ചത്. ഐക്യത്തോടെ മുന്നോട്ട് പോയാൽ ലോകോത്തരമായ ഫാർമസി പ്രൊഫഷൻ നമ്മുടെ സംസ്ഥാനത്തും ഉണ്ടാകുമെന്നത് നിശ്ചയമാണ്.

കെ ജി പി എ നടത്തിയ ഉജ്ജ്വലമായ പ്രവർത്തനങ്ങളും ചരിത്രനേട്ടങ്ങളും നിരവധിയാണ്. സ്ഥലപരിമിതി കാരണം ഏതാനും ചിലത് മാത്രമേ ഇവിടെ പ്രതിപാദിച്ചിട്ടുള്ളൂ. യശഃശരീരനായ ശ്രീ. കെ. വത്സരാജ്, മുൻ ബുള്ളറ്റിൻ എഡിറ്റർ ശ്രീ. കെ. പവിത്രൻ എന്നിവർ രണ്ടു ഘട്ടങ്ങളിലായി എഴുതിയ സംഘടന ചരിത്രങ്ങൾ വിശദവും സമഗ്രവുമായ വിവരങ്ങൾ നൽകുന്നതാണ്. മുഴുവൻ അംഗങ്ങളും അവ പഠിക്കേണ്ടതാണ്. തുടർന്നും സംഘടനയുടെ മുന്നണി പോരാളികളായി മാറി, നേട്ടങ്ങൾ കൊയ്തെടുക്കാനും, പ്രൊഫഷണൽ താല്പര്യങ്ങൾ ഉയർത്തി പിടിക്കാനും മുഴുവൻ സർക്കാർ ഫാർമസിസ്റ്റ്മാരും ഒന്നിച്ചണിനിരക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

♦♦♦

PHARMACY BULLETIN
Reg. No. 29377/78 The Official Publication of the Kerala Govt. Pharmacists' Association
സംഘടനാ അറിവുകളിലേക്കുള്ള വഴികാട്ടി

മനോജ് ടി. ജി.
എഫ്.എച്ച്.സി., കൂളിമുട്ടം

ആർദ്രം

അടിസ്ഥാന ആരോഗ്യസുരക്ഷയുടെ കാവൽക്കാരൻ

സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇരുപതുകളിലൂടെ മുന്നേറി 2030 ആവുമ്പോഴേക്കും പൂർത്തീകരിക്കുക എന്നതാണ് ഭരണകൂടങ്ങൾ ലക്ഷ്യംവയ്ക്കുന്നത്.

നവകേരള മിഷന്റെ ഭാഗമായി ആർദ്രം എന്ന സങ്കല്പം രൂപപ്പെടുകയും രോഗീസൗഹൃദമായ ഒരു കുടുംബാരോഗ്യ കേന്ദ്രം ഗ്രാമങ്ങളിൽ സാക്ഷാത്കരിക്കുകയും, അടിസ്ഥാന ആരോഗ്യ ആവശ്യങ്ങൾ എല്ലാംതന്നെ പൂർത്തീകരിക്കുകയും ചെയ്യുക എന്നത് ഇതുകൊണ്ട് ലക്ഷ്യമിട്ടിരുന്നു.

ഇന്ത്യയിൽ ചികിത്സയ്ക്കായി സ്വന്തം പോക്കറ്റിൽനിന്ന് ഏറ്റവും അധികം പണം ചിലവിടുന്ന ഒരു സംസ്ഥാനം കേരളമാണ്. അതോടൊപ്പം ജീവിതശൈലി രോഗത്തിന്റെ കേന്ദ്രവും സ്വാഭാവികമായും പൊതു ആരോഗ്യമേഖലയെ ശക്തിപ്പെടുത്താതെ മികച്ച ഒരു ഭാവികേരളം രൂപപ്പെടുത്താൻ ആർക്കും സാധിക്കില്ല.

രണ്ടായിരത്തിന്റെ തുടക്കത്തിൽ തന്നെ നമ്മുടെ ആരോഗ്യകേന്ദ്രങ്ങൾ ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുനൽകിയിരുന്നു. പ്രാദേശിക വിഭവങ്ങളും ആശയങ്ങളും പങ്കാളിത്തവും കൊണ്ട് വികസിക്കുകയും സേവനം മെച്ചപ്പെടുകയും ചെയ്ത ആരോഗ്യകേന്ദ്രങ്ങൾ 2017 മുതൽ നടപ്പിലാക്കി തുടങ്ങിയ ആർദ്രം പദ്ധതിയിലൂന്നി പിന്നെയും ഒരുപാട് മുന്നോട്ട് പോയി.

അടിസ്ഥാന ആരോഗ്യം നൽകുന്നതിൽ സ്ഥാപനത്തെ സജ്ജീകരിക്കാൻ സർക്കാർ വൻതോതിൽ പണം ഇവിടെ മുതൽ മുടക്കിയിട്ടുണ്ട്. സൗകര്യങ്ങളുടെ വിപുലീകരണം, കെട്ടിടങ്ങളുടെ കൂട്ടിചേർക്കൽ, സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കൽ, പുതിയ തസ്തികകൾ സൃഷ്ടിക്കാനും, ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനും അതുവഴി സാധാരണക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ അവരുടെ കുടുംബ ബഡ്ജറ്റിനെ താളം തെറ്റിക്കാതിരിക്കാനും സർക്കാർ ശ്രദ്ധിക്കുന്നു.

ഗുണമേന്മയുള്ള മരുന്നുകൾ ആരോഗ്യസുരക്ഷയ്ക്കായി ഒരുക്കി സൂക്ഷിച്ച് വിതരണം ചെയ്യുന്നതിനായി ഫാർമസി മേഖല ഇതിനകം ഒരുപാട് മാറിക്കഴിഞ്ഞു. താപനിയന്ത്രണ സംവിധാനങ്ങളും, ഈർപ്പരഹിത സൂക്ഷിപ്പ് കേന്ദ്രങ്ങളും ഇന്ന് സാർവ്വത്രികമായിക്കഴിഞ്ഞു.

170 ഓളം സ്ഥാപനങ്ങൾ തുടക്കത്തിൽ ആർദ്രവൽകരിച്ചപ്പോൾ 150 ഓളം പോസ്റ്റുകൾ കൊണ്ട് പക്ഷെ ഫാർമസി മേഖലയ്ക്ക്

തൃപ്തിപ്പെടേണ്ടിവന്നു. അതോടൊപ്പം പ്രാദേശികമായി ലഭിച്ച താൽക്കാലികക്കാരെ വച്ച് പണിയെടുപ്പിച്ച് വലിയ സാമ്പത്തിക ബാദ്ധ്യതകളും ഏറ്റെടുക്കേണ്ട ഒരു അവസ്ഥ ഫാർമസിസ്റ്റുകൾക്ക് വന്നുചേർന്നു.

സ്റ്റോർ കസ്റ്റഡിയനും, ഫാർമസിസ്റ്റും ഒരാളായി മാറുമ്പോൾ... വിവിധ ദേശീയ പദ്ധതികൾക്ക് ചാലകശക്തിയായി മാറുമ്പോഴും... വർദ്ധിപ്പിക്കപ്പെട്ട പഞ്ചായത്ത് പദ്ധതികളുടെ നടത്തിപ്പിനും... പാലിയേറ്റീവ് മേഖലയിലെ ഉപകരണങ്ങൾ അടക്കം സ്റ്റോക്ക് എടുത്ത് സ്വന്തം ഉത്തരവാദിത്വത്തിൽ വിതരണം ചെയ്യേണ്ട ജോലിയും... അതോടൊപ്പം ഗ്രാമീണ മേഖലയിലെ 75 ശതമാനം രോഗികളെയും തൃപ്തിപ്പെടുത്തി മരുന്നുകളുമായി പറഞ്ഞയക്കേണ്ട ആവശ്യങ്ങളും വന്നുചേർന്നതിനാൽ നിലവിൽ പൊതുമേഖലയിലെ ഫാർമസിസ്റ്റുകൾ ദുരിതത്തിലാണ്.

സ്ഥിരമായ നിയമനങ്ങളിലൂടെ പങ്കുവയ്ക്കുന്ന ഉത്തരവാദിത്വങ്ങളാണ് പലരും കാണാതെ പോവുന്നത്. ഒരിക്കൽ പകരക്കാരനെ വച്ച് പോലും ഡിസ്പെൻസ് ചെയ്യാം എന്ന ഉത്തരവും വരികയുണ്ടായി. 1948 ൽ തന്നെ ശക്തമായ ഫാർമസി നിയമം പാസാക്കിയ രാജ്യത്ത് ഫാർമസി മേഖല വലിയ നവീകരണത്തിലും കിതക്കുകതന്നെയാണ്.

രൂപമാറ്റം വന്ന താലൂക്ക്... ജില്ല... ജനറൽ... ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ജീവനക്കാരുടെ ക്ഷാമം ഉണ്ട്. അതിജീവനത്തിന്റെ ഒരു ഘട്ടത്തിലും പതറാതെ നിന്ന പൊതു ആരോഗ്യ മേഖലയിൽ സ്ഥിരമായ നിയമനങ്ങളാണ് ഇനി വേണ്ടത്.

ഏകദേശം 10,000 ഓളം തസ്തികകൾ സർക്കാർ ആരോഗ്യമേഖലയിൽ അനുവദിച്ചു എന്നത് പ്രത്യേകം പറയണം. സാമ്പത്തിക ദുരിതത്തിലും, പ്രകൃതി പ്രളയത്തിലും, കോവിഡ് അന്തരീക്ഷത്തിലും സമൂഹത്തെ ആരോഗ്യപരമായി വീഴാതെ പിടിച്ചു നിർത്തിയതിൽ ആരോഗ്യവകുപ്പിന് വലിയ പങ്കുണ്ട്.

പക്ഷെ തിരക്കിൽ അമരുന്ന ഒരു സഞ്ചയത്തെ പരിപാലിക്കാൻ എണ്ണങ്ങൾ കൂട്ടി എങ്കിലും അത് തികയാതെ വരുന്നു. ഏത് കാലത്തേക്കാളും ഇന്ന് പൊതുസമൂഹം സർക്കാർ സംവിധാനങ്ങൾ ഉപയോഗിക്കുന്നു. വിശ്വസിക്കുന്നു. മൂന്നും നാലും ഡോക്ടർമാർ ചികിത്സിക്കാനായി ഇരിക്കുന്നിടത്തും മരുന്ന് നൽകാൻ ഒരാൾ മാത്രം എന്നത് വിചിത്രമാണ്.

തദ്ദേശ സ്ഥാപനങ്ങൾ ഫാർമസിസ്റ്റുകളെ നിയമിച്ച് പരമാവധി സഹായം നൽകാൻ ശ്രമിക്കുന്നു എങ്കിലും ഫാർമസിസ്റ്റുകളുടെ ആഭ്യന്തരമായ കണക്കുകളും, ഉത്തരവാദിത്വങ്ങളും പലരും അറിയുകയോ... പരിഗണിക്കുകയോ... ചെയ്യാതെ പോവുന്നു എന്നതാണ് സത്യം.

മഴക്കാലവും, മഹാമാരികളും, മലിനീകരണവും, കൊതുകും, ജീവിതശൈലികളും വികൃതമാക്കിയ സാമൂഹിക അന്തരീക്ഷത്തിൽ ആർദ്രം സ്ഥാപനങ്ങൾ ഒരു രക്ഷയാണ്... സുരക്ഷയാണ്... പക്ഷെ അതിനകത്തെ മരുന്ന്പുരകളിൽ വേവലാതിയുടെ ചൂട്കാറ്റ് അടിക്കുന്നത് കാണാതെ പോവരുത് എന്ന് മാത്രം...

♦♦♦

75 വർഷം പിന്നിടുന്ന ഫാർമസി ആക്ടും ഇന്ത്യയിലെ ഫാർമസി പ്രാക്ടീസും

കെ. സി. അജിത് കുമാർ
മുൻ പ്രസിഡന്റ്
സംസ്ഥാന ഫാർമസി കൗൺസിൽ

ഫാർമസി ആക്ട്, 1948 നിലവിൽ വന്നിട്ട് 75 വർഷം പിന്നിടുന്ന സാഹചര്യത്തിൽ നമ്മുടെ രാജ്യത്ത് ഫാർമസി നിയമങ്ങളെ സംബന്ധിച്ച് ചർച്ചകൾ നടക്കുകയാണ്. 75-ാം വാർഷികം സമുചിതമായി ആഘോഷിക്കണമെന്ന അഭിപ്രായങ്ങളും ആഹ്വാനങ്ങളും പല കോണുകളിൽ നിന്നും ഉയരുന്നുണ്ട്. ഈ അവസരത്തിൽ എന്താണ് ഫാർമസി ആക്ട് 1948 എന്നും 75-ാം വാർഷികത്തിന്റെ പ്രസക്തി എന്ത് എന്നും ഒരു പരിശോധന നടത്താൻ ഉള്ള അവസരം ഇതുതന്നെയാണ് എന്നു കരുതുന്നു.

1948 ൽ ഫാർമസി ആക്ട് നിലവിൽ വരുമ്പോൾ അതിൽ സെക്ഷൻ 48 ഫാർമസിസ്റ്റുകൾക്ക് മാത്രമായിരുന്നില്ല. പ്രിസ്ക്രിപ്ഷൻ ഡിസ്പെൻസ് ചെയ്യാനുള്ള സ്റ്റാറ്റ്യൂട്ടറി അധികാരം നൽകിയിരുന്നത് മെഡിക്കൽ സ്റ്റോറുകളിലെ ആർക്കും ഡിസ്പെൻസ് ചെയ്യാൻ അനുവാദം ഉണ്ടായിരുന്നു. ഈ നിയമം ഭേദഗതി ചെയ്യപ്പെട്ടത് 1960 മെയ് ഒന്നാം തിയതിയാണ് (by Act 24 of 1959).

ഫാം ഡി എജ്യുക്കേഷൻ റെഗുലേഷൻ കൊണ്ടുവരുന്നതിനൊപ്പം ഫാർമസി ആക്ടിൽ ഉയർന്ന യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രാക്ടീസ് നിയമഭേദഗതി കൊണ്ടുവരണമായിരുന്നു. ഇന്ത്യൻ എവിഡൻസ് ആക്ട് പ്രകാരം നിയമ വിധേയമാകേണ്ട പ്രൊഫഷണൽ പ്രാക്ടീസ് ആയി ഫാർമസി പ്രാക്ടീസ് മാറ്റേണ്ടതിന്റെ ഉത്തരവാദിത്വവും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയിൽ നിക്ഷിപ്തമായിരുന്നു. അതിനുപകരം നിയമ പിൻബലം ഇല്ലാത്ത പ്രാക്ടീസ് റെഗുലേഷൻ ഉത്തരവിലൂടെ ഡിപ്ലോമ ഫാർമസിസ്റ്റുകൾ മുതൽ ഡോക്ടർ ഓഫ് ഫാർമസി വരെ യോഗ്യത നേടിയ രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്ക് നിയമവിധേയമായി ചെയ്യാവുന്ന ജോലി മരുന്നുകൾ എടുത്തു കൊടുക്കുക എന്നതിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഫാം ഡി ഫാർമസിസ്റ്റുകൾ നേരിടുന്ന തൊഴിൽ പ്രതിസന്ധിക്ക് കാരണം മറ്റൊന്നല്ല.

നമ്മുടെ രാജ്യത്ത് ഫാർമസി വിദ്യാഭ്യാസവും പ്രൊഫഷണൽ പ്രാക്ടീസും നിയന്ത്രിക്കുന്നതിനായി രൂപം കൊടുത്ത നിയമമായ ഫാർമസി ആക്ട് 1948 ഇന്ന് നാം അറിയുന്ന ഫാർമസി ആക്ടിന് നിദാനമായത് 1976 ൽ കൊണ്ടുവന്ന 40 ഓളം ഭേദഗതികളാണ്. 1976 ൽ

ഫാർമസി കൗൺ സിൽ ഓഫ് ഇന്ത്യ പ്രസിഡന്റ് ആരായിരുന്നുവെന്നോ 1976 ലെ ഭേദഗതികൾക്കു പിന്നിൽ പ്രവർത്തിച്ചവർ ആരൊക്കെയെന്നോ അറിയാൻ യാതൊരു നിർവാഹവുമില്ല. മുൻകാല നാഴികക്കല്ലുകൾ പിഴുതെറിയുന്നതിൽ പി.സി.ഐ. മാത്രമല്ല സംസ്ഥാന ഫാർമസി കൗൺസിൽ ഭരണാധികാരികളും ഒരേ തൂവൽ പക്ഷികൾ തന്നെ. ഫാർമസി ആക്ട് 1948 ൽ അഞ്ച് ചാപ്റ്ററുകളിലായി ഫാർമസി നിയമങ്ങൾ വിവരിക്കപ്പെട്ടിരിക്കുന്നു. ചാപ്റ്റർ 1 ഫാർമസി ആക്ടിനെക്കുറിച്ചുള്ള മുഖവുരയാണെങ്കിൽ ചാപ്റ്റർ 2 ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യ എന്ന അഖിലേന്ത്യാ സംവിധാനത്തിന്റെ രൂപീകരണത്തെ സംബന്ധിച്ചും ഫാർമസി കോഴ്സുകളെയും മിനിമം യോഗ്യത, സിലബസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഘടനാപരവും നയപരവുമായ വിഷയങ്ങൾ പ്രതിപാദിച്ചിരിക്കുന്നു. മൂന്ന്, നാല്, അഞ്ച് ചാപ്റ്ററുകളിൽ സംസ്ഥാന ഫാർമസി കൗൺസിലുകളുടെ രൂപീകരണവും അതിന്റെ അധികാരങ്ങളും ചുമതലകളും പ്രൊഫഷണൽ പ്രാക്ടീസുമായി ബന്ധപ്പെട്ട രജിസ്ട്രേഷൻ, പ്രാക്ടീസ്, കുറ്റകൃത്യങ്ങൾ, ശിക്ഷ എന്നിവയെല്ലാം പ്രതിപാദിച്ചിരിക്കുന്നു.

75-ാം വാർഷികവേളയിൽ പ്രത്യേകം പരാമർശിക്കേണ്ട ഒരു കാര്യം നമ്മുടെ രാജ്യത്ത് ഫാർമസി ആക്ട് 1948 എന്നു മുതൽ നിലവിൽ വന്നു എന്ന കാര്യമാണ്. ഫാർമസി ആക്ടിലെ ചാപ്റ്റർ 2 ൽ പറയുന്ന ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ രൂപീകരണവും വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ അടങ്ങിയ നിയമങ്ങൾ, ഫാർമസി ആക്ട് നിലവിൽ വന്ന 1948 മാർച്ച് 4 നു തന്നെ രാജ്യത്തെമ്പാടും ഉടൻ പ്രാബല്യത്തിൽ വന്നുവെങ്കിലും സംസ്ഥാന ഫാർമസി കൗൺസിലുകളുടെ രൂപീകരണവും പ്രൊഫഷണൽ പ്രാക്ടീസുമായി ബന്ധപ്പെട്ട ചട്ടങ്ങളും ഇവയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് നടത്തേണ്ട സംസ്ഥാന ഫാർമസി കൗൺസിലുകളും അതാത് സംസ്ഥാന സർക്കാരുകൾ എന്ന് വിജ്ഞാപനം പുറപ്പെടുവിക്കുന്നുവോ അന്നത്തെ തിയതി മുതൽ മാത്രമേ ആ സംസ്ഥാനങ്ങളിൽ പ്രാബല്യത്തിൽ വരൂ എന്നതായിരുന്നു 1948 ലെ ഫാർമസി ആക്ടിലെ വ്യവസ്ഥ.

സംസ്ഥാനങ്ങളുടെ ഭൂപരമായ അതിർത്തികളിൽ വരുന്ന മാറ്റങ്ങൾ പോലും അത്തരം സംസ്ഥാനങ്ങളിലെ പുതുതായി കൂട്ടിച്ചേർക്കപ്പെടുന്ന പ്രദേശങ്ങളിൽ ഫാർമസി നിയമങ്ങൾക്ക് കടന്നുചെല്ലാൻ നിയമപരമായ മതിൽക്കെട്ടുകൾ ഉണ്ടായിരുന്നു എന്ന കാര്യവും ആരെയും ആശ്ചര്യപ്പെടുത്തുന്നതാണ്. ഫാർമസി മേഖലയിൽ രാജ്യവ്യാപകമായ നിയമവാഴ്ച ഇന്നും നടപ്പാക്കാൻ കഴിഞ്ഞില്ല എന്നത് 75-ാം വാർഷിക വേളയിൽ നാം ഓർക്കേണ്ടതുണ്ട്. ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിൽ ഇന്നും തിരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഫാർമസി കൗൺസിലുകൾക്ക് പകരം ഏറാൻമൂളികളായ ഉദ്യോഗസ്ഥന്മാരോ രാഷ്ട്രീയ ഭിക്ഷാംദേഹികളോ ആണ് സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഫാർമസി കൗൺസിലുകളെ നിയന്ത്രിക്കുന്നത്.

ഫെഡറൽ ഭരണസംവിധാനം നിലനിൽക്കുന്ന ഇന്ത്യാ രാജ്യത്ത് ഫാർമസി നിയമങ്ങളുമായി ബന്ധപ്പെട്ട് ചാപ്റ്റർ 2 നു കീഴിൽ പ്രതിപാദിച്ചിരിക്കുന്ന നിയമങ്ങൾ മാത്രമാണ് പി.സി.ഐ. യുടെ നിയന്ത്രണത്തിൽ വരുന്നത്. കേന്ദ്രതലത്തിൽ ചെയ്യാവുന്ന നിയമനിർമ്മാണങ്ങളെ സംബന്ധിച്ച് ഇതേ ചാപ്റ്ററിലെ സെക്ഷൻ 18 ൽ വിവരിച്ച വിഷയങ്ങളിൽ മാത്രമേ അനുവാദമുള്ളൂ.

പ്രൊഫഷനും പ്രാക്ടീസും ആയി ബന്ധപ്പെട്ട നിയമങ്ങളുടെ രൂപീകരണം സംസ്ഥാനങ്ങളിൽ നിർവഹിക്കുന്നു. ഈ നിയമങ്ങൾ അഥവാ ചട്ടങ്ങൾ നടപ്പാക്കേണ്ട ഉത്തരവാദിത്വം പൂർണ്ണമായും സംസ്ഥാന ഫാർമസി കൗൺസിലുകൾക്കാണ്. എന്നാൽ കഴിഞ്ഞ കുറച്ചുകാലമായി ഫാർമസി കൗൺസിൽ

ഓഫ് ഇന്ത്യയുടെ പല തീരുമാനങ്ങളും നിർദ്ദേശങ്ങളും നിയമലംഘനങ്ങളാണെന്ന് വ്യാഖ്യാനിക്കുന്നവയാണ്.

സംസ്ഥാന ഫാർമസി കൗൺസിലുകളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള അധികാരം ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയുടെ അവകാശമാണെന്ന് ധരിച്ചുവശായവരാണ് കുറെകാലമായി പി. സി. ഐ. യുടെ തലപ്പത്തിരിക്കുന്നവർ.

ഫാർമസി പ്രാക്ടീസ് റെഗുലേഷൻ 2015 ഉത്തരവ് തന്നെ അബദ്ധമാണ് എന്ന് പറയാതിരിക്കാൻ നിർവാഹമില്ല. ഇത്തരമൊരു റെഗുലേഷൻ രൂപീകരിച്ചുകൊണ്ടുള്ള ആമുഖത്തിൽ പറയുന്നത് ഫാർമസി ആക്ടിലെ സെക്ഷൻ പത്തും പതിനെട്ടും ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് നൽകിയിട്ടുള്ള അധികാരമുപയോഗിച്ച് ആണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നാണ്.

ഫാർമസി ആക്ട് സെക്ഷൻ 10 ൽ എജ്യുക്കേഷൻ റെഗുലേഷനുകൾ രൂപീകരിക്കുന്നതിന് അധികാരം നൽകുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഫാർമസി പ്രാക്ടീസിനുള്ള മിനിമം യോഗ്യത, പഠന സൗകര്യം, വിഷയങ്ങൾ, കോഴ്സുകളിൽ അഡ്മിഷനുള്ള മിനിമം യോഗ്യത, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരവും സൗകര്യങ്ങളും നിശ്ചയിക്കൽ, പരീക്ഷകളുടെ നടത്തിപ്പ് തുടങ്ങി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടുകൂടി വരുത്തുന്ന ഏതൊരു നിയമഭേദഗതിയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം തേടണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഫാർമസി ആക്ട് സെക്ഷൻ 18 ൽ പി സി ഐ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ നിശ്ചയിക്കൽ, പി സി ഐ യോഗ നടപടിക്രമങ്ങൾ നിശ്ചയിക്കാൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങളും, പി സി ഐ പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും അധികാരങ്ങളും, ഇൻസ്പെക്ടർമാരുടെ നിയമനവും ചുമതലകളും നിശ്ചയിക്കൽ, സെൻട്രൽ രജിസ്റ്റർ സൂക്ഷിക്കേണ്ട രീതി, സബ് കമ്മിറ്റികളുടെ രൂപീകരണവും കർത്തവ്യങ്ങളും നിശ്ചയിക്കൽ എന്നിവ ഉൾക്കൊള്ളുന്നതാണ്.

മേൽപറഞ്ഞ സെക്ഷനുകളിൽ ഒരിടത്തും സംസ്ഥാന സർക്കാരുകളുടെയും സംസ്ഥാന ഫാർമസി കൗൺസിലുകളുടെയും അധികാരപരിധിയിൽപ്പെടുന്ന ഫാർമസി പ്രാക്ടീസ് റെഗുലേഷൻ നിശ്ചയിക്കാൻ ഫാർമസി കൗൺസിൽ ഓഫ് ഇന്ത്യയ്ക്കോ കേന്ദ്ര സർക്കാരിനോ അധികാരം നൽകുന്നില്ല. ഇത്തരമൊരു നിയമനിർമ്മാണത്തിനുള്ള അധികാരം സെക്ഷൻ 46 കെ കെ അനുസരിച്ച് സംസ്ഥാനങ്ങൾക്കാണ്.

അതായത് ഫാർമസി പ്രാക്ടീസ് റെഗുലേഷൻ 2015 ശുദ്ധ അസംബന്ധവും നിയമപരമായി നിലനിൽക്കാത്തതുമാണ്. ഏതൊരു നിയമവും രൂപംകൊള്ളുന്നത് അതാത് സർക്കാരുകൾക്ക് കീഴിലുള്ള നിയമ വകുപ്പിന്റെ സൂക്ഷ്മമായ പരിശോധനകൾക്ക് ശേഷമാണ്. എന്നാൽ ഫാർമസി നിയമങ്ങളുടെ കാര്യത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വളരെ ലാഘവത്തോടെയാണ് നിയമനിർമ്മാണങ്ങൾ കൈകാര്യം ചെയ്യുന്നത് എന്ന് പറയേണ്ടിവരുന്നു.

2011 ജനുവരി 17 ന് 50-100 (R) 2009 - PCI / 28059 - 92 എന്ന നമ്പറിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ തലക്കെട്ട് തന്നെ എല്ലാ സംസ്ഥാന ഫാർമസി കൗൺസിലുകൾക്കും രജിസ്ട്രേഷൻ ട്രിബ്യൂണലുകൾക്കും എന്നാണ്. രജിസ്ട്രേഷൻ ട്രിബ്യൂണലുകൾ ഇപ്പോഴും രാജ്യത്ത് പ്രവർത്തിക്കുന്നതായി PCI തന്നെ സാക്ഷ്യപ്പെടുത്തുന്നു എന്നത് ഭംഗ്യന്തരേണ ഇവിടെ സൂചിപ്പിക്കട്ടെ. പ്രസ്തുത സർക്കുലറിന്റെ രണ്ടാം ഖണ്ഡിക (ബി) യിൽ പറയുന്നത് ഫാം ഡി രജിസ്ട്രേഷൻ നൽകുന്നത് ഒരു പ്രത്യേക രജിസ്റ്ററിലാ

യിരിക്കണം എന്നാണ്. സർക്കുലറിന്റെ തുടർച്ച യായി രജിസ്ട്രേഷൻ നടപടി ക്രമങ്ങളും സംസ്ഥാനങ്ങൾക്ക് അയച്ചിട്ടുണ്ട്. ഇതിൽ അപേക്ഷിക്കേണ്ട ഫോറം മുതൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാതൃക വരെയുണ്ട്. ഫാർമസി ആക്ട് 1948, ചാപ്റ്റർ നാലിലെ സെക്ഷൻ 29 ഉം 30 ഉം ഒരിക്കലെങ്കിലും വായിച്ചിട്ടുള്ളവർ ഇത്തരം ഒരു സർക്കുലർ സംസ്ഥാന ഫാർമസി കൗൺസിലുകൾക്ക് അയക്കാൻ തയ്യാറാവില്ല. ഈ സർക്കുലറിലെ നിയമവിരുദ്ധത കേരളസംസ്ഥാന ഫാർമസി കൗൺസിൽ അന്ന് തന്നെ ചൂണ്ടിക്കാണിക്കുകയും ഫാർമസിസ്റ്റുകളുടെ രജിസ്ട്രേഷൻ തന്നെ അസാധുവാകാൻ സാധ്യതയുള്ള നിർദ്ദേശം പിൻവലിക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പി സി ഐ സർക്കുലർ പിൻവലിക്കാൻ തയ്യാറായില്ലെങ്കിലും ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളും പ്രത്യേക രജിസ്റ്റർ എന്ന നിർദ്ദേശം അന്ന് ഉപേക്ഷിക്കുകയായിരുന്നു.

1961 നവംബർ 14 ന് കേരള ഗസറ്റ് വിജ്ഞാപനം ചെയ്ത കേരള ഫാർമസി കൗൺസിൽ റൂൾസ് 1961 ഫാർമസി ആക്ടിലെ മൂന്ന്, നാല്, അഞ്ച് ചാപ്റ്ററുകളോട് 100% കൂറുപുലർത്തുന്നതായിരുന്നു. ഇൻസ്പെക്ടർമാരുടെ നിയമനവും അവർക്കുള്ള ഉത്തരവാദിത്വങ്ങളും മറ്റും ഉൾപ്പെടുത്തി കേരള ഫാർമസി കൗൺസിൽ ചട്ടങ്ങളിൽ ഭേദഗതി വന്നിട്ടുണ്ടെങ്കിലും 2012 ൽ ചട്ടങ്ങളാകെ മാറ്റിയെഴുതിക്കൊണ്ട് സംസ്ഥാന ഫാർമസി കൗൺസിലിന്റെ അധികാരങ്ങളെ ഇല്ലാതാക്കുന്ന ഭേദഗതി കേരള സർക്കാർ നടപ്പിലാക്കി. ഫാർമസി ആക്ട് 1948 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഫാർമസി കൗൺസിൽ റൂൾസിൽ സർക്കാർ കൈകടത്തലിനെതിരെ ഫയൽ ചെയ്ത കേസ് ഇപ്പോഴും കേരള ഹൈക്കോടതിയിൽ നടന്നുവരുന്നുണ്ട്. സംസ്ഥാന ഫാർമസി കൗൺസിലിന്റെ അധികാരങ്ങൾക്കും സ്വയംഭരണാവകാശത്തിനും മേലെ സർക്കാരിന്റെ ഇടപെടൽ നീതീകരിക്കാൻ കഴിയുന്നതല്ല. തിരഞ്ഞെടുപ്പുകൾ ഫാർമസി കൗൺസിൽ നേരിട്ടല്ല നടത്തേണ്ടതും സർക്കാർ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിക്കണമെന്നും ഫാർമസി ആക്ട് 1948 വിഭാവനം ചെയ്യുമ്പോൾ കൗൺസിലിനെ നോക്കുകുത്തിയാക്കുന്ന സർക്കാർ നിലപാട് തിരുത്തപ്പെടുക തന്നെ വേണം.

നിയമരാഹിത്യവും ഫാർമസിസ്റ്റുകളുടെ സംഭാവനയും

നിയമങ്ങൾ അറിയുകയും അവ പാലിക്കുകയും കാലോചിതമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യേണ്ടവരാണ് ഫാർമസിസ്റ്റുകൾ. എന്നാൽ ശാസ്ത്രീയമായി പ്രൊഫഷൻ പ്രാക്ടീസ് ചെയ്യുന്നതിനും നല്ലൊരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും പര്യാപ്തമായ വ്യവസ്ഥകൾ ഫാർമസി ആക്ടിലും ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലും നിലവിലുണ്ട്. ഡി & സി ആക്ട് റൂൾ 65(1), 65(2) എന്നീ നിയമങ്ങൾ ഡിസ്പെൻസിംഗ് രജിസ്റ്റർ പരിപാലിക്കേണ്ട ആവശ്യകത ഊന്നി പറയുന്നുണ്ട്. എന്നാൽ റീട്ടെയിൽ മേഖലയിൽ പ്രവർത്തിക്കുന്ന ഫാർമസിസ്റ്റുകൾ ബില്ലുകളിൽ തുല്യം ചാർത്തുന്നതിൽ മാത്രം വ്യാപൃതരാവുകയും തൊഴിൽ മേഖലയിൽ മറ്റുള്ളവരുടെ കടന്നുകയറ്റങ്ങളെ നിയമവിധേയമാക്കി മാറ്റി കൊടുക്കുന്ന ജോലി തുടരുകയും ചെയ്യുന്നു. ശമ്പളവും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളും നിലനിൽക്കുന്ന സർക്കാർ സർവീസിൽ പോലും ഈ വ്യവസ്ഥ നഗ്നമായി ലംഘിക്കപ്പെടുന്നു. ജോലിഭാരമെന്ന പേരു പറഞ്ഞ് നിയമങ്ങളെ അട്ടിമറിക്കാൻ കൂട്ടുനിൽക്കുമ്പോൾ നിയമലംഘനങ്ങളും തുടർകഥയാവുന്നു. ഇന്നത്തെ കുത്തഴിഞ്ഞ പ്രിസ്ക്രിപ്ഷൻ ഡിസ്പെൻസിങ്ങ് രീതിക്ക് ഒരു പരിധിവരെ ഫാർമസിസ്റ്റുകളും അവരുടെ സംഘടനകളും പുലർത്തുന്ന നിസ്സംഗതയും കാരണമാണ്. മാത്രമല്ല നിയമങ്ങൾ തങ്ങളുടെ തൊഴിൽ സുര

ക്ഷയ്ക്കുവേണ്ടി ഉപയോഗിക്കാനുള്ള ആയുധമാണെന്ന ധാരണയും ആപൽക്കരമാണ്.

ഡി & സി ആക്ട് സെക്ഷൻ 45 സബ് സെക്ഷൻ എ, ബി, സി ആയി വിവരിച്ചിട്ടുള്ള ചട്ടങ്ങൾ പാലിക്കാൻ ഫാർമസിസ്റ്റുകൾ തയ്യാറാവുകയും പ്രിസ്ക്രിപ്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാനും തയ്യാറായാൽ യോഗ്യതയില്ലാത്ത ആളുകൾ പ്രിസ്ക്രിപ്ഷൻ ഡിസ്പെൻസ് ചെയ്യുന്നത് ഒഴിവാക്കാനും രജിസ്റ്റേർഡ് ഫാർമസിസ്റ്റുകളുടെ നിയന്ത്രണത്തിൽ ഫാർമസി പ്രാക്ടീസ് കൊണ്ടുവരാനും സാധിക്കും.

D & C Rules 65(11)C പ്രകാരം മരുന്നുകൾ ഡിസ്പെൻസ് ചെയ്യുന്ന വേളയിൽ പ്രിസ്ക്രൈബറുടെ ഒപ്പിനു മുകളിലായി ഡിസ്പെൻസ് ചെയ്ത മരുന്നുകളുടെ വിവരം രേഖപ്പെടുത്തുകയും ഡിസ്പെൻസ് ചെയ്ത ആളുടെ പേരും രജി. നമ്പരും തിയതിയും രേഖപ്പെടുത്തുകയും വേണം എന്ന് പ്രതിപാദിച്ചിരിക്കുന്നു.

D & C Rules 1945 ചട്ടങ്ങളുടെ ലംഘനം ഫാർമസി നിയമങ്ങളുടെ ലംഘനമായി തന്നെ കണക്കാക്കുന്നതും ഫാർമസി രജിസ്ട്രേഷൻ തന്നെ റദ്ദാക്കപ്പെടാവുന്നതുമായ കുറ്റകൃത്യമായി ഫാർമസി ആക്ട് 1948 സെക്ഷൻ 36 വിവക്ഷിക്കുന്നു.

ഫാർമസി നിയമങ്ങളെക്കുറിച്ച് അറിവില്ലാത്തവർ പൊതുവിഷയങ്ങളിൽ നിയമയുദ്ധത്തിനിറങ്ങരുത് എന്ന് കേരള ഹൈക്കോടതിയിൽ നടന്ന പല കേസുകളും സാക്ഷ്യപ്പെടുത്തുന്നു. സംസ്ഥാനത്തെ ഫാർമസി നിയമലംഘനങ്ങൾക്കെതിരെ കോടതികളിൽ കേസുനടത്തിയവർ എത്തിപ്പെട്ടത് പത്മവ്യൂഹത്തിനു നടുവിലാണ്. പ്രിസ്ക്രിപ്ഷൻ ഡിസ്പെൻസിങ്ങ് എന്ന സാങ്കേതിക പദത്തിന്റെ അർത്ഥമോ, വ്യാപ്തിയോ കോടതിയെ ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല. 1948 ലെ ഫാർമസി ആക്ടിലെ സെക്ഷൻ 42 അറുപഴഞ്ചനെന്നു നിരീക്ഷിച്ച നീതിപീഠത്തെ 1986 വരെ ഇന്ത്യയിൽ പ്രാദേശികമായി വിലക്കുകൾ നിലനിന്നിരുന്ന നിയമമാണെന്നും ഇന്നും ഈ വകുപ്പു നടപ്പാക്കാനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാത്ത സംസ്ഥാനങ്ങൾ ഇന്ത്യയിലേറെയുണ്ടെന്നും ബോധ്യപ്പെടുത്താൻ സംസ്ഥാന ഫാർമസി കൗൺസിലിനു പോലും കഴിഞ്ഞില്ല എന്നത് ഏറെ ദുഃഖകരമാണ്. ഒരിക്കൽ കൂടി സൂചിപ്പിക്കട്ടെ ഫാർമസി നിയമങ്ങൾ അവഗണിക്കപ്പെട്ടുപോവുന്നുവെങ്കിൽ ജനങ്ങളെ പഴിചാരരുത്. അവരുടെ സംരക്ഷണത്തിനാണ് നിയമങ്ങൾ... അവർക്ക് സംരക്ഷണ കവചം തീർക്കാൻ ഫാർമസി സമൂഹം നിയമ സായുധരാവണം.

♦♦♦

Compliments from:-

SURYA ENTERPRISE

KODUNGALLUR

Ph: 0480 2807977

Dealers :- Medical Oxygen and Allied Products

കെ ജി പി എ യുടെ സമകാലിക നിയമപോരാട്ടങ്ങൾ

മനോജ് എം. കെ.
സംസ്ഥാന സെക്രട്ടറി

ഫാർമസി മേഖല അതിജീവനത്തിനായി കടുത്ത പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ് പൊതുവെ ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ സംജാതമായിരിക്കുന്നത്. ഇന്ത്യൻ പാർലമെന്റിൽ 1948 ൽ പാസ്സാക്കിയ ഫാർമസി നിയമത്തെ അതിന്റെ അടിസ്ഥാന തലത്തിൽത്തന്നെ ഇഴകീറി ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കയാണ്. ആഗോളതലത്തിൽ ആരോഗ്യരംഗത്ത് ഫാർമസിസ്റ്റിന്റെ ജോലിക്ക് കൂടുതൽ കൂടുതൽ അംഗീകാരവും മികവും വേതനവും ലഭിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽത്തന്നെയാണ് ഫാർമസി നിയമങ്ങളിൽ വെള്ളംചേർത്ത്, ഫാർമസി നിയമം സമൂഹത്തിന് ആരോഗ്യ ഔഷധ വിതരണ മേഖലയിൽ നൽകുന്ന ഔന്നത്യങ്ങളെ കണ്ടില്ലെന്നു നടിച്ച്, ആ നിയമത്തിന്റെ അടിസ്ഥാനശിലകളെത്തന്നെ വികലമാക്കി വെറും കച്ചവടതാൽപര്യങ്ങൾ മത്രം സംരക്ഷിക്കുന്ന തരത്തിൽ ഇന്ത്യയിലെ ഫാർമസിരംഗം 19-ാം നൂറ്റാണ്ടിലേക്ക് പിന്നോക്കം പോകുന്നത് ദുഃഖകരവും, വേദനാജനകവുമാണ്. ഓരോ അദ്ധ്യയനവർഷവും ഈ പ്രൊഫഷണൽ കോഴ്സ് പൂർത്തിയാക്കി ഇറങ്ങുന്ന യുവതലമുറയോട് ചെയ്യുന്ന കടുത്ത അനീതിയാണ് ഫാർമസി നിയമത്തെ അസ്ഥിരപ്പെടുത്തൽ.

കേരളത്തിലെ സർക്കാർ മേഖലയിൽപ്പോലും നിയമപരിരക്ഷ ഉണ്ടായിട്ടും, ഫാർമസിസ്റ്റിന്റെ അഭാവത്തിൽ അയോഗ്യരായവരെക്കൊണ്ട് മരുന്ന് വിതരണം ചെയ്യിക്കുക എന്ന അപ്രഖ്യാപിത നയമാണ് സർക്കാർതലത്തിലും, ഉദ്യോഗസ്ഥതലത്തിലും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിലും നടന്നുകൊണ്ടിരിക്കുന്നത്. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സംഘടന എന്ന നിലയിൽ ഫാർമസി മേഖലയെ മുച്ചൂടും ഇല്ലാതാക്കുന്ന നിയമലംഘനങ്ങൾക്കെതിരെയും, അനീതികൾക്കെതിരെയും പ്രതികരിക്കാതിരിക്കാൻ കെ ജി പി എ യ്ക്ക് കഴിയില്ല എന്നതാണ് വസ്തുത. ഒരു സ്വതന്ത്ര അരാഷ്ട്രീയ കാറ്റഗറിക്കൽ സംഘടനയാണെന്നുള്ളതും, - കാറ്റഗറി സംഘടനകളുടെ പ്രവർത്തനം ഏതുവിധേനയും ഇല്ലാതാക്കുക എന്ന മേജർ സംഘടനകളുടെ ഫാസിസ്റ്റ് നിലപാടുകളും യഥാസമയം നമുക്ക് ലഭിക്കേണ്ടിയിരുന്ന പല ആനുകൂല്യങ്ങളും, അവകാശങ്ങളും ഉത്തരവുകളായി ഇറങ്ങാതെ അവ നിഷേധിക്കപ്പെട്ട സാഹചര്യത്തിലും, നമ്മുടെ തൊഴിൽ മേഖലയിലേക്കുള്ള കടന്നുകയറ്റങ്ങൾക്കെതിരെയും, ഫാർമസി മേഖലയിലെ നിയമലംഘനങ്ങൾക്കെതിരെയും, കേരളത്തിലെ സർക്കാർ

മേഖലയിൽ മതിയായ തസ്തികകൾ സൃഷ്ടിക്കപ്പെടാത്ത സാഹചര്യങ്ങളിലുമൊക്കെയാണ് കെ ജി പി എ നിയമവ്യവഹാരത്തിലൂടെ ഇവയൊക്കെ നേടിയെടുക്കാൻ ശ്രമിച്ചിട്ടുള്ളത്.

കേരളത്തിലെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഫാർമസിസ്റ്റുമാരെ സംബന്ധിച്ച് സാജിറ മുഹമ്മദ് സലിം - കേരള സർക്കാരുമായി നടത്തിയ നിയമവ്യവഹാരത്തെക്കുറിച്ചും അതിന്റെ നാൾവഴികളെക്കുറിച്ചും, സർക്കാർ ഫാർമസി മേഖലയിൽ ഈ കേസിന്റെ അന്തിമവിധി ഉണ്ടാക്കിയ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് ഈയവസരത്തിൽ പ്രതിപാദിക്കാതിരിക്കാൻ സാധ്യമല്ല. യഥാർത്ഥത്തിൽ കെ ജി പി എ യ്ക്കുവേണ്ടിയാണ് അന്ന് മലപ്പുറം ജില്ലയിലെ റാങ്ക് പട്ടികയിലായിരുന്ന ശ്രീമതി സാജിറ മുഹമ്മദ് സലിം കേസ് നടത്തുന്നതിന് മുന്നോട്ട് വന്നത്. WP(C)37156/2016 dt. 23/5/17 നമ്പറായിട്ടുള്ള കേസിന്റെ വിധി ഇന്ത്യയിലൊട്ടാകെ ശ്രദ്ധിക്കപ്പെട്ട ഒന്നായിരുന്നു. 24/06/2016 ൽ DHS ന്റേതായി ഇറങ്ങിയ (.........)/48243)16-DHS നമ്പർ ഉത്തരവിലൂടെ NCD മരുന്നുകൾ സബ് സെന്ററുകൾ വഴി JPHN മാർ, ആശമാർ എന്നിവർ വഴി വിതരണം ചെയ്യാനുള്ള നിർദ്ദേശമായി വന്ന ഉത്തരവിനെതിരെയായിരുന്നു നമ്മുടെ നിയമപോരാട്ടം. 23/08/2017 ൽ ബഹുമാനപ്പെട്ട ജസ്റ്റിസ് ഷാജി പി. ചാലിയുടെ അന്തിമവിധിയിലൂടെ ഫാർമസിസ്റ്റ് അല്ലാതെ മറ്റാരും മരുന്ന് വിതരണത്തിന് അർഹരല്ല എന്നാണ് കോടതി അസന്ദിഗ്ദ്ധമായി വിധിച്ചത്. ഈ വിധിക്കുശേഷമാണ് കേരളത്തിലെ PHC, FHC തലങ്ങളിലുള്ള ആരോഗ്യസ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും, HMC ഫണ്ട് ഉപയോഗിച്ചും, പ്രോജക്ടുകൾ വഴിയും രണ്ടാമതൊരു ഫാർമസിസ്റ്റിനെ നിയമിക്കാൻ അധികൃതർ തയ്യാറായത്.

ആർദ്രം പദ്ധതിയുടെ ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ WP(C) 60669/2019 dt. 29/4/2019 എന്ന കേസ് നിലവിൽ കെ ജി പി എ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഈ കേസിൽ കെ ജി പി എ യ്ക്കുവേണ്ടി കേസ് വാദിക്കുന്നത് അഡ്വ. ഗോപകുമാരൻ നായരാണ്. ആർദ്രം പദ്ധതിയുടെ 3 ഘട്ടങ്ങളിലായി ആകെ 885 സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട് (ഒന്നാം ഘട്ടത്തിൽ 170 സ്ഥാപനങ്ങളും, രണ്ടാം ഘട്ടത്തിൽ 503 സ്ഥാപനങ്ങളും, മൂന്നാം ഘട്ടത്തിൽ 212 സ്ഥാപനങ്ങളുമായി ആകെ 885 സ്ഥാപനങ്ങൾ). ഒന്നാം ഘട്ടത്തിൽ ആരംഭിച്ച 170 സ്ഥാപനങ്ങളിലേക്കായി 150 ഫാർമസിസ്റ്റ് തസ്തികകൾ മാത്രമാണ് അനുവദിച്ചുകിട്ടിയത്. മതിയായ അടിസ്ഥാന സൗകര്യമില്ലായെന്ന കാരണത്താൽ 20 തസ്തികകൾ അനുവദിച്ചില്ല. ഈ 150 തസ്തികകൾതന്നെ ആദ്യഘട്ടത്തിലെ തസ്തികകൾ പ്രഖ്യാപിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല എന്നതാണ് വസ്തുത. കെ ജി പി എ നേതാക്കളുടെ സത്വര ഇടപെടലും, ... DHS ആയിരുന്ന ആർദ്രം പദ്ധതിയുടെ ആർദ്രം കൺസൽട്ടന്റ് ശ്രീമതി ജമീല മാഡത്തിന്റെ ഇടപെടലും കൊണ്ടാണ് 150 തസ്തികകളെങ്കിലും അനുവദിച്ചുകിട്ടിയത്. രണ്ടാം ഘട്ടത്തിൽ 374 സ്ഥാപനങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയപ്പോൾ ഫാർമസിസ്റ്റുമാരുടെ ഒരു തസ്തിക പോലും അതിൽ ഉൾപ്പെട്ടിരുന്നില്ല എന്നത് ഫാർമസി വിഭാഗത്തോടുള്ള കടുത്ത അവഗണന തന്നെയായിരുന്നു. ഇനി പ്രഖ്യാപിക്കാനിരിക്കുന്ന 3-ാം ഘട്ടത്തിലെ 212 കുടുംബാരോഗ്യകേന്ദ്രങ്ങളുടെ കാര്യത്തിൽ തസ്തികകൾ സൃഷ്ടിക്കപ്പെടുമ്പോൾ രണ്ടാം ഘട്ടത്തിലേതുപോലെ ഫാർമസി വിഭാഗം മാത്രം അവഗണന നേരിടുമോയെന്ന ആശങ്കയും, രണ്ടാം ഘട്ടത്തിൽ ഒരു ഫാർമസി തസ്തിക പോലും സൃഷ്ടിക്കാത്ത സർക്കാരിന്റെ വിവേചനപരമായ നടപടികളെയാണ് നമ്മൾ ഹൈക്കോടതിയിൽ

ചോദ്യംചെയ്യുന്നത്. ഈ കേസ് ഫയലിൽ സ്വീകരിക്കാൻ സർക്കാരിന്റെ സാമ്പത്തിക ബാധ്യത ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട ഹൈക്കോടതി വിസമ്മതിച്ചെങ്കിലും ഒരു വിഭാഗത്തോടു മാത്രമുള്ള വിവേചനപരമായ തീരുമാനമാണെന്ന അഭിഭാഷകന്റെ വാദഗതികൾ അംഗീകരിച്ചുകൊണ്ട് അത് ഫയലിൽ സ്വീകരിക്കുകയായിരുന്നു. നിലവിൽ ഈ കേസ് വാദങ്ങളെല്ലാം പൂർത്തിയാക്കി വിധിപറയുന്ന അന്തിമഘട്ടത്തിലാണ്.

സമകാലിക കോടതി ഉത്തരവ് എന്ന നിലയിൽ ഫാർമസിസ്റ്റുമാർക്കിടയിൽ ഏറെ ചർച്ചാ വിഷയമായ നിലവിൽ സർക്കാർ മേഖലയിലെ ആരോഗ്യസ്ഥാപനങ്ങളിൽ ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നതരത്തിൽ പ്രതികൂലമായ ഉത്തരവുകളും സർക്കുലറുകളും ഇറങ്ങുന്നതിന് സാഹചര്യമൊരുക്കിയ AKPU കേരള സർക്കാർ കേസിനെപ്പറ്റി വിശദീകരിക്കാം.

ആരോഗ്യവകുപ്പ് സെക്രട്ടറി 20/03/2020 ൽ (631/2020 HEFWD) ഇറക്കിയ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് AKPU എന്ന സർക്കാർ മേഖലയിൽ ഒട്ടും പ്രാതിനിധ്യമില്ലാത്ത സംഘടന സമാനമേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുമായി കൂടിയാലോചനപോലും നടത്താതെ ഏകപക്ഷീയമായി നൽകിയ കേസാണ് WP(C) 33715/ 2019. 25/02/2021 ൽ ഈ കേസിൽ വാദം പൂർത്തിയാക്കി ജസ്റ്റിസ് പി. ബി. സുരേഷ്കുമാർ പുറപ്പെടുവിച്ച അന്തിമവിധി ഫാർമസി നിയമങ്ങളെ അപ്പാടെ തമസ്കരിക്കുകയും ഫാർമസി പ്രൊഫഷന്റെ അടിത്തറ ഇളക്കാൻ പോന്നതുമായിരുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറി ഇറക്കിയ ഉത്തരവ് കേന്ദ്രാവിഷ്കൃത പദ്ധതിയായ NCD പ്രോജക്ടിൽ കോവിഡിന്റെ പ്രത്യേക സാഹചര്യം (യാത്രാസൗകര്യ പരിമിതി) പരിഗണിച്ച് NCD മരുന്നുകൾ ഫാർമസിയിൽ നിന്ന് ഫാർമസിസ്റ്റ് 3 മാസത്തേക്ക് ഡിസ്പെൻസ് ചെയ്യുകയും അത് അനുബന്ധ സബ് സെന്ററുകൾ മുഖേന രോഗിയുടെ ആവശ്യത്തിനനുസരിച്ച് കൈമാറ്റം ചെയ്യപ്പെടുക എന്ന നിർദ്ദേശമായിരുന്നെങ്കിലും അതിനെതിരെ കേസിനുപോയ AKPU ഫാർമസി മേഖലയെ അപ്പാടെയും പ്രത്യേകിച്ച് സർക്കാർ മേഖലയിലെ ഫാർമസികളുടെ പ്രവർത്തനങ്ങളെ താളംതെറ്റിക്കുന്ന എല്ലാ ഫാർമസി നിയമങ്ങളെയും ലംഘിക്കുന്ന വിധിയാണ് നേടിയത്. ഈ വിധിക്കെതിരെ AKPU ഡിവിഷൻ ബെഞ്ച് മുൻപാകെ അപ്പീൽ പോകുകയും, ഈ സാഹചര്യത്തിൽ സർക്കാർ മേഖലയിലെ ഫാർമസിസ്റ്റുമാരെ പ്രതിനിധീകരിക്കുന്ന സംഘടന എന്ന നിലയിൽ കെ ജി പി എ ഇതിൽ പെറ്റീഷണർ ആയി കക്ഷിചേരാനുള്ള ശ്രമം സംസ്ഥാന കമ്മിറ്റി തീരുമാനപ്രകാരം നടത്തി. ഇതിനായി ഹൈക്കോടതി അഭിഭാഷകനായ അഡ്വ. സഹസ്രനാമനെ സമീപിച്ച് കേസ് അദ്ദേഹത്തെ ഏൽപ്പിക്കാൻ ധാരണയായെങ്കിലും, കണ്ണൂരിൽ നിന്നുള്ള ശ്രീമതി സുഗുണ രമേശൻ എന്ന രോഗി തനിക്ക് കണ്ണൂരിലുള്ള ഒരു സഹകരണ ആശുപത്രിയിൽ നിന്ന് സ്റ്റാഫ് നേഴ്സ് മരുന്നു മാറി നൽകിയതുമായി ഉണ്ടായ ആരോഗ്യപ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി പൊതുതാല്പര്യഹർജിയുമായി അഡ്വ. സഹസ്രനാമനെ സമീപിക്കുകയും, നമ്മൾ ഈ കേസിൽ നേരിട്ട് കക്ഷിചേരുന്നതിനേക്കാൾ ഗുണം ചെയ്യുക പൊതുതാത്പര്യപാർട്ടിക്കായിരിക്കും എന്ന് അഭിഭാഷകൻ ഉപദേശിച്ചതിൻ പ്രകാരമാണ് കെ ജി പി എ യെ ഈ കേസിൽ Impleaded പെറ്റീഷനർ ആക്കിയത്. ഈ കേസിൽ വിശദമായ വാദം കേട്ടശേഷം 13/ 01/2022 ൽ ഡിവിഷൻ ബെഞ്ച് ഈ കേസിൽ വിധി പുറപ്പെടുവിക്കുകയുണ്ടായി.

വിശദമായ 16 മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ഫാർമസിസ്റ്റിന്റെ അഭാവത്തിൽ ആർക്കൊക്കെ മരുന്ന് നൽകാമെന്നും, മതിയായ ഫാർമസി യോഗ്യത ഇല്ലാത്തവരെ മരുന്ന് വിതരണത്തിന് നിയോഗിക്കുന്നത് ഫാർമസി നിയമം 1948 സെക്ഷൻ 42 പ്രകാരം നിയമവിരുദ്ധമാണെ

ന്നും, മെഡിക്കൽ ഓഫീസർമാർക്ക് ഫാർമസിസ്റ്റ് ഇല്ലാത്ത സന്ദർഭങ്ങളിൽ ഫാർമസി പ്രവർത്തിക്കുന്നതിന് നിയമം അനുശാസിക്കുന്ന ക്രമീകരണം നടത്തണമെന്നും ഉൾപ്പെടെയുള്ള വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും ഹെൽത്ത് സെക്രട്ടറിയുടെ ഉത്തരവ് നിയമാനുസൃതമായി നിലനിൽക്കുന്നതാണെന്നാണ് കോടതി നിരീക്ഷിച്ചത്. ഈ കോടതി വിധി സംബന്ധിച്ച് നിയമജ്ഞരും രണ്ടുതട്ടിലാണ് അഭിപ്രായം രേഖപ്പെടുത്തിയത്. ഈ 16 നിർദ്ദേശങ്ങൾ നിയമം അനുശാസിക്കണമെന്ന് വ്യക്തമായ സന്ദേശമാണ് നൽകുന്നതെന്ന് ഒരു വിഭാഗം അഭിപ്രായം പറഞ്ഞപ്പോൾ ഭൂരിഭാഗവും ഹെൽത്ത് സെക്രട്ടറിയുടെ ഉത്തരവ് നിരാകരിക്കാത്ത കോടതിവിധി നമ്മുടെ തലയ്ക്കു മുകളിൽ തൂങ്ങുന്ന ഡെമോക്ലിസിന്റെ വാളായാണ് വിശേഷിപ്പിച്ചത്. ഭൂരിഭാഗം അഭിഭാഷകരുടെ അഭിപ്രായം കണക്കിലെടുത്ത് ഈ വിധിയിൽ വ്യക്തത വരുത്തുവാനുള്ള മാർഗ്ഗം ആരാഞ്ഞപ്പോൾ, ഡിവിഷൻ ബെഞ്ചിലെ വിധിയായതിനാൽ ഈ കേസിൽ മേൽകോടതി സുപ്രീംകോടതിയാണെന്നാണ് അഭിപ്രായപ്പെട്ടത്. സുപ്രീംകോടതിയിൽ പോകുന്നതിനുള്ള ഭാരിച്ച ചിലവും, ഇന്ത്യയൊട്ടാകെയുള്ള ഫാർമസി സമൂഹത്തെ ഈ വ്യവഹാരനടപടികൾ ബാധിക്കുമെന്ന ആശങ്കയുമൊക്കെ പരിഗണിച്ച് ഒന്നിലധികം വിദഗ്ദ്ധ അഭിഭാഷകരിൽനിന്നും ഉപദേശം നേടിയിട്ട് മതി എന്ന നിലപാടിലാണ് കെ ജി പി എ.

അതേസമയം കോടതി ഉത്തരവിലുണ്ടായ ഈ അവ്യക്തത മുതലെടുത്തുകൊണ്ട് ഇടുക്കി ജില്ല ആരോഗ്യമേധാവി ഉൾപ്പെടെ, മറ്റു പല ജില്ലകളിലെയും ആരോഗ്യസ്ഥാപനങ്ങളിലെ മേലധികാരികൾ കോടതിവിധിയെ ഒട്ടും വിലകൽപ്പിക്കാതെ ഫാർമസിനിയമങ്ങളെ ലംഘിക്കുന്ന നിരവധി ഉത്തരവുകളാണ് ഇറങ്ങിക്കൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നിയമിതരായിരുന്ന ഫാർമസിസ്റ്റുമാരെ PHC കളിലെ ഒ.പി. സമയം 1 മണിവരെയായതിനാൽ അധികമായി ഫാർമസിസ്റ്റിനെ വച്ചാൽ ഓഡിറ്റ് പ്രശ്നമാകുമെന്ന പ്രചാരണവും, നിയമംമൂലം ആർക്കുവേണമെങ്കിലും മരുന്ന് നൽകാമെന്ന ബോധപൂർവ്വമായ പ്രചാരണവും സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഫാർമസിസ്റ്റുമാർക്ക് ഏറ്റവും വലിയ വിഷമസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്.

മേൽ സാഹചര്യങ്ങൾ സംബന്ധിച്ചും ഈ സ്ഥാപനമേധാവികൾ ഇറക്കിയിട്ടുള്ള ഉത്തരവുകൾ ചൂണ്ടിക്കാണിച്ചും ഹൈക്കോടതിയിൽ കോടതിവിധിയുടെ ലംഘനം എന്ന നിലയിൽ നിയമസാധുതയുണ്ടോ എന്ന് നിയമോപദേശം തേടിയപ്പോൾ അതിലൊരു സാധ്യതയുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. അടുത്ത ദിവസങ്ങളിൽ തന്നെ കൂടുതൽ ചർച്ചകൾക്കു ശേഷം നിയമപരമായ നടപടികളിലേക്ക് സംഘടന കടക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. കെ ജി പി എ എന്നും ഫാർമസി പ്രൊഫഷന്റെ ഔന്നത്യത്തിനും, വിഷമഘട്ടങ്ങളിൽ താങ്ങായുമാണ് നിലകൊള്ളുന്നത്. ഫാർമസി പ്രൊഫഷന്റെ അന്തഃസത്ത ഉയർത്തിപ്പിടിക്കാൻ എന്നും നിലകൊള്ളുന്ന സംഘടന എന്ന നിലയിൽ ചേർന്ന് നിൽക്കാൻ ഫാർമസി പ്രൊഫഷനെ സ്നേഹിക്കുന്ന ഓരോരുത്തരും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ “ഭീരുക്കൾ പല തവണ മരിക്കും; എന്നാൽ ധീരൻമാർ ഒരേയൊരു പ്രാവശ്യവും” എന്ന വില്യം ഷേക്സ്പിയറിന്റെ വാക്കുകളിലൂടെ നമ്മൾ ധീരന്മാരാണെന്ന് ഓർമ്മപ്പെടുത്തുന്നു.

♦♦♦

കെ.ജി.പി.എ. ജില്ലാ സമ്മേളനങ്ങൾ

ആശംസകളോടെ...

PHARMACEUTICAL SOCIETY OF KERALA

SENIOR PHARMACISTS ORGANISATION

Crispy
Munchy
Tasty!
Elite
GOOD FOR YOU
Premium Rusk
Elite
GOOD FOR YOU
Crunchy
MILK RUSK
Elite
GOOD FOR YOU
Premium
ELAICHI RUSK
Elite
GOOD FOR YOU
CLASSIC RUSK
Make your evenings, more delightfull with the crunchy, Munchy Elite Rusk. Now enjoy Chai time with your loved ones!
കറുമുറെ
കഴിക്കൂ!
www.elitefoods.co.in

CENTRAL
Surgicals

Ambady Building, Opp. SBI. Branch, Kuruppam Road, Thrissur

Show Room : Silvershine Building, Aswini Hospital Via,
Patturaikkal , Ph : 0487-2427661

Branch : Veliyannur Road, Thrissur- 21, Ph: 0487-2424562

(ഗവ: അംഗീകൃത സ്ഥാപനം)

Mob : 9495988661, 9447798661

Email: centralsurgicals@yahoo.com, www.centralsurgicals.com

Surgical Products, Lab Reagents and Lab Equipments, Physiotherapy, Dental Equipments, Hospital Furniture and all equiments Repairing & Services

"ശ്രദ്ധിക്കുക"

കൊറോണ വൈറസ് (covid-19)സ്ഥിതികരിച്ച സാഹചര്യത്തിൽ
നിങ്ങളുടെ സുരക്ഷക്കായി Pulse Oximeter, PPE Kits, N95 Mask,
Hand sanitizers, 3 layer Mask, Thermal scaner (IR Thermometer), BP Monitor Digital,
Disinfectant spray, Bio Bag, Googles എന്നിവ ഞങ്ങളുടെ പക്കൽ സ്റ്റോക്ക് ഉണ്ട്.
ആവശ്യമുളളവർ ഉടൻ ബന്ധപ്പെടുക. നിങ്ങളുടെ ആവശ്യനുസരണം ഞങ്ങൾ
സാധനങ്ങൾ എത്തിച്ചു തരുന്നതാണ്.

സാന്ത്വനം

മെഡിക്കൽ സൂപ്പർ സ്റ്റോർ

(ജനകിയ മെഡിക്കൽ സ്റ്റോർ)

എല്ലാ മരുന്നുകൾക്കും

50% ത്തിൽ കൂടുതൽ കിഴിവ്

കേരളത്തിലെ എല്ലാ ജില്ലാകളിലേക്കും

സാന്ത്വനം

മെഡിക്കൽ സൂപ്പർ സ്റ്റോർ

(ജനകിയ മെഡിക്കൽ സ്റ്റോർ)

ഫ്രാൻഞ്ചൈസികളെ ക്ഷണിക്കുന്നു.

For Club Membership Holders

Extra 5% off

ഇൻസുലിൻ 30% വിലക്കുറവിൽ

Kaizen Avighna, Ground Floor, Karthyayani Temple Rd.
Ayyanthole P.O., Thrissur-680003, Kerala.

9074046463 | 6238582223

swanthanammedicalsuperstore@gmail.com

www.swanthanammedicals.com

* Conditions Apply

With BEst Compliments from

T G MARKETING

15/427A, Near Water Tank
Vyapara Bhavan Building
Kottakkunnu,
Malappuram - 676 505

Distributors : Medicine (Wholesale), Surgical etc.

ടി. എൽ മേരിസ് പടിയിറങ്ങുമ്പോൾ...

അഭിലാഷ് ജയറാം
സംസ്ഥാന സെക്രട്ടറി



തൃശൂർ ജില്ലയിലെ സംഘടനാരംഗത്ത് നിന്ന് സംസ്ഥാന നേതൃത്വത്തിലേക്ക് ഉയർന്ന് ഏവരുടെയും അംഗീകാരത്തോടെ സംഘടനയെ നയിച്ച ടി. എൽ. മേരിസ് മെയ് 31 ന് സർവ്വീസിനോട് വിടപറഞ്ഞു.

സംഘടനയുടെ സംസ്ഥാന സെക്രട്ടറി എന്ന നിലയിലും, സെക്രട്ടേറിയറ്റ് മെമ്പർ എന്ന ചുമതലയിലും ഏൽപിക്കപ്പെട്ട ചുമതലകൾ കൃത്യതയോടെ പൂർത്തിയാക്കിയാണ് അവർ പടിയിറങ്ങുന്നത്. തൃശൂർ ജില്ലയിൽ സംഘടന പ്രവർത്തനത്തിന് എന്നും വഴികാട്ടിയും പുതിയ പ്രവർത്തകരെ കണ്ടെത്തി സംഘടനയുടെ മുൻനിരയിലേക്ക് അവരെ കൈപിടിച്ച് നടത്താനും നാളെയുടെ നേതാക്കളായി അവരെ വളർത്തിയെടുക്കാനും മേരിസ് അതീവ ശ്രദ്ധാലുവായിരുന്നു.

എറണാകുളം സംസ്ഥാന സമ്മേളനത്തിന് ശേഷം KGPA വനിത വിഭാഗം രൂപീകരിക്കാൻ തീരുമാനിച്ചപ്പോൾ അതിന്റെ ചുമതല മേരിസിന് നൽകുകയായിരുന്നു. തുടർന്നിങ്ങോട്ട് വനിത വിഭാഗത്തിന്റെ മുഖശബ്ദമായി മാറി അതിനെ എല്ലാ ജില്ലകളിലും വളർത്തി എടുക്കുന്നതിൽ അവർ ശ്രമകരമായ പങ്ക് വഹിച്ചിട്ടുണ്ട്.

26 വർഷത്തെ സർവ്വീസിനിടയിൽ പ്രവർത്തിച്ച ഏത് മേഖലയിലും... സഹപ്രവർത്തകർക്കിടയിൽ മികച്ച സഹകാരിയായിരുന്നു. തൃശൂർ ജില്ലയിലെ KGPA പ്രവർത്തനങ്ങളിൽ അവരുടെ വാക്കുകൾക്കും നിർദ്ദേശങ്ങൾക്കും വലിയ അംഗീകാരമായിരുന്നു.

സോഷ്യൽ വിദ്യാഭ്യാസ മേഖലയിൽ ഉന്നത ബിരുദധാരിയായ മേരിസ് പലപ്പോഴും തുടർ വിദ്യാഭ്യാസ ക്ലാസ്സുകളുമായി ഫാർമസിസ്റ്റ് സമൂഹത്തിന് തുണയായി നിന്നു.

DDMS സംവിധാനം നടപ്പിലാക്കിയപ്പോൾ അത് ലളിതമായി വിശദീകരിച്ച് ഏവർക്കും സഹായിയായി നിന്നതും ഓർക്കണം. തൃശൂർ ജില്ലയിലെ ഫാർമസി ഇൻസ്പെക്ടർ എന്ന നിലയിലും അവർ സ്തുത്യർഹമായി ജോലി ചെയ്തു. തൃശൂർ ജില്ലയിൽ ഫാർമസിസ്റ്റ് ഐക്യം രൂപപ്പെടുത്തുന്നതിൽ ടൂർ പരിപാടികളും... ഫാർമസോൾവ് പോലെ പുതിയ കൂട്ടുകാർക്കായുള്ള സംശയനിവാരണ ക്ലാസ്സുകളിലും അവർ നിറഞ്ഞ് നിന്നു.

ഒരു ഫാർമസിസ്റ്റ് കുടുംബമാണ് മേരിസിന്റേത്. മകനും, മരുമകളും, ഭർത്താവും, മരുമകനും ഫാർമസിസ്റ്റുകളാണ്. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് അനികുമാരിയുടെ ശിക്ഷണത്തിൽ സംഘടനയിൽ ഉയർന്നുവന്ന മേരിസ് പിരിയുമ്പോൾ സംഘടന കൂടുതൽ മുന്നോട്ട് പോയിട്ടുണ്ട്. അവരുടെ സംഘടനാമികവും സ്നേഹവും പുതിയ തലമുറയ്ക്ക് ഒരു പാഠമായി സമൂഹമനസ്സിൽ ഇനിയും നിറഞ്ഞ് നിൽക്കും.

♦♦♦

ഇന്ത്യയിൽ മരുന്ന് വില കൂടുമ്പോൾ

കെ. പി. സജീർ
ജില്ലാ പ്രസിഡന്റ്
കെ.ജി.പി.എ., എറണാകുളം

അതിഭീമമായ വില വർധനക്ക് ഇന്ത്യൻ മരുന്ന് വിപണി സാക്ഷിയാകുകയാണ്. ഇന്ധനത്തിന്റെയും പാചകവാതകത്തിന്റെയും അടിക്കടിയുള്ള വർദ്ധനക്കിടെ മരുന്ന് വില കൂടി ഉയരുന്നത് ജനജീവിതം പരിപൂർണ മായും ദുസ്സഹമാക്കും.

ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന വില വർധനക്കാണ് ഇപ്പോൾ നാഷണൽ ഫർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി അനുമതി നൽകിയിരിക്കുന്നത്. ഈ തീരുമാനത്തോടെ ഏകദേശം എണ്ണൂറോളം

മരുന്ന് ചേരുവകളുടെ വില 10.7% വർധിക്കും. ഈ ചേരുവകൾ അസംഖ്യം കമ്പനി നാമങ്ങളായി വിറ്റഴിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വയാണെന്ന് അറിയുമ്പോഴാണ് ഇത് വ്യാപക മായ വർധനയാണ് സാധാരണക്കാരനുമേൽ വരുത്തിവെക്കുക എന്ന് നമുക്ക് മനസിലാകുക. ഇതോടെ പാരസെറ്റമോൾ മുതൽ ഫീനോബാർബ് വരെയുള്ള മരുന്നുകൾക്ക് കനത്ത വില നൽകേണ്ടിവരും.

10.7%വർധനയെന്നത് കടുത്തതും നീതീകരിക്കാനാകാത്തതാണെന്നും ഔഷധ രംഗത്തെ ആക്റ്റീവിസ്റ്റുകൾ അഭിപ്രായപ്പെട്ടു കഴിഞ്ഞു.

NPPA 2019ൽ വർധിപ്പിച്ചത് 2 ശതമാനവും 2020ൽ വർധിപ്പിച്ചത് 0.5ശതമാനവും ആയിരുന്നുവെന്ന് കൂട്ടി വായിക്കുമ്പോഴാണ് ഈ വിലക്കയറ്റത്തിലേ അന്യായം ബോധ്യപ്പെടുക.

ലോകത്തിന്റെ ഫാർമസി

ഇന്ത്യ ലോകത്തിന്റെ ഫാർമസിയെന്ന് ഖ്യാതിയുള്ള രാജ്യമാണ്. ജീവൻ രക്ഷാ ഔഷധങ്ങൾ കുറഞ്ഞ ചെലവിൽ നിർമിക്കുകയും കയറ്റുമതി ചെയ്യുകയും ചെയ്യുന്ന ഇന്ത്യൻ അനുഭവമാണ് നമ്മെ ലോകത്തിന്റെ മരുന്ന് കടയാക്കിയത്.

രാജ്യത്തെ മികച്ച പശ്ചാത്തല സൗകര്യവും പൊതുമേഖലയിലുള്ള ഉത്പാദന സംരംഭങ്ങളും വികസനോൻമുഖ ഔഷധ നയങ്ങളുമാണ് ഇത് സാധ്യമാക്കിയത്.

1972 ലെ പേറ്റന്റ് നിയമം

2005 വരെ ഇന്ത്യയിൽ മരുന്നുകൾക്കു ഉത്പന്ന പേറ്റന്റ് (product patent)നു പകരം പ്രക്രിയ പേറ്റന്റ് (process paetency) ആയിരുന്നു നിലവിൽ ഉണ്ടായിരുന്നത്. അതുവഴി ലോകത്തെവിടെയുമുള്ള മരുന്നുകൾ വ്യത്യസ്തമായ പ്രക്രിയയിലൂടെ നമുക്ക് നിർമിക്കാൻ കഴിയുമായിരുന്നു.

അങ്ങനെയാണ് മറ്റു രാജ്യങ്ങളിൽ പേറ്റന്റ് ഉള്ള പല മരുന്നുകളുടെയും ജനറിക് ഭേദങ്ങൾ ഇന്ത്യ ഔഷധ വിപണിയിലെത്തിച്ചത്.

Imatinib പോലുള്ള അർബുദ മരുന്നുകളും zidovudine പോലുള്ള എയ്ഡ്സ് മരുന്നുകളും അമേരിക്കയിലിറങ്ങി വർഷങ്ങൾക്കകം നമ്മുടെ വിപണിയിലെത്തി.

ക്ഷയം, മലേറിയ, എയ്ഡ്സ്, ജീവിത ശൈലി രോഗങ്ങൾ എന്നിവക്കുള്ള മരുന്നുകൾ ഇന്ത്യ കുറഞ്ഞ ചെലവിലിറക്കി ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്.

അതോടൊപ്പം അടിസ്ഥാന മരുന്നുകൾ (bulk drugs) ഇന്ത്യയിൽ തന്നെ ഉത്പാദിപ്പിക്കണമെന്ന പുരോഗമനപരമായ ഔഷധ

നയവും നമ്മുടെ വില വർധനയെ വല്ലാതെ പിടിച്ചു നിർത്തിയിട്ടുണ്ട്.

2005ൽ രാജ്യം ഉത്പന്ന പേറ്റന്റിലേക്ക് തിരിയുകയും പേറ്റന്റ് കാലാവധി 20 വർഷമായി ദീർഘിപ്പിക്കുകയും അതോടൊപ്പം അടിസ്ഥാന ഔഷധങ്ങൾ ഉത്പാദിപ്പിക്കുന്നതിനു പകരം ഇറക്കുമതി ചെയ്യാമെന്ന് തീരുമാനിക്കുകയും ചെയ്ത സാഹചര്യമാണ് ഇന്ത്യൻ ഔഷധ രംഗത്തെ സുവർണ കാലം ഒരോർമയാക്കി മായ്ച്ചു കളഞ്ഞത്.

കൂടാതെ പൊതു മേഖല മരുന്ന് നിർമാണ സ്ഥാപനങ്ങളായ ഐഡിപിൽ, ഹിന്ദുസ്താൻ ആന്റിബയോട്ടിക്സ് എന്നിവയെ നവീകരിക്കാനും ശാക്തീകരിക്കാനും കാട്ടിയ ബോധപൂർവമായ വിമുഖതയും നമ്മുടെ ഔഷധ സ്വാശ്രയത്വത്തെ ദുർബലമാക്കി.

NPPA

രാജ്യത്തെ അവശ്യ മരുന്നുകളുടെ വില നിരീക്ഷിക്കാനും നിയന്ത്രിക്കാനും വേണ്ടി 1997ൽ വളം രാസവസ്തു വകുപ്പിന് അനുബന്ധമായി വില നിയന്ത്രണ ഉത്തരവിന്റെ ഭാഗമായി രൂപീകരിച്ച സംവിധാനമാണ് NPPA. അവശ്യ മരുന്നുകളുടെ ദേശീയ പട്ടികയിൽ പെട്ട എല്ലാ മരുന്നുകളും വില നിയന്ത്രണ സംവിധാനത്തിനകത്ത് വരുന്നതാണ്. വാർഷിക മരുന്ന് വില പുതുക്കി നിശ്ചയിക്കുന്നതിനു ഔഷധ വിപണിയിലെ മുഖ്യ മരുന്ന് കമ്പനികളുടെ വിലയുടെ ശരാശരി എടുക്കുന്ന അയഥാർത്ഥമായ രീതിയാണ് പിന്തുടരുന്നത്.

നിലവിൽ NPPA പിന്തുടരുന്ന ഈ ശരാശരി രീതി പൊളിച്ചെഴുതേണ്ടതും തിരുത്തേണ്ടതും ആണെന്ന് All India Drug Action Network (AIDAN) പോലുള്ള സംഘടനകൾ മുൻപെ ചൂണ്ടി ക്കാട്ടിയിട്ടുള്ളതാണ്.

വില വർധനക്കുള്ള ന്യായങ്ങൾ.

ഇപ്പോഴത്തെ മരുന്ന് വില വർധനക്കുള്ള ന്യയമായി ബന്ധപ്പെട്ടവർ ചൂണ്ടികാട്ടുന്നത് മരുന്നിന്റെ അടിസ്ഥാന ഘടകങ്ങൾക്കുണ്ടായ വില വർധനയാണ്. രാജ്യത്ത് ഉപയോഗിക്കുന്ന അടിസ്ഥാന ഔഷധങ്ങൾ ഏറിയ പങ്കും ചൈനയിൽ നിന്നാണ് വരുന്നതെന്നും കോവിഡ് കാലത്ത് ചൈനയിൽ നിന്നുള്ള ഇറക്കുമതി നിലച്ചതിനാൽ മറ്റു രാജ്യങ്ങളിൽ നിന്ന് വാങ്ങേണ്ടി വന്നതാണ് വിലക്കയറ്റത്തിനുള്ള ന്യായമായി കമ്പനികൾ ഉയർത്തി കാട്ടിയത്.

ഈ നിർമാതാക്കളുടെ ഭാഷ്യം കേന്ദ്ര സർക്കാർ അപ്പടി ഏറ്റെടുത്തതു കൊണ്ടാണ് വൻ വിലക്കയറ്റത്തിന് വഴിയൊരുക്കിയത്.

ഔഷധങ്ങൾ കൂടാതെ ചികിത്സാ ഉപകരണങ്ങൾക്കും ശാസ്ത്രക്രിയ ഉത്പന്നങ്ങൾക്കും ഉൾപ്പെടെയാണ് നിലവിൽ വർധന ഉണ്ടായിരിക്കുന്നത് എന്നത് നമ്മുടെ ചികിത്സാ ചിലവിനെ മൊത്തത്തിൽ തന്നെ വർധിപ്പിക്കും.

കേരളവും ഔഷധ വില വർധനയും.

വിഖ്യാതമായ വികസനത്തിന്റെ കേരള മാതൃക നമ്മുടെ ആയുർ ദൈർഘ്യം വർധിപ്പിക്കുകയും ശിശു മരണ നിരക്കും മാതൃ മരണ നിരക്കും വലിയ നിലക്ക് ഇല്ലാതാക്കുകയും ചെയ്തിട്ടുണ്ട്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ നാം ഒന്നാമതാണ്.

അതോടൊപ്പം ജീവിത ശൈലി രോഗങ്ങളുടെ ആസ്ഥാനമായി കേരളം മാറുന്നതും വലിയ നിലക്കുള്ള രോഗാതുരത നില നിൽക്കുന്നതും നാം കാണാതിരുന്നു കൂടാ.

ഇന്ത്യൻ ജനസംഖ്യയുടെ 3% വരുന്ന നമ്മൾ ഇന്ത്യൻ ഔഷധ വിപണിയുടെ 10 ശതമാനവും ഉപഭോഗിക്കുന്നതിന്റെ രഹസ്യം നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

വലിയൊരു മരുന്ന് ഉപഭോഗ സംസ്ഥാനം എന്ന നിലക്ക് ഔഷധ വില വർധനയുടെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്ന മുൻനിര സംസ്ഥാനം നമ്മുടേതാണ്.

ആ നിലക്ക് മരുന്ന് വില വർധനയെ നേരിടാനും രോഗാതുരതയേ ചെറുക്കാനും സമഗ്രമായ ആരോഗ്യ ഉള്ളടക്കമുള്ള ഒരു മുന്നേറ്റം കേരള വികസന മാതൃകയുടെ തുടർച്ചയായി രൂപപ്പെടണം.

♦♦♦

ഫാർമസി പ്രാക്ടീസ് യാഥാർത്ഥ്യങ്ങളും പ്രതീക്ഷകളും

ടി. ജി. ഷൈൻ
ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ
ആലത്തൂർ താലൂക്ക് ആശുപത്രി, പാലക്കാട്

എല്ലാ ലോകരാജ്യങ്ങളിലുമെന്നതു പോലെ ഭാരതത്തിലും ഫാർമസിസ്റ്റുകളെ ആരോഗ്യരംഗത്തെ അവിഭാജ്യഘടകമായി പരിഗണിച്ചിട്ടുണ്ട്. 1948 ൽ തന്നെ ഫാർമസി പ്രാക്ടീസ് ഫലപ്രദമായി നടപ്പാക്കുന്നതിന് ശക്തമായ ഒരു നിയമ നിർമ്മാണം (ഫാർമസി ആക്ട്) നടപ്പാക്കി, ശാസ്ത്രീയ വീക്ഷണം പ്രകടമാക്കിയ ഒരു രാജ്യം കൂടിയാണ് നമ്മുടേത്.

നിർഭാഗ്യവശാൽ മറ്റ് വികസിത-വികസ്വര രാഷ്ട്രങ്ങളേക്കാൾ, ഈ നിയമത്തിന്റെ നടത്തിപ്പിൽ വളരെ പിറകിലാണ് നാം ഇപ്പോഴും എന്നത് നിസ്തർക്കമാണ്. സ്വകാര്യ മേഖലയിൽ ഫാർമസിസ്റ്റിന്റെ പ്രാധാന്യം ചുമരിൽ തൂങ്ങുന്ന ഒരു സർട്ടിഫിക്കറ്റിൽ മാത്രമൊതുങ്ങുന്നു. സർക്കാർ മേഖലയിൽ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഫാർമസിസ്റ്റുകളുടെ റോൾ ആരോഗ്യമേഖലയിൽ എങ്ങനെ പരിമിതപ്പെടുത്താമെന്ന നിരന്തര ഗവേഷണങ്ങളിലും, ചുറ്ററിയിപ്പ് (സർക്കുലർ) നിർമ്മാണങ്ങളിലും അധികാരികൾ ബദ്ധശ്രദ്ധരായിരിക്കുന്നു.

സർക്കാർ മേഖലയിലെ നിലവിലുള്ള അവസ്ഥ

ആപേക്ഷികമായി തസ്തികകൾ വളരെ കുറവ്, എന്നതാണ് പ്രധാനമായി ഫാർമസി വിഭാഗം നേരിടുന്ന പ്രതിസന്ധി. ആർദ്രം പദ്ധതി നടപ്പിലാക്കിയപ്പോൾ ഇരട്ടിയായ ജോലി സമയത്തിന് ലഭിച്ച അധിക തസ്തികകൾ മാത്രമാണ് കഴിഞ്ഞ ഏതാനും ദശകങ്ങൾക്കുള്ളിൽ ഫാർമസി വിഭാഗത്തിന് ലഭിച്ച അധിക തസ്തികാ നേട്ടത്തിൽ പ്രധാനമായും ഉൾപ്പെടുത്താനാവുന്നത്. അസ്ഥിരവും പരിമിതവുമായ താൽക്കാലിക തസ്തികകളാകട്ടെ തീരെ അപര്യാപ്തവുമാണ്.

ഇതിന്റെ ഫലമായി, ഊർജ്ജിത ആരോഗ്യ സംരക്ഷണ സംഘത്തിലെ (Health Care Team) പ്രധാന അംഗമെന്ന നിലയിലുള്ള പങ്കാളിത്തത്തിന് കഴിയാതെ 'മരുന്നെടുത്തു കൊടുക്കുന്ന ആൾ' എന്ന നിലയിലേക്ക് ചുരുങ്ങേണ്ട അവസ്ഥയാണ് കഴിഞ്ഞ ദശകങ്ങളിൽ സർക്കാർ ഫാർമസിസ്റ്റിനുള്ളത്. എന്നാൽ ജോലിഭാരം വർദ്ധിക്കുകയും, പ്രവർത്തനസമയം ഇരട്ടിയാകുകയും ചെയ്തപ്പോൾ തസ്തിക വർദ്ധിപ്പിക്കാതെ മരുന്നുകളുടെ വിതരണത്തിന് മറ്റു ജീവനക്കാരെ നിയോഗിക്കുകയും, മരുന്നുകളുടെ കണക്കെഴുത്ത് മാത്രം നിർവ്വഹിപ്പിച്ച് 'ലയബിലിറ്റി ഓഫീസർ' മാത്രമാകുകയും ചെയ്യേണ്ട അവസ്ഥയിലേ

ക്കാണ് ഇപ്പോൾ പ്രബുദ്ധ ആരോഗ്യകേരളം നീങ്ങുന്നത്. എങ്കിലും, നിലവിൽ പ്രതിലോമ വും, നിരാശാജനകവുമാണ് കാര്യങ്ങളെങ്കി ലും, ലോകം മുഴുവൻ ശാസ്ത്രീയബോധ ത്തോടെ മുന്നോട്ട് പോകുമ്പോൾ ഇന്ത്യ യ്ക്കോ, കേരളത്തിനു മാത്രമോ പിന്തിരിപ്പൻ സമീപനങ്ങളുമായി തുടരാൻ കഴിയില്ലെന്ന പ്രതീക്ഷയോടെ നമുക്ക് മുന്നോട്ട് പോകുക തന്നെ ചെയ്യാം.

ശാസ്ത്രീയ ഫാർമസി പ്രാക്ടീസ് പ്രതീക്ഷ കൾ

ജനസൗഹൃദ ഫാർമസി: രോഗികൾക്ക് സമയനഷ്ടമില്ലാതെ മരുന്നുകൾ ലഭ്യമാക്കു ന്നതിന് ആവശ്യമായത്ര എണ്ണം കൗണ്ടറുകൾ സ്ഥാപിക്കുക; കുടുംബാരോഗ്യ കേന്ദ്രം വരെ വൺ പ്ലസ് വൺ (ചുരുങ്ങിയത് ഒരു കൗണ്ടർ, കൂടിയത് 2 കൗണ്ടറുകളിലൂടെ സേവനം) ബ്ലോക്ക് തലത്തിൽ 2+3, അതിന് മുകളിലുള്ള ആശുപത്രികളിൽ O.P., I.P. അനുസരിച്ച് കൗണ്ടറുകൾ സൃഷ്ടിക്കലാണ് ആദ്യപടി. ഇതിന് പ്രാഥമിക തലത്തിൽ ഒരു ഷിഫ്റ്റിന് രണ്ട്, രണ്ട് ഷിഫ്റ്റിന് മൂന്ന് എന്ന തോതിൽ തസ്തിക സൃഷ്ടിക്കലാണ് സർക്കാർ തല ത്തിൽ സ്വീകരിക്കേണ്ട നടപടി. ദ്വിതീയതലം മുതൽ സ്റ്റോർ കീപ്പർ, സൂപ്രണ്ട് തസ്തിക കളും സൃഷ്ടിക്കേണ്ടതുണ്ട്.

1. മുടക്കമില്ലാത്ത മരുന്നു ലഭ്യത ഉറപ്പാ ക്കൽ: മരുന്നുകളുടെ സംരക്ഷണം, കണക്ക് സൂക്ഷിപ്പ് എന്നിവയോടൊപ്പം അവയുടെ മുട ക്കമില്ലാത്ത ലഭ്യത ഉറപ്പുവരുത്തലും, പ്രാഥ മികതലത്തിലെ മൂന്നാം ഫാർമസിസ്റ്റ് വഴി ഉറ പ്പുവരുത്താനാകും - ലോക്കൽ പർച്ചേസ് നട പടികൾ, പ്രോജക്ട് നിർവ്വഹണം എന്നിവ ഫലപ്രദമായി സീനിയറായ ഈ ഫാർമസിസ്റ്റ് വഴി നിർവ്വഹിക്കപ്പെടുമ്പോഴാണ് സർക്കാർ ആശുപത്രികളിലെ ഫാർമസി സർവ്വീസ് യഥാർത്ഥത്തിൽ അതുദ്ദേശിക്കുന്ന ഫലപ്രാ പ്തിയിലെത്തുന്നത്.

2. പ്രൊഫഷണൽ സർവ്വീസ് ഉറപ്പുവരു ത്തൽ: കൗണ്ടറുകളിൽ 2 വേ സ്പീക്കർ സിസ്റ്റം, മൂന്നാം ഫാർമസിസ്റ്റിന് കൗൺസി ലിംഗ് കാബിൻ / കൗണ്ടർ എന്നിവ സ്ഥാപിച്ച് രോഗികൾക്ക് വെർബൽ കൗൺസിലിംഗ് (ഇ പ്പോൾ നടക്കുന്നത് കവർ എഴുത്തിലൂടെ എഴുത്ത് കൗൺസിലിംഗ് മാത്രം) നടത്തുന്ന തിലൂടെ ഒരു പ്രൊഫഷണൽ എന്ന നിലയിലെ ഫാർമസിസ്റ്റ് സേവനം ഉറപ്പുവരുത്തുക.

3. കമ്മ്യൂണിറ്റി ഫാർമസിസ്റ്റ് സേവനം: നിലവിൽ സ്ഥാപനത്തിനുള്ളിലെ മരുന്നു വിത രണത്തിൽ മാത്രമാണ് ഫാർമസി ആക്ട് പ്രകാ രമുള്ള ഫാർമസിസ്റ്റിന്റെ 'മേൽനോട്ടം' (supervision) ഉള്ളത്. ഫീൽഡ് വിഭാഗം വഴി നട ത്തുന്ന RNTCP, NLEP പാലിയേറ്റീവ്, വയോ മിത്രം തുടങ്ങിയവയിൽ മരുന്നുകളുടെ ശരി യായ ഉപയോഗക്രമമോ, സംഭരണമോ, വിനി യോഗമോ ശാസ്ത്രീയമായി നിരീക്ഷിക്കപ്പെ ടുന്നില്ല. മിക്ക സാംക്രമിക രോഗങ്ങളും പ്രതീ ക്ഷിത നിയന്ത്രണത്തിലാക്കാൻ വൈകുന്ന തിന് ഇതൊരു പ്രധാന കാരണമാണ്. പ്രാഥ മിക ദ്വിതീയ ഫാർമസികളിലെ മൂന്നാം ഫാർമ സിസ്റ്റിന് ഇക്കാര്യങ്ങളിൽ ഫീൽഡ് പ്രവർത്തനം ഇടപെടലുകളിലൂടെ തന്റെ സാമൂഹ്യ പ്രതിബദ്ധത ഫലപ്രദമായി നിർവ്വ ഹിക്കാനാകും. തദ്ദേശ സ്വയംഭരണ സംവിധാ നത്തിൽ ലഭ്യമായ ഏക രാസവിദഗ്ധൻ എന്ന നിലയിൽ, സ്വകാര്യ മേഖലയിൽ മരുന്നുകളു ടെയും, രാസവസ്തുക്കളുടെയും സംഭരണം, വിതരണം, പാഴ്സംസ്കരണം എന്നിവയിൽ നിരീക്ഷണ-ഉപദേശക ചുമതല നിർവ്വഹി ക്കാനും ഫാർമസിസ്റ്റിന്റെ സേവനം ഉപയോ ഗപ്പെടുത്തുന്ന നില (നമ്മുടെ ചില അയൽരാ ജ്യങ്ങൾ ഉദാഹരണം) ഇവിടെയും നടപ്പിൽ വരുത്താവുന്നതാണ്.

കേരളത്തിലെ സർക്കാർ ഫാർമസിസ്റ്റു കൾക്ക് രോഗികൾക്ക് നൽകാവുന്ന മരുന്നുക ളുടെ നിലവിലുള്ള ലിസ്റ്റ് ശാസ്ത്രീയമായി

നവീകരിച്ചാൽ കമ്മ്യൂണിറ്റി ഫാർമസിസ്റ്റ് എന്ന നിലയിലുള്ള സേവനം കൂടുതൽ ഫലപ്രദമായി നിർവ്വഹിക്കാനാകും. യാതൊരു സാങ്കേതിക പരിജ്ഞാനവുമില്ലാത്തവർ വഴി ഇപ്പോൾ നടത്തുന്ന NCD മരുന്നുകളുടെ തുടർ ഡോസ് വിതരണം കമ്മ്യൂണിറ്റി ഫാർമസിസ്റ്റിലൂടെയാക്കി മാറ്റി കാര്യക്ഷമവും ശാസ്ത്രീയവുമാക്കാവുന്നതാണ്.

4. ഹെൽത്ത് കെയർ ടീം ചുമതലാനിർവ്വഹണം: സ്ഥാപനത്തിലെ 'സാങ്കേതിക വ്യക്തിത്വം' (Technical Person) എന്ന നിലയിലെ പങ്കാളിത്തം നിർവ്വഹിക്കൽ നമ്മുടെ 'ശാസ്ത്രീയ ഫാർമസി സർവ്വീസ് പ്രതീക്ഷ'യിൽ പ്രധാനമാണ്. മരുന്നുകളുടെ ന്യായയുക്ത ഉപയോഗം (Rational use of Medicine) ഔഷധ ജാഗ്രത (ഫാർമക്കോ വിജിലൻസ്) എന്നിവയിൽ ഫാർമസിസ്റ്റ് വഹിക്കേണ്ട റോൾ ഇപ്പോഴും ഇന്ത്യയിൽ വ്യാപകമായി നിർവ്വഹിക്കപ്പെടുന്നില്ല. 2+3 (2 ഷിഫ്റ്റ് - 3 ഫാർമസിസ്റ്റ്) ഫാർമസിസ്റ്റ് ക്രമം പ്രാഥമിക, ദ്വിതീയ ഫാർമസികളിൽ നടപ്പാക്കിയാൽ തുടർച്ചയായ പ്രിസ്ക്രിപ്ഷൻ ഓഡിറ്റ് വഴി മരുന്നുകളുടെ ശാസ്ത്രീയ-ന്യായയുക്ത കുറിപ്പടികളും വിനിയോഗവും ഉറപ്പുവരുത്താം. ആശുപത്രികളിൽ വാർഡ് ഫാർമസി ഏർപ്പെടുത്തിയും ഔഷധ ജാഗ്രത നിർവ്വഹണത്തിൽ ഫാർമസിസ്റ്റിന് പങ്കാളിയാകാം. മരുന്നും മെഡിക്കൽ സാമഗ്രികളുമായി ബന്ധപ്പെട്ടതല്ലാത്ത ഒന്നും പൊതുജനാരോഗ്യ പ്രവർത്തനങ്ങളിൽ ഇല്ലാത്തതിനാൽ ഇതര പൊതുജനാരോഗ്യ പദ്ധതികളിലും കമ്മിറ്റികളിലും സ്ഥാപനത്തിലെ കമ്മ്യൂണിറ്റി ഫാർമസിസ്റ്റ് / സ്റ്റോർ കീപ്പർ / സൂപ്രണ്ടിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്.

5. സംഭരണ-വിന്യാസ (Logistic) മാനേജർ എന്ന നിലയിലെ പ്രവർത്തനം

മരുന്നുകളുടെയും സാമഗ്രികളുടെയും സ്റ്റോക്ക് ഔട്ട്, ഓവർ സ്റ്റോക്ക് കാര്യത്തിൽ മഹനീയമായ പ്രകടനമാണ് നാം ഇപ്പോൾ കാഴ്ചവയ്ക്കുന്നത്. സ്റ്റോറുകളിലെ സ്റ്റാഫ് ദൗർലഭ്യമാണ് ഇതിന് ഒരു പ്രധാന കാരണം. സബ് സ്റ്റോക്ക് കസ്റ്റഡിയൻമാരിൽ നിന്നുള്ള അപേക്ഷാ സ്വീകരണം മുതൽ പർച്ചേസിംഗ്, ഇന്റൻസിങ്ങ്, സ്റ്റോക്ക് നിർവ്വഹണം, ഗർഹണം എന്നിവ ഇപ്പോൾ അശാസ്ത്രീയമാണ്.

പർച്ചേസ് കമ്മിറ്റി, ഗർഹണ കമ്മിറ്റി, ലേല കമ്മിറ്റി എന്നിവയിൽ ജോലിഭാരം, മറ്റ് സാഹചര്യങ്ങൾ എന്നിവ മൂലം ഫാർമസിസ്റ്റ് സ്റ്റോർ കസ്റ്റഡിയൻമാർ ഫലപ്രദമായി ഇടപെടാത്ത ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റം വരണം.

മേൽ വിവരിച്ച 'ശാസ്ത്രീയ ഫാർമസി - ഫാർമസി പ്രതീക്ഷകളിലൂടെ' കടന്നുപോകുമ്പോൾ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഇവയെല്ലാം നടപ്പിലാകാൻ സ്റ്റേറ്റ് ഗവണ്മെന്റിന്റെ സത്വര ഇടപെടൽ വേണമെന്നില്ല എന്നതാണ്.

നിങ്ങൾ തയ്യാറാണെങ്കിൽ, നിങ്ങളുടെ സ്ഥാപന മേധാവി ശാസ്ത്രീയ നിലപാടുള്ള ആളാണെങ്കിൽ യാഥാർത്ഥ്യബോധത്തിലൂന്നിയ ജനക്ഷേമതൽപരനാണ് നിങ്ങളുടെ തദ്ദേശ സ്വയംഭരണ അധികാരിയെങ്കിൽ നടപ്പാക്കാവുന്ന കാര്യങ്ങൾ മാത്രമാണ് ഇവയെന്നും മനസ്സിലാക്കുക. ഏകതാനകമായി, സംസ്ഥാനതലത്തിൽ ഈ പ്രതീക്ഷകൾ യാഥാർത്ഥ്യമാകണമെങ്കിൽ സർക്കാർ തലത്തിൽ തന്നെ ഇതിനു സന്നദ്ധതയുള്ള, ശാസ്ത്രീയ ചിന്താഗതിയുള്ള ഒരു വകുപ്പ് ഭരണാധികാരി അവതരിക്കേണ്ടിയിരിക്കുന്നു.

♦♦♦

എം. രമേശൻ
ഇ.എസ്.ഐ. സബ് കമ്മിറ്റി
കൺവീനർ

ഇ.എസ്.ഐ. വിഭാഗം

കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ശമ്പള പരിഷ്കരണത്തിൽ ഫാർമസിസ്റ്റുകളുടെ അടിസ്ഥാന ശമ്പളവർദ്ധന നേടാനായതും ഏറെ കാലമായി നിലനിൽക്കുന്ന ശമ്പളസ്കെയിലിലെ അനോമലി പരിഹരിക്കാനായതും ഇ എസ് ഐ വിഭാഗം ഫാർമസിസ്റ്റുകൾക്ക് ആശ്വാസവും അഭിമാനവുമായി. ശമ്പള കമ്മീഷൻ ചർച്ചയിൽ പൊതുവിഭാഗത്തിലും ഇ എസ് ഐ ക്ക് പ്രത്യേകമായും രണ്ട് അവസരങ്ങൾ ലഭിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് അബ്ദുൽ സലാം, സെക്രട്ടറിയേറ്റ് മെമ്പർ സന്തോഷ് കുമാർ എന്നിവർ രണ്ട് തവണയും ചർച്ചയിൽ പങ്കെടുത്ത് ഇ എസ് ഐ വിഭാഗത്തിന്റെ ആവശ്യങ്ങൾ ശക്തമായി ഉന്നയിച്ചു. 1:1 വിഷയം പരിഹരിക്കാനായില്ല. അനോമലി കമ്മിറ്റിയിൽ അപ്പീൽ നൽകി നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

NCD രോഗികളുടെ രജിസ്റ്റർ സൂക്ഷിക്കുന്നതിന് ഫാർമസിസ്റ്റുകളുടെ മേലുണ്ടായ സമ്മർദ്ദം ഒഴിവാക്കാനായതും, കമ്പ്യൂട്ടർ രജിസ്റ്ററുകളുടെ ചുമതല ഫാർമസിസ്റ്റുകളിൽ അടിച്ചേൽപ്പിക്കാനുള്ള നീക്കം ചെറുക്കാനായതും അംഗങ്ങളിൽ സംഘടനയോടുള്ള വിശ്വസ്തതയ്ക്ക് ആക്കം കൂട്ടി. ശ്രീമതി ജയലക്ഷ്മി (കൊല്ലം) ചെയർപേഴ്സണും രമേശൻ (കണ്ണൂർ) കൺവീനറുമായുള്ള ഇ എസ് ഐ സബ് കമ്മിറ്റി സംസ്ഥാനത്തെ ഫാർമസിസ്റ്റുകൾ നേരിട്ട പ്രശ്നങ്ങളിൽ യഥാസമയം ഇടപെട്ടതും പലതിലും വിജയം നേടാൻ കഴിഞ്ഞതും തുടർവിദ്യാഭ്യാസ ക്ലാസ്സുകൾ തുടർച്ചയായി നടത്തിയതും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായ ജോലികൾ എളുപ്പമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ യഥാസമയം നൽകിയതും കോസ്റ്റിലി മരുന്നുകളുടെ വില സമയബന്ധിതമായി ഉയർത്തിയതുമുൾപ്പെടെ മികവുറ്റ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ആശുപത്രികളിലെ OPD കളിൽ സ്ഥിരം ഫാർമസിസ്റ്റ് തസ്തികകൾ, ആശുപത്രികളിൽ സ്റ്റോർ കീപ്പർ, സബ് സ്റ്റോറുകളിൽ സ്റ്റോർ സൂപ്രണ്ട്മാർ, സ്റ്റോർ വെരിഫിക്കേഷൻ വിഭാഗം, തിരക്കുള്ള ഡിസ്പെൻസറികളിൽ കൂടുതൽ പോസ്റ്റുകൾ, ഫാർമസികളിൽ ശീതീകരിക്കൽ, കമ്പ്യൂട്ടറൈസേഷൻ തുടങ്ങി ഇ എസ് ഐ കളിൽ പരിഹരിക്കേണ്ട വിഷയങ്ങളുടെ പട്ടിക നീണ്ടതാണ്. ഒത്തൊരുമിച്ച പ്രവർത്തനങ്ങൾ കൊണ്ട് ഈ കാര്യങ്ങൾ വിദൂരമല്ലാത്ത ഭാവിയിൽ നേടിയെടുക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

തൃശൂർ ജില്ലയിൽ രണ്ട് സ്ഥാപനങ്ങളിലെ ഫാർമസിസ്റ്റ് തസ്തിക മാറ്റി സ്ഥാപിക്കാൻ നടപടി വരുന്നു എന്ന് മനസ്സിലാക്കി മന്ത്രി, പ്രദേശിക എം,എൽ.എ എന്നിവരെ ഇടപെടുവിച്ച് പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിച്ചിട്ടുമുണ്ട്.

♦♦♦

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട്

എൻ. ശുഭ
ഡി.എം.ഇ. സബ് കമ്മിറ്റി
ചെയർപേഴ്സൺ

KGPA യുടെ ദീർഘനാളത്തെ ആവശ്യമാണ് ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം എന്നത്. ഇതിനായി നിരവധി പ്രവർത്തനങ്ങൾ സംഘടന മുൻകാലങ്ങളിലും നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മേലധികാരികളെ കണ്ട് കാര്യങ്ങൾ കൂടുതൽ ബോദ്ധ്യപ്പെടുത്താൻ നമുക്കായി.

18 വർഷം ഫീഡർ തസ്തികയായത് ഡെന്റൽ ഹൈജീനിസ്റ്റായി ജോലി നോക്കിയ ഒരു ഫാർമസിസ്റ്റ് വർഷക്കണക്കിൽ നേരിട്ട് സ്റ്റോർ സൂപ്രണ്ടാക്കണം എന്ന വിചിത്രവാദവുമായി പ്രിൻസിപ്പൽ വഴി DME ക്ക് നിവേദനം അയച്ച സംഭവം ഉണ്ടായി. ഉടനെ സബ് കമ്മറ്റി KGPA സംസ്ഥാന പ്രസിഡന്റുമായി സംസാരിച്ച് DME യെ കാണുകയും തുടർ നടപടി എന്ന നിലയിൽ പ്രസ്തുത വ്യക്തിക്ക് നേരെ വിമർശനം ഉണ്ടാവുകയും ചെയ്തു. ഉത്തരവാദിത്വപൂർണ്ണമായി കാര്യങ്ങൾ കണ്ടതിനാൽ കളങ്കമുണ്ടാക്കാവുന്ന ഒരു സന്ദർഭത്തിൽനിന്ന് ഫാർമസിസ്റ്റ് സമൂഹം രക്ഷപ്പെടുകയുണ്ടായി.

ആരോഗ്യവകുപ്പിൽ DHS സ്ഥാപനങ്ങളിൽ അക്കൗണ്ടബിൾ മരുന്നുകളുടെ വില പുതുക്കി നിശ്ചയിച്ചപ്പോൾ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലും അത് വേണം എന്ന നമ്മുടെ ആവശ്യം ആഴ്ചകൾക്കുള്ളിൽ നിറവേറപ്പെടുകയുണ്ടായി. അതോടെ ഫാർമസിക്ക് അകത്ത് നിന്ന് വലിയ ജോലിഭാരം ഒഴിവായി.

01/10/21 ൽ ചെയർപേഴ്സൺ ശുഭയുടെ അദ്ധ്യക്ഷതയിൽ ചേർന്ന DME സബ് കമ്മറ്റി 'മെഡിക്കൽ കോളേജ് സ്റ്റോറും KMSCL ഉം' എന്ന വിഷയത്തിൽ ചർച്ചനടത്തി. കാലാനുസൃതമായി വരുത്തേണ്ട കാര്യങ്ങൾ തീർച്ചപ്പെടുത്തി. അത് നിവേദനമായി KMSCL MD Dr. Joy ക്ക് മുന്നിൽ അവതരിപ്പിച്ചു. അതിന് കൺവീനർ ശ്രീ. മുഹമ്മദ് അഷ്റഫ് മുൻകൈ എടുത്തു.

അതുപോലെ പല തവണ കയറിയിറങ്ങി നിവേദനങ്ങൾ നൽകിയിട്ടും, തരാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടും വ്യക്തമായി ഉത്തരവായി ഇറങ്ങാത്ത ഒന്നാണ് DME യിലെ സ്റ്റോർ വേരിഫിക്കേഷൻ ഓഫീസർ തസ്തിക.

ഫാർമസി കോളേജിലെ പ്രൊഫസറെ അദ്ധ്യക്ഷനാക്കി ഫാർമസി മേഖലയുമായി ബന്ധമില്ലാത്ത ക്ലറിക്കൽ ജീവനക്കാരെ അടക്കം ഉൾപ്പെടുത്തി നടത്താം എന്ന് കരുതുന്ന സ്റ്റോർ വേരിഫിക്കേഷന്റെ ബുദ്ധിശൂന്യത വകുപ്പ് മേധാവി തന്നെ തിരിച്ചറിയുകയും അത് DME ക്ക് എഴുതി നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സബ് കമ്മറ്റി മേഖല തിരിച്ച് മൂന്ന് SVO മാരെ ആവശ്യപ്പെടുകയും സ്റ്റേറ്റ് ലെവലിൽ സീനിയർ SVO എന്ന തസ്തിക കൂടി അനുവദിക്കാൻ ആവശ്യപ്പെട്ട് പുതിയ നിവേദനം സമർപ്പിക്കുകയും ചെയ്തു.

നീണ്ട വർഷങ്ങൾക്ക് ശേഷം PSC നിയമനങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്നു. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാനും റാങ്ക് ഹോൾഡർമാരുടെ കൂട്ടായ്മ ഉണ്ടാക്കാനും സംഘടന ശ്രമിച്ചിട്ടുണ്ട്.

♦♦♦

വനിത കൂട്ടായ്മ

ടി.എൽ. മേരിസ്
PSK, ജനറൽ ആശുപത്രി, തൃശൂർ

കേരളത്തിലെ ആരോഗ്യമേഖലയിൽ കഴിഞ്ഞ 6 പതിറ്റാണ്ടായി പ്രവർത്തിച്ചുവരുന്ന കേരള ഗവൺമെന്റ് ഫാർമസിസ്റ്റ് അസ്സോസിയേഷന് ഒരു വനിത വിഭാഗം വേണം എന്ന ആശയം മുന്നോട്ടു വച്ചത് 2015 ൽ എറണാകുളത്ത് വച്ച് നടന്ന സംസ്ഥാന സമ്മേളനത്തിൽ അന്നത്തെ ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. ഇ. വി. രാജേന്ദ്രൻ അവർകളാണ്. അന്നാണ് സംസ്ഥാന കമ്മിറ്റിയോട് ചേർന്ന് പ്രവർത്തിക്കാനായി വനിത വിഭാഗം അഡ്ഹോക് കമ്മിറ്റി സംഘടന ചരിത്രത്തിലാദ്യമായി രൂപംകൊണ്ടത്.

അതിനുശേഷം 2016 മെയ് 28 ന് സാംസ്കാരിക നഗരിയായ തൃശൂരിൽ വച്ച് ആദ്യത്തെ സംസ്ഥാനതല വനിത കൺവെൻഷൻ ബഹുമാനപ്പെട്ട ജില്ല പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഷീല വിജയകുമാർ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള വനിത പ്രതിനിധികൾ ആവേശത്തോടെ, ഒത്തൊരുമയോടെ അതിൽ പങ്കെടുത്തു. 2018 ൽ കൊല്ലത്ത് വച്ച് നടന്ന 60-ാം സമ്മേളനത്തോടനുബന്ധിച്ച് ബഹു. കേരള സംസ്ഥാന ഫിഷറീസ് പരമ്പരാഗത വ്യവസായ വകുപ്പ് മന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ വനിത സമ്മേളനം ഉദ്ഘാടനം ചെയ്തു. അന്നത്തെ പ്രൗഢഗംഭീരമായ .... വനിതകളുടെ കൂട്ടായ്മയും സ്ഥിരോത്സാഹവും വിളിച്ചോതുന്നതായിരുന്നു.

വനിതകൾക്കായി ഒരു പ്രത്യേക വിഭാഗം ആവശ്യമുണ്ടോ എന്നും അവർ മുഖ്യധാരയിൽ ഊർജ്ജസ്വലരായ് പ്രവർത്തിക്കേണ്ടവരല്ലേ എന്നുമുള്ള സംശയം ചിലപ്പോഴെങ്കിലും ഉയർന്നുകേട്ടിട്ടുണ്ട്. തീർച്ചയായും അവരെ സംഘടനയുടെ നേതൃത്വനിരയിലേക്ക് കൈപിടിച്ചുയർത്താൻ ഒരു ചവിട്ടുപടിയാവാൻ വനിത വിഭാഗത്തിനാവും. മുൻകാല സംഘടന നേതൃത്വനിരയിൽ വൈസ് പ്രസിഡന്റായിരുന്ന ശ്രീമതി അനികുമാരിക്കു മുൻപ് വനിതാപ്രതിനിധികൾ ഉണ്ടായിരുന്നില്ല. സർക്കാർ ഫാർമസിസ്റ്റുമാരിൽ 70 ശതമാനത്തിലധികം വനിത ജീവനക്കാരാണുള്ളത്. അവരുടെ പ്രശ്നങ്ങൾ പഠിക്കാനും ഇടപെടാനും പരിഹരിക്കാനും എന്തുകൊണ്ടും സ്ത്രീകൾക്കാണ് കഴിയുക. പരസ്പര സഹകരണത്തോടും, സൗഹാർദ്ദത്തോടുമുള്ള കൂടിച്ചേരലുകൾ ഓരോരുത്തരുടേയും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും തങ്ങളുടെ തൊഴിലിടങ്ങളിൽ പൂർവ്വാധികം ഭംഗിയായി പ്രവർത്തിക്കാനും അതുവഴി സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാനും കഴിയും എന്നതിൽ തർക്കമില്ല. തിരുവനന്തപുരം ജില്ലയിലെ വനിതാവിഭാഗം ജീവനക്കാർ ജില്ലാപ്രവർത്തകരോട് ചേർന്ന് കഴിഞ്ഞ പ്രളയകാലത്ത് തിരുവോണനാളിൽ നടത്തിയ പ്രവർത്തനം എടുത്തുപറയേണ്ടതാണ്. വരും കാലങ്ങളിൽ സംഘടന നേതൃത്വത്തിലേക്ക് കരുത്തുറ്റ നിശ്ചയദാർഢ്യമുള്ള വനിതകൾ മുന്നോട്ടു വരണമെന്നും, പുതിയ തലമുറയ്ക്ക് വഴികാട്ടികളാവണമെന്നും ഓർമ്മിപ്പിക്കുന്നു.

♦♦♦

നവമാധ്യമങ്ങളും ഫാർമസിസ്റ്റും

രൂപേഷ് കെ.
ഓഫീസ് സെക്രട്ടറി

സോഷ്യൽ മീഡിയകളായ ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റെർ, വാട്സ്ആപ്പ് മുതലായവ ഫാർമസിസ്റ്റുകൾക്കിടയിൽ വ്യക്തിപരവും തൊഴിൽപരവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വളരെയധികം സൗകര്യപ്രദമാണ്. ഇത്തരം ആശയവിനിമയ ഉപാധികൾ ആശയവിനിമയത്തിന്റെ പരിമിതികളെ മുഴുവനായും മാറ്റിമറിക്കുകയുണ്ടായി. കത്തുകളും ടെലഗ്രാമുകളും നാമാവശേഷമാകുകയും വിവരകൈമാറ്റം വേഗത്തിലാകുകയും ചെയ്തു.

കോവിഡ് വ്യാപനത്തിൽ ലോകം പകച്ചു നിന്നപ്പോൾ ജനങ്ങൾക്ക് അവരുടെ ഭീതി അകറ്റാനും ഫാർമസി മേഖലകളിൽ അടക്കമുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനും നവമാധ്യമങ്ങൾ വലിയ പങ്കുവഹിച്ചു. 'creative and effective communication' എന്നതായിരിക്കണം തൊഴിൽ മേഖലയിൽ നവമാധ്യമങ്ങളിലൂടെ ഉയർത്തിപിടിക്കേണ്ട മുദ്രാവാക്യം.

അംഗങ്ങളുമായി ആശയവിനിമയത്തിന് മുൻകാലങ്ങളിൽ പോസ്റ്റ് കാർഡുകൾ ഉപയോഗിച്ചിരുന്ന ഒരു കാലഘട്ടത്തെപ്പറ്റി മുൻ ജന. സെക്രട്ടറി ശ്രീ. എം. കെ. പ്രേമാനന്ദൻ പറഞ്ഞ കാര്യങ്ങൾ ഈ ഘട്ടത്തിൽ ഓർക്കുകയാണ്. ഒരു യോഗം ആഴ്ചകൾ മുൻപ് തീരുമാനിച്ച് ഒരു പോസ്റ്റ് കാർഡിൽ അംഗങ്ങൾക്ക് എഴുതി അറിയിക്കുന്ന ആ കാലഘട്ടം ഇനിവരുന്ന തലമുറയ്ക്ക് കെട്ടുകഥകളായേക്കാം. സംഘടന പ്രവർത്തനത്തിന് അന്ന് അത്രയധികം മാനുഷികാധ്വാനം ആ തലമുറയിലെ നേതാക്കൻമാർ മാറ്റിവച്ചിരുന്നു എന്നതാണ് യാഥാർത്ഥ്യം.

പിന്നീട് ഇ. വി. രാജേന്ദ്രൻ സർ ജന. സെക്രട്ടറി ആയ കാലഘട്ടത്തിൽ ആണ് സംഘടന ആദ്യമായി ഒരു ഇ-മെയിൽ അക്കൗണ്ട് തുടങ്ങുന്നത്. ഫാർമസി ആൻഡ് മെഡിക്കൽ സപ്ലൈസുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സൂക്ഷിക്കുന്നതിൽപരം മറ്റു ലക്ഷ്യങ്ങൾ പ്രസ്തുത ഇ-മെയിൽ അക്കൗണ്ടിന് ഉണ്ടായിരുന്നില്ല.

2009 ൽ Jan Koum and Brian Acton എന്നീ Yahoo ജീവനക്കാർ ചേർന്ന് WhatsApp എന്ന

സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം രൂപീകരിച്ചെങ്കിലും ഇന്ത്യയിൽ ഇതു പ്രചാരത്തിൽ ആയത് 2012 അവസാനകാലത്തിൽ ആണ്. 2014 നു ശേഷം കേരളത്തിൽ WhatsApp കൂടുതൽ പ്രചാരം നേടുകയും അത് എല്ലാ മേഖലയിലും എന്നതുപോലെ ഫാർമസിസ്റ്റുമാരുടെ ഇടയിലും ആശയകൈമാറ്റത്തിനുള്ള ഉപാധിയായി മാറുകയും ചെയ്തു. ഇന്ന് ജില്ലയിലെ ബ്രാഞ്ച് കമ്മിറ്റിവരെ WhatsApp ഗ്രൂപ്പുകളിലൂടെ ആശയകൈമാറ്റം നടത്തുന്നു. ജില്ലകളിൽ ഫേസ്ബുക്ക് അക്കൗണ്ടുകൾ വഴി സംഘടനയുടെ ആശയങ്ങളും അഭിപ്രായങ്ങളും പൊതുജനത്തിലേക്കെത്തിക്കുന്നു. ടെലഗ്രാം പോലുള്ള മറ്റു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ നാം ഉപയോഗപ്പെടുത്തുന്നു.

'Drug is a twin edged weapon' എന്ന് പഠിച്ചു വളർന്ന നമുക്ക് സോഷ്യൽ മീഡിയയും വ്യത്യസ്തമായിരുന്നില്ല. ഇൻഫർമേഷന്റെ അനന്ത സാധ്യതകൾ തുറന്നിട്ട സോഷ്യൽ മീഡിയ കോവിഡ് പാൻഡമിക്കിന്റെ കാലഘട്ടത്തിൽ Infodemic എന്ന പുതിയ വാക്ക് നമ്മെ പഠിപ്പിച്ചു. അത്രയധികം വ്യാജവാർത്തകൾ സോഷ്യൽ മീഡിയയുടെ ചാറ്റ് ബോക്സിൽ നിറയാൻ തുടങ്ങി. വ്യാജവാർത്തകൾക്കെതിരെ നമ്മളും ജാഗ്രത പുലർത്തണം. കാരണം നാം ഷെയർ ചെയ്യുന്ന വാർത്തകൾ അത് മറ്റു സാധാരണക്കാർ ഷെയർ ചെയ്യുന്ന വാർത്തകളേക്കാൾ ആധികാരികത മരുന്നുകളെ സംബന്ധിച്ചിടത്തോളമെങ്കിലും ജനങ്ങൾക്കിടയിൽ ഉണ്ടാവും. അത്തരം വ്യാജവാർത്തകൾക്കെതിരെയുള്ള ആധികാരിക സ്വരം ഫാർമസിസ്റ്റിന്റേതാവണം.

കാലഘട്ടത്തിന്റെ ആവശ്യകത മനസ്സിലാക്കി കെ ജി പി എ www.kgpa.co.in എന്ന ഔദ്യോഗിക വെബ്സൈറ്റും, Kerala Government Pharmacist's Association എന്ന ഔദ്യോഗിക ഫേസ്ബുക്ക് അക്കൗണ്ടും പരിപാലിക്കുന്നു എന്ന് സർക്കാർ ഫാർമസിസ്റ്റുമായി ബന്ധപ്പെട്ട ഉത്തരവുകൾ അടക്കമുള്ള എല്ലാ വിവരങ്ങളും വെബ്സൈറ്റിൽ സമയബന്ധിതമായി അപ്‌ലോഡ് ചെയ്യപ്പെടുന്നു. Augmented reality (AR), Virtual Reality (VR), Artificial Intelligence (AI) മുതലായ സാങ്കേതികവിദ്യകളുടെ സഹായത്താൽ നമ്മുടെ ഈ യഥാർത്ഥ ലോകവും സ്വപ്നങ്ങളിൽ നാം കാണുന്ന മായികലോകവും അല്ലെങ്കിൽ ഡിജിറ്റൽ കാല്പനികലോകവും തമ്മിലുള്ള അതിർവരമ്പുകൾ ഇല്ലാത്ത ഒരു കാലഘട്ടത്തിലേക്കു നമ്മെ കൈപിടിച്ച് കൊണ്ടുപോകുന്ന Metaverse പോലുള്ള പുതിയ പ്ലാറ്റ്ഫോമിലേക്കു ഫേസ്ബുക്ക് പോലുള്ള കമ്പനികൾ മാറിക്കഴിഞ്ഞു. പോസ്റ്റ് കാർഡുകളുടെ കാലഘട്ടത്തിൽ നിന്നും ഡിജിറ്റൽ യുഗത്തിലേക്കുള്ള മാറ്റം ഉൾക്കൊണ്ട് കാലത്തിനൊപ്പം മാറാൻ സംഘടനയ്ക്ക് കരുത്ത് നൽകിയത് കേരളത്തിലെ പ്രബുദ്ധരായ കെ ജി പി എ അംഗങ്ങൾ ആണ്. മാറ്റം അത് ഉൾക്കൊള്ളുക എന്നത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്, നമ്മളുടേതും.

♦♦♦

ഡോക്ടറേറ്റ് നേടിയ ഫാർമസിസ്റ്റ് ജെയ്സ്മി ജേക്കബ്ബിനെ തൃശൂർ ജില്ലാ സമ്മേളനത്തിൽ ആദരിക്കുന്നു.

LIFE Sequra

Orthopaedic Appliances & Rehabilitation Aids

Gel Products

Medical Disposables

FALCON HEALTH CARE PRODUCTS
CHENGAMANAD .P .O
ALUVA 683 578
FALCON MEDITEX
NEDUKAPPILLY BUILDING
CHENGAMANDU PO,
ALUVA 683 578
www.fhcare.in
PH: 0484-2476722 MOB:9497031212, 7902790964 **CALL: 6282354566**

Required Distributors

ISO 13485:2016
CERTIFIED COMPANY

For online shopping
Meditex

For more products
scan QR code

- WHEEL CHAIR
- COMMODE STOOL
- COMMODECHAIR
- WATER BED
- AIR BED
- ADULT DIAPER
- BED PAN
- BP APPARATUS
- STETHOSCOPE
- NEBULISER
- WALKER
- AXILLARY CRUTCHES
- EXAMINATION TABLE
- MCR CHAPPALS (REGAL FOOTCARE)
- HOSPITAL COT & BED

UC

UNION CHEMISTS

SURGICAL & HOSPITAL SUPPLIES

Safa Tower, Opp. City Hospital,
Near National Radio,Kottachery, Kanhangad

PH: 9447747667, 9447113023, 9633296935

സ്ത്രീകളുടെ ഉന്നമനത്തിനായുള്ള
സ്ത്രീകൾ 'എ' ക്ലാസ്സ് അംഗങ്ങളായ
ഒരു സഹകരണ സ്ഥാപനം

കാലിക്കറ്റ് വനിതാ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി 2862

ബാലൻ കെ. നായർ റോഡ്, കോഴിക്കോട്

നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ
അംഗങ്ങൾക്ക് വായ്പ സൗകര്യം
ആൾ ജാമ്യ വായ്പ
സ്വത്ത് പണയ വാ്പ
സ്വർണ്ണ പണയ വായ്പ
വിവിധ സലകളിലുള്ള ജി.ഡി.എസ്. (ചിട്ടി)
അംഗങ്ങൾക്ക് ലാഭവിഹിതം
ഉത്സവച്ചന്തകൾ നടത്തിവരുന്നു
നീതി മെഡിക്കൽ സ്റ്റോർ (അശോകപുരം)
ഫോൺ: 0495 2771665

CHITTARIPARAMBA SERVICE CO-OPERATIVE BANK LTD;

P. O. CHITTARIPARAMBA - 670650

H. O. Phone : 0490 2300585, Mob: 7306948513,

Email: cpbascb@gmail.com

Ajith Kumar K. C.
President

K. V. Rajeev
Secretary

Branches

Main 0490 2381121 | Poovathinkeezhil 0490 2301585

Manantheri 0490 2300878 | Chittariparamba Town Evening 0490 2381185

Malabar Lab Solutions

Redefining Distribution

DEALING IN ALL LABORATORY INSTRUMENTS LIKE

- 5 part and 3 part hematology analysers
- Chemiluminescence analysers
- Biochemistry analysers
- Elisa readers & washers and processors
- Fully automated PCR analysers
  HPLC analysers

Blood Glucose Monitors, Pressure Monotors, HB Meters

Authorized distributors of

Tosoh India Pvt. Ltd | Molbio | Human
Medsource Ozone | Metrix Labs | CTK Biotech
Rapid /Aspen Diagnostics | Bioshields
Meril Diagnostics | Orbit Diagnostics

Door No. 2/12 C2, Airkoot Arcade, Easthill Junction
Edakkad Road, West Hill P.O, Kozhikode - 673 005
Ph : 0495 23 840 11, 86062 399 11
Email : malabarlabsolutions@gmail.com

www.malabarlabsolution.com

Chemind
LABORATORY PEOPLE
Phone: (Off) 0491-2545939, Fax : 2544004, Mob : 9387277430
E-Mail : chemindpgt@sancharnet.in, dib_in@rediffmail.com
Website : www.chemindonline.com
(Approved Govt. Contractors)
Estd.in 1985
1. Wide Range of Lab Products From MERCK LIMITED
2. BOROSIL R Glasswares.
3. Thermo Fisher Scientific
4. Nice Fine Chemicals.
5. AGAPPE Diagnostics.
6. SPAN Diagnostics
7. KEMI Instruments
8. ROTEK Instruments.
9. POLYLAB Plasticwares.
10. DOLLAR Microscope.
11. WHATMAN Filter Papers.
Authorised Stokist of Olympus Microscope
The One - Stop Shop For Laboratory Products
Authorised Distributors for :
MERCK
NICE
Fisher Scientific
OLYMPUS
BOROSIL
AGAPPE DIAGNOSTICS
SPAN DIAGNOSTICS
Whatman
DOLLAR
SYSTRONICS
KEMI
An ISO 9001:2000 Co.

മുൻ കരുതൽ എടുക്കുന്ന ഉൽപന്നത്തിന്റെ മൂല്യം
അത് അതിവിശിഷ്ഠമായ സേവനമാണ്
അതു തന്നെയാണ് ഞങ്ങൾ തരുന്ന ഉറപ്പും
BP APPARATUS
DIAPER
WHEEL CHAIR
NEBULISER
GLUCO METER
PATIENT COT
AIRBED
BI PAP & CPAP
OXYGEN CONCENTRATOR
ECG MACHINE
MONITOR
VENTILATOR
ICU & OT SOLUTIONS
SURGICAL INSTRUMENTS
REHAID PRODUCTS
HOSPITAL INFRASTRUCTURE WORKS
MANGALASSERY Surgicals
A Unit of Mangalassery Associates
CHATTUKAPARA, KANNUR
MOB: 7306446110

കാറ്റഗറി സംഘടനകളും സിവിൽ സർവ്വീസും

രാജേഷ് കുമാർ എസ്.
സംസ്ഥാന വൈസ് പ്രസിഡന്റ്

കേരളത്തിൽ ഏകദേശം 570 ഓളം കാറ്റഗറി സംഘടനകൾ പ്രവർത്തിക്കുന്നു എന്നാണ് കണക്ക്. സിവിൽ സർവ്വീസ് മേഖലയിലെ ഉന്നതങ്ങളിൽ പോലും കാറ്റഗറി തിരിച്ച് സംഘടനകൾ രാഷ്ട്രീയത്തിന് അതീതമായി പ്രവർത്തിക്കുന്നു. രാഷ്ട്രീയമില്ലാത്ത സംഘടനകളെ അരാഷ്ട്രീയം പ്രചരിപ്പിക്കുന്നു എന്ന ലേബലിൽ കുറച്ചുകാണുകയോ മാറ്റിനിർത്തപ്പെടുകയോ ചെയ്യുന്ന ഒരു പ്രവണതയും ഉണ്ട്. സഹകരണ മേഖല പോലെ രാഷ്ട്രീയത്തോടെ മാത്രമേ മുന്നോട്ട് പോകാൻ സാധിക്കൂ എന്നത് തികച്ചും ജനാധിപത്യവിരുദ്ധമാണ്.

പൊതുസംഘടന പ്രതിനിധികൾ ഏത് കക്ഷിരാഷ്ട്രീയത്തിന്റെ ആണെങ്കിലും കാറ്റഗറി സംഘടനകൾക്ക് എതിരായ നിലപാടാണ് എടുക്കാറ്. എണ്ണിയാൽ തീരാത്ത ആവശ്യങ്ങളുമായി വ്യത്യസ്ത വകുപ്പുകളിൽ പ്രവർത്തിക്കുന്നവരുടെ സംഘടനകൾക്ക് പൊതു ആവശ്യങ്ങൾ എന്ന നിലയിൽ വ്യത്യസ്ത കാഴ്ചപ്പാട് ആയിരിക്കും... തീർച്ചയായും പൊതുസംഘടനാബോധവും അതിന്റെ പിൻതുടർച്ചയും ഓരോ ജീവനക്കാരനും വേണം. ആ മേഖലയുടെ അടിസ്ഥാന ഘടകങ്ങൾക്ക് അപ്പുറം, സ്വന്തം സ്വത്വബോധത്തെ ഉയർത്തിക്കാണിക്കാനാണ് കാറ്റഗറി സംഘടനകൾ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

രാഷ്ട്രീയമായി സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന കാറ്റഗറി സംഘടനകളെ പ്രോത്സാഹിപ്പിക്കുമ്പോഴും കക്ഷിരാഷ്ട്രീയത്തിന് അപ്പുറം വർഗ്ഗബോധത്തെ അഭിസംബോധന ചെയ്യുന്ന പലർക്കും തീക്ഷ്ണമായ എതിർപ്പ് നേരിടേണ്ടി വരുന്നു. നിലനിൽപ്പിന്റെ സങ്കടങ്ങളും... പൊരുത്തം തികയാത്ത വ്യഥകളുമായി കാറ്റഗറിക്കലി നിലനിൽക്കേണ്ട ആവശ്യങ്ങൾ മനസ്സിലാക്കി, അപ്പോഴും അവയുടെ പ്രസക്തി ഇവിടെ ചുറ്റിത്തിരിയുന്നു.

അവരവരുടെ മേഖലയിലെ തനതായ പ്രശ്നങ്ങൾ മാത്രമാണ് കാറ്റഗറി സംഘടനകൾ മുന്നോട്ട് വയ്ക്കുന്നത്. ശ്രദ്ധിക്കപ്പെടാതെ പോവുന്ന, മനസ്സിലാക്കാതെ പോവുന്ന ആവശ്യങ്ങൾ ഒത്തൊരുമിച്ച് പറയാൻ കിട്ടുന്ന ഒരു കൂട്ടായ്മയെയാണ് കാറ്റഗറി സംഘടന എന്ന് വിളിക്കുന്നത്. സമൂഹത്തിൽ പല പ്രശ്നങ്ങളും അതിനൊപ്പിച്ച്, വ്യക്തിപരമായ വിഷമതകളും എന്നും ഉണ്ടാവുമല്ലോ... പൊതു സംഭവങ്ങളെ മാത്രം പരിഹരിക്കുമ്പോൾ ഒറ്റപ്പെട്ടുപോവുന്ന പരാതികളേയും പുറത്തെത്തിക്കണ്ടേ... പൊതു സംഘടനകൾ പലപ്പോഴും കാണാതെപോകുന്ന കാര്യങ്ങൾ അത് പൊതുബോധത്തിൽ എത്തിക്കാനും... ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കാനും ഇടപെടാനും സാധിക്കുന്നതും ഇത്തരം ഉണർത്തലുകൾ വഴിയാണ്.

പരിമിതമായ സാഹചര്യം മാത്രം പറയാൻ അനുവദിക്കുന്ന പൊതുവേദിയിലെ ചർച്ചകളിൽ ഒറ്റപ്പെട്ടവരുടെ വിഷമതകൾ ചർച്ച ചെയ്യാൻ അനുവദിക്കുന്നു എന്നത് പോലും

കാറ്റഗറി വിഷയത്തിലെ പൊതുസംഘടന യുടെ ജാഗ്രതയെ തന്നെയാണല്ലോ കാണിക്കു ന്നത്.

ശമ്പള വർദ്ധനവ്, ഡി.എ, പെൻഷൻ, പഞ്ചിംഗ് തുടങ്ങിയ നിരവധി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ട പൊതുവേദിയിൽ വ്യക്തിഗത കാര്യങ്ങൾക്കോ... ഇനം തിരിച്ച് ചർച്ചകൾക്കോ പ്രസക്തി കാണില്ല. അതല്ല വേണ്ടതും... പക്ഷെ ചില ഓർമ്മപ്പെടുത്തലു കളുമായി ചിലർ പുറത്ത് കാത്തിരിക്കുന്നു എന്നും അതിന്റെ വഴിയിൽ ചില നൻമകളെ ഏവരും കാണേണ്ടതുണ്ട് എന്നും സമൂഹം മന സ്സിലാക്കണം.

കാറ്റഗറി സംഘടനകൾ അരാഷ്ട്രീയവാദം പ്രോത്സാഹിപ്പിക്കുന്നു എന്നത് ഒരു ആരോ പണം മാത്രമാണ്... അവർ ഒരിക്കലും അംഗ ങ്ങളുടെ രാഷ്ട്രീയ നിലപാടുകൾക്ക് എതിരല്ല. എന്ന് മാത്രമല്ല സ്വന്തം രാഷ്ട്രീയ വിശ്വാസ ങ്ങളും മറ്റും മുറുകെ പിടിച്ച് അത്തരം വേദിക ളിൽ പങ്കെടുത്ത് പൊതു നിലപാട് ഉയർത്തി പ്പിടിച്ച് സ്വന്തം മേഖല നേരിടുന്ന പ്രശ്നങ്ങൾ അവിടെയും ആവർത്തിക്കാനാണ് ആവശ്യപ്പെ ടാറ്. മേജർ സംഘടനകളിൽ പ്രവർത്തിക്കണ മെങ്കിൽ പക്ഷെ കാറ്റഗറി വികാരം മറന്നുകൊ ള്ളണം എന്നത് കാലം ആവശ്യപ്പെടുന്ന നീതി യല്ല. പ്രത്യേകിച്ചും നിവീകരണത്തിന്റെയും കൂട്ടിച്ചേർക്കലുകളുടെയും പുതിയ കാലത്ത്... ഓരോ ദിനവും പുതിയ പ്രതിനിധികളും ഉട ലെടുത്തുകൊണ്ടിരിക്കുന്നു. ഒരു മേഖല നന്നാ വുന്നതിന് ചില മാറ്റങ്ങൾ, ഇടപെടലുകൾ വേണം എന്ന ആവശ്യം പൊതുവെ ആ രംഗത്ത് പുതിയ ഉണർവ് ഉണ്ടാക്കുകയല്ലേ ചെയ്യുന്നത്. അത് വഴിയുടെ ഉത്തരങ്ങളെ തന്നെയല്ലേ പൊതുസംഘടനകളും ലക്ഷ്യം വയ്ക്കുന്നത്.

ഒരു സംഘടന മാത്രം എന്ന ചിന്താഗതി യിൽ പടുത്തുയർത്തേണ്ടതല്ല സർവ്വീസ് രംഗം. ഏറിയും കുറഞ്ഞും, സംതൃപ്തിയും അസംതൃപ്തിയും ഉണ്ടാവും. രാഷ്ട്രീയ കൊടി പിടിക്കേണ്ട സമയത്ത് അവയ്ക്കായും, പൊതുസംഘടനകൾക്ക് അകത്ത് പറയേണ്ട കാര്യങ്ങൾക്ക് അതിനായും തയ്യാറാവുന്ന തിരി ച്ചറിവുള്ള അണികളെ തന്നെയാണ് കാറ്റഗറി സംഘടനകൾ വാർത്തെടുക്കേണ്ടത്. ആവശ്യ ങ്ങളും ആവലാതികളും മാറിമറിയുന്ന ജീവ നക്കാരുടെ സർവ്വീസ് രംഗത്ത് ഓരോ വിഷയ ങ്ങളും കാലത്തിന് അനുസരിച്ച് വന്നുപോവു ന്നു. അതിന്റെ ഗുണത്തെയും ദോഷത്തെയും അപ്പപ്പോൾതന്നെ അഭിസംബോധന ചെയ്യുന്നു എന്നതാണ് കാറ്റഗറി സംഘടനയുടെ കടമ കൾ.

പൊതു രാഷ്ട്രീയബോധവും, സംഘടന തീരുമാനങ്ങളും ഇനിയും ഈ നാട്ടിൽ നില നിൽക്കണം. അതിനിടയിലും ചില സൂചക ങ്ങൾ പോലെ കാറ്റഗറി മേഖലയും കരുത്ത് ചോരാതെ നിലനിൽക്കണം.. രാഷ്ട്രീയവൽക രിക്കാതെ... പക്ഷം ചേരാതെ... രാഷ്ട്രീയബോ ധ്യങ്ങൾക്ക് ഒപ്പം അതും വളരട്ടെ.

♦♦♦

ഡോക്ടറേറ്റ് നേടിയ ഫാർമസിസ്റ്റ് ആശാ ചാക്കോയെ തൃശൂർ ജില്ലാ സമ്മേളനത്തിൽ ആദരിക്കുന്നു.

ഒരു ഫ്ളാഷ് ബാക്ക്!

വിനോദ് കുമാർ പി.

ജനറൽ ആശുപത്രി, തലശ്ശേരി

വർഷം 2001. ഫാർമസിസ്റ്റുമാരുടെ ജില്ലാ കോൺഫറൻസിനു ശേഷം അജിയുടെ കാറിൽ പാലക്കാട് നിന്നും അഗളിയിലേക്ക് പോകുന്നു. ഡ്രൈവ് ചെയ്യുന്നത് അജി. നിർമ്മിതി കേന്ദ്രയുടെ സൂപ്പർവൈസറും അത്ര ചെറുതല്ലാത്ത തള്ളുകാരനുമായ സന്തോഷും നല്ല പ്രായം കഴിഞ്ഞ് ജോലി കിട്ടിയ അഗളി മൊബൈൽ യൂണിറ്റിലെ ഫാർമസിസ്റ്റ് പത്രോസേട്ടനും മുന്നിലുണ്ട്. പുറകിൽ ന്യൂലി മാരീഡ് ഞാനും ഭാര്യയും. സന്തോഷിന്റെ തള്ളുകൾ യാത്ര രസകരമാക്കി.

മണ്ണാർക്കാട് ചുരം കയറുമ്പോഴേക്കും ഇരുട്ട് വീണിരുന്നു. ചുരത്തിലെ അവസാന ഹെയർപിൻ വളവ് അന്നൊരു സംഭവമായിരുന്നു. ഷോളയൂർ പി.എച്ച്.സി യിൽ 1998 ൽ ജോയിൻ ചെയ്യാൻ പോവുമ്പോൾ, മണ്ണാർക്കാട് നിന്നും മൂന്നു മണിക്കൂർ നീളുന്ന ആനക്കട്ടി യാത്രയിൽ, ‘മയിൽ വാഹനം’ ബസിൽ, അതിരാവിലെ വീട്ടിൽ നിന്ന് ഇറങ്ങിയതിനാൽ ഒരു മയക്കത്തിലായിരുന്ന ഞാൻ ഞെട്ടുന്നത് ബസ് പുറകോട്ടെടുക്കുമ്പോഴാണ്. അവസാനത്തെ ഹെയർപിൻ വളവ്, ബസ് പുറകോട്ടെടുത്തേ കയറാനാവൂ. ഏറ്റവും പുറകിലത്തെ സീറ്റ്. കണ്ണുതുറന്നു നോക്കുമ്പോൾ ചുറ്റും ആകാശം. പുറകിലത്തെ ടയറിനപ്പുറം ശൂന്യത. അഗാധമായ കൊക്ക.! ഞെട്ടി എഴുന്നേറ്റ എന്നെ ‘ഇവനാരെടേ’ എന്ന മട്ടിൽ സഹയാത്രികരുടെ നോട്ടം. ആനക്കട്ടിയിൽ നിന്ന് 10 കിലോമീറ്റർ ഷോളയൂരിലേക്ക് ജീപ്പ് തന്നെ ശരണം. ഇലക്ട്രിസിറ്റി എത്താത്ത പി.എച്ച്.സി. ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം വൈകീട്ട് 6 മണിക്കു ശേഷം അഗളി സി.എച്ച്.സി യിൽ നിന്നു വരുന്ന ഡോക്ടർ. ആസ്പിരിനും സെപ്ട്രാനും മിക്സ്ചറും. മറ്റു ദിവസങ്ങളിൽ ഫാർമസിസ്റ്റ് തന്നെ ചികിത്സകൻ. ആറും ഏഴും കിലോമീറ്ററുകൾ നടന്ന് സർക്കാർ ആശുപത്രിയിലെത്തുന്നവരെ ’ഡോക്ടറില്ല’ എന്നു പറഞ്ഞ് വിടാൻ പറ്റില്ല. ......

ചുരം കയറുമ്പോൾ സന്തോഷ് വഴിയിലെ പാറകളെ കാണുമ്പോൾ ആനയെ സംശയിക്കുന്നുണ്ട്. ചുരം കയറി കുറച്ചു ദൂരം മുന്നോട്ട് പോയതിനു ശേഷം മുന്നിൽ വശത്തേക്ക് നോക്കുമ്പോൾ അതാ ഒരു ആന! അജി വണ്ടി നിറുത്തി. ബ്രേക്കിൽ ആഞ്ഞു ചവിട്ടി എന്നതാണ് ശരി. ആ ആനക്കു പുറകിൽ മറ്റൊന്ന്. അതിനു പുറകിൽ ഒരു ആനക്കൂട്ടം. അവ റോഡിലേക്ക് ഇറങ്ങാനുള്ള ശ്രമമാണ്. പത്രോസ് ഡോർ തുറന്ന് ഓടാൻ ആഞ്ഞു. ഒരു



വിധം അദ്ദേഹത്തെ പിടിച്ചു വെച്ചു. ഹോണടിച്ച് പ്രകോപനമുണ്ടാക്കുകയോ വണ്ടി ഓഫാക്കുകയോ ചെയ്യരുതെന്ന പാഠം മനസ്സിലുണ്ട്. ഒരു പറ്റം ആനകൾ റോഡ് മുറിച്ചുകടന്ന് പോയി. ശ്വാസമടക്കി പിടിച്ച് ഞങ്ങൾ. ആർക്കും ശബ്ദമില്ല. എന്റെ കൂടെയിരിക്കുന്നയാളെക്കുറിച്ച് പറയാനില്ല. കാട്ടാനയെ ആദ്യമായി കാണുകയല്ലേ. ഭാഗ്യത്തിന് പുറകിൽ മണ്ണാർക്കാടു നിന്നുള്ള അവസാന മയിൽ വാഹനം ബസ് വന്നു. കുറച്ചു സമയം ബസ് അവിടെ തന്നെ നിർത്തിയതിനാലാവണം, ആനകൾ റോഡിൽ നിന്നും മാറി. ബസ് ഞങ്ങളെ മറികടന്നു പോയി. അതിന്റെ കൂടെ പോവാനുള്ള വെപ്രാളത്തിൽ ഗിയറിനു പകരം ഡാഷ് ബോഡ് പിടിച്ചു വലിച്ചതുകൊണ്ടാവാം അത് പൊളിഞ്ഞ് കയ്യിൽ പോന്നു. എങ്ങനെ അവിടുന്ന് വണ്ടി ഓടിച്ചു പോയെന്ന് അജിക്ക് ബോധമില്ല. കുറേ ദൂരം ഓടിയ ശേഷമാണ് എല്ലാവർക്കും ശബ്ദം വന്നത്.

കാട്ടാനകളുമായുള്ള ബന്ധം ഷോളയൂർ വാസത്തിനിടക്ക് അപൂർവ്വമല്ല. ഡി.എം.എസിൽ നിന്ന് മരുന്നുകളുമായി വരുന്നതിനിടെ കാട്ടാനക്കൂട്ടത്തിൽ പെട്ടുപോയിട്ടുണ്ട്. വേനൽക്കാലത്ത് ഞങ്ങൾ വെള്ളമെടുത്തിരുന്ന പൈപ്പ് സ്ഥിരമായി ആനക്കൂട്ടം പൊട്ടിക്കാറുണ്ട്. രാത്രി,തൊട്ടപ്പുറത്ത് താമസിച്ചിരുന്ന പൊന്നി, വെള്ളി ഗിരി കുടുബത്തിന്റെ 'രാജാ, കപ്പാത്തുങ്കോ' നിലവിളി കേട്ട് ഉണർന്ന് ജനലിലൂടെ നോക്കിയാൽ ആനകളെ കാണുമായിരുന്നു. രാവിലെ മുറ്റത്ത് ചൂടൻ ആനപ്പിണ്ടമുണ്ടാവും.

രാവിലെ ഭക്ഷണം പറ്റായി കഴിച്ചിരുന്ന രംഗസ്വാമി, അർക്കാണിമാരുടെ വീട് കം ചായക്കടയെപ്പറ്റി പത്രത്തിലെ വാർത്ത കണ്ടപ്പോൾ ഓർത്തു. അഞ്ചെട്ട് വർഷക്കാലം രാവിലെ ദോശ, ഇഡ്ഢലിയോടൊപ്പം സ്നേഹം വിളമ്പിയ രംഗസ്വാമി. വെള്ളകുളം ഊര് മൂപ്പൻ എന്ന് എന്ന് ഞങ്ങൾ വിളിച്ച കേരളം മുഴുവൻ അലഞ്ഞ അനുഭവമുള്ള വെള്ളിഗിരി . രമേഷ്, രവി. 'സാറേ വിറയൽ മരുന്ന്' എന്നു പറഞ്ഞു വിറച്ചു വിറച്ചു വരുന്ന വരഗം പാടി ഊരിലെ പാർക്കിൻസോണിക്ക് കൃഷ്ണമ്മ.

വൈദ്യുതിയില്ലാത്ത കത്താളക്കണ്ടി സബ് സെന്ററിലെ താമസം. ലെപ്രസി ഇൻസ്പെക്ടർ കൃഷ്ണേട്ടൻ, ജെ.എച്ച് ഐ സംഷീർ അലി, സുരേഷ്, പിന്നീട് രതീഷ്, സജു, ശ്യാം, സുരേന്ദ്രേട്ടൻ, രംദാസ്... ആത്മഹത്യാശ്രമം നടത്തിയ ലാൽ,... വരികയും പോവുകയും ചെയ്ത നിരവധി പേർ... ഷോളയൂർ ജംഗ്ഷനിലെ 2 മുറി പെട്ടിക്കടയിൽ നിന്നും സ്വന്തം കെട്ടിടത്തിലേക്കുള്ള മാറ്റം..... ചന്ദ്രൻ സാർ, പൊന്നുസ്വാമി... നിരന്തരം വലിക്കുന്ന ജലജമ്മ, ഏലിയാമ്മ, മറിയാമ്മ, മിനി, ജോജി, ജോയി,രാജേഷ്, മേനക, കണ്ണേട്ടൻ, ...

വീവിംഗ് സൊസൈറ്റിയിലെ ശിവൻ, പാർവ്വതി, ഷൺമുഖൻ..., ഷോളയൂർ കുട്ടന്റെ ചായക്കട.....

പിന്നീട് അഗളി മലേറിയ ക്വാർട്ടർസിലെ താമസം, അഗളി സി.എച്ച്.സി ഫാർമസിയിലെ പെട്ടികൾ പൊളിച്ച കാർഡ് ബോഡിനു മുകളിലെ രാത്രി ഉറക്കം......

ആനകട്ടി പി.എച്ച്.സി യിലെ മാത്യൂസ് സാർ, അഗളിയിലെ ഷൈൻ, ശബരി ഗിരീശൻ, ഡോ. പ്രഭുദാസ്...

മണ്ണാർക്കാട്ടെ ജയശങ്കർ, ഷീബ

ബാബുസാർ , സുരേഷ് സാർ....

ഓർമ്മകൾ ....

♦♦♦

അഗ്നിച്ചിറകുകളുമായി പറന്നകന്നവർ...

കെ. എം. വിജയൻ

കെ. വത്സരാജൻ

പവിത്രൻ കെ.
മുൻ എഡിറ്റർ, ഫാർമസി ബുള്ളറ്റിൻ

കെ ജി പി എ യുടെ ചരിത്രത്താളുകളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന രണ്ടു രക്തനക്ഷത്രങ്ങളാണ് കെ. എം. വിജയനും കെ. വത്സരാജനും. മുൻകാലത്ത് സംഘടനയുടെ ശക്തിസ്രോതസ്സായിരുന്ന കണ്ണൂർ ജില്ലയുടെ സംഭാവനകളാണിരുവരും. പ്രോജ്ജ്വലമായ കർമ്മകുശലത കൊണ്ട് രണ്ടുപേരും ലബ്ധപ്രതിഷ്ഠിതരായത് കെ ജി പി എ യുടെ ചരിത്രത്തിൽ മാത്രമല്ല, കേരളത്തിലെ മൊത്തം സർവ്വീസ് സംഘടന രംഗത്ത് കൂടിയാണ്.

കമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ അവസാന ബാച്ചുകാരനായ കെ. എം. വിജയൻ 20–ാം വയസ്സിലാണ് സർവ്വീസിൽ പ്രവേശിക്കുന്നത്. വിപ്ലവപ്രസ്ഥാനങ്ങളുടെ ഭൂമികയായ കണ്ണൂർ ജീല്ലയിലെ മാവിലായി സ്വദേശിയായതുകൊണ്ടായിരിക്കാം താമസംവിനാ സംഘടനാരംഗത്ത് കർമ്മനിരതനായി ചുരുങ്ങിയകാലം കൊണ്ട് കെ ജി പി എ യുടെ കണ്ണൂർ ജില്ലയിലെ മുന്നണി പോരാളിയാകാനും നേതൃപദവിയിലെത്താനും അദ്ദേഹത്തിന് സാധിച്ചത്. കൃത്യമായ ദിശാബോധവും സംഘടനാപാടവവും കൈമുതലായതുകൊണ്ടു തന്നെ സംസ്ഥാന നേതൃപദവികളും അദ്ദേഹത്തെ തേടിയെത്തി. ഫാർമസി ബുള്ളറ്റിൻ മാനേജിംഗ് എഡിറ്റർ, സംസ്ഥാന സെക്രട്ടറി, ട്രഷറർ തുടങ്ങിയ പദവികളൊക്കെ അദ്ദേഹത്തിന്റെ പ്രവർത്തന മികവിനുള്ള അംഗീകാരമായിരുന്നു. സംഘടന യോഗങ്ങളിൽ സുവ്യക്തമായ നിലപാടുകൾ അവതരിപ്പിക്കാനുള്ള അന്യാദൃശമായ കഴിവ് അദ്ദേഹത്തെ സംഘടനാരംഗത്ത് സമാദരണീയനാക്കി. അദ്ദേഹത്തിന്റെ സംഘാടകശേഷി കെ ജി പി എ യിൽ മാത്രമൊതുങ്ങി നിൽക്കുന്നതായിരുന്നില്ല. പൊതുസർവ്വീസ് സംബന്ധമായ വിഷയങ്ങളിൽ ക്രിയാത്മകമായി ഇടപെടാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുമുള്ള അസാമാന്യശേഷി ജില്ലയിലെ മൊത്തം സർവ്വീസ് സംഘടനകളുടേയും പ്രിയങ്കരനാക്കി. തൽഫലമായിട്ടായിരുന്നു എല്ലാ സംഘടനകളും നമ്മുടെ കൊച്ചുസംഘടനയെ ചേർത്തുനിർത്തിയിരുന്നത്. പൊതുസംഘടനകൾ ആഹ്വാനം ചെയ്യുന്ന സമരപരിപാടികളിലടക്കം സജീവമാകുമെങ്കിൽക്കൂടി കെ ജി പി എ യുടെ നയപരിപാടികളിൽ അണുവിട വ്യതിചലിക്കാനോ സംഘടന താല്പര്യത്തിന് ഭംഗം വരുത്താനോ അദ്ദേഹം തയ്യാറാകുമായിരുന്നില്ല.

കെജിപിഎ യുടെ അനിഷേധ്യ നേതൃത്വം കയ്യാളുമ്പോൾ തന്നെ മൊത്തം ആശുപത്രി ജീവനക്കാരുടേയും രക്ഷാകർത്തൃത്വവും അദ്ദേഹത്തിനുണ്ടായിരുന്നു. അവരുടെ അവകാശങ്ങൾക്കുവേണ്ടിയും തൊഴിൽരംഗത്തെ അടി

ച്ചമർത്തലുകൾക്കെതിരെയും സന്ധിയില്ലാ സമരം അദ്ദേഹത്തെ വേറിട്ടൊരു വ്യക്തിത്വമാക്കി. 70 കളുടെ അവസാനം രൂപംകൊണ്ട ഹോസ്പിറ്റൽ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ കൺവീനറായി തെരഞ്ഞെടുക്കപ്പെടാൻ രണ്ടാമതൊന്നാലോചിക്കേണ്ടി വന്നിരുന്നില്ല. ശ്രദ്ധേയമായ മറ്റൊരു പ്രവർത്തനം അക്കാലത്ത് ആശുപത്രികൾക്കകത്ത് കൊടികുത്തി വാണിരുന്ന അഴിമതിക്കെതിരെയുള്ള നിരന്തര പോരാട്ടമായിരുന്നു. ആരോഗ്യരംഗത്തെ ചടുലമായ പ്രവർത്തനങ്ങൾ ജില്ലാ ഭരണനേതൃത്വത്തിന്റേയും സവിശേഷ ശ്രദ്ധയ്ക്ക് പാത്രീഭൂതമായിരുന്നു. ആരോഗ്യസംബന്ധിയായ വിഷയങ്ങളിൽ ജില്ലാതലത്തിൽ വിളിച്ചു ചേർക്കപ്പെടുന്ന യോഗങ്ങളിൽ ജില്ല കലക്ടർമാരും ഡി എം ഒ മാരും വിജയേട്ടനെ എന്നും പ്രത്യേകം ക്ഷണിതാവാക്കിയിരുന്നു.

സംഘടന സംബന്ധിയായ വിഷയങ്ങളിൽ വ്യക്തത വരുത്താൻ എം എൻ വി ജി അടിയോടി എപ്പോഴും വിജയേട്ടനെയായിരുന്നു ആശ്രയിച്ചിരുന്നത്. അക്കാലങ്ങളിൽ സംഘടന നടത്തിയ പ്രക്ഷോഭങ്ങളുടെ മുഖ്യ ആസൂത്രകരിലൊരാളും അദ്ദേഹമായിരുന്നു. 80 കളിൽ സംഘടനാരംഗത്ത് യുവരക്തങ്ങൾ കടന്നുവന്നതോടെ സംഘടനയുടെ ഭാവി അവരിൽ ഭദ്രമാണെന്ന് ചൂണ്ടിക്കാട്ടി അവർക്കായി നേതൃപദവികളിൽ നിന്നും സ്വയമൊഴിഞ്ഞു നിൽക്കാനുള്ള ഹൃദയവിശാലതയും അദ്ദേഹത്തിനു മാത്രം സ്വന്തം. എങ്കിൽ പോലും സംഘടനയുടെ ഊർജ്ജസ്രോതസ്സായും മാർഗ്ഗനിർദ്ദേശകനായും നിലകൊണ്ടു.

ജില്ല മെഡിക്കൽ ഓഫീസിൽ FW, PSK ആയിരിക്കുമ്പോഴാണ് 53-ാം വയസ്സിൽ അദ്ദേഹത്തിന്റെ ആകസ്മിക വിയോഗമുണ്ടായത്. 1998 ജൂലൈ 10 ന് മസ്തിഷ്കജ്വരം മൂലമുണ്ടായ ജീവഹാനി സംഘടനാരംഗത്തും സാമൂഹ്യ സാംസ്കാരിക രംഗത്തുമുണ്ടാക്കിയ വിടവ് അപരിഹാര്യമായിരുന്നു.

സമാനമായ ഒരു ജീവിതചരിത്രഗാഥ തന്നെയാണ് കെ. വത്സരാജിന്റേതും. കൃത്യതയാർന്ന നിലപാടുകളും തീക്ഷ്ണമായ ആശയങ്ങളും സ്വായത്തമായാണ് വത്സരാജും സംഘടന രംഗത്തേക്ക് ഉദിച്ചുയർന്നത്. അത് തേച്ചുമിനുക്കാനും സർവ്വവ്യാപിയായി പ്രസരിപ്പിക്കാനും വിജയേട്ടന്റെ കളരി ഒരു വരദാനമായി. വത്സരാജ് 1978 ൽ ലേഖകനുമൊരുമിച്ചാണ് കണ്ണൂർ ജില്ലയിൽ താൽക്കാലിക സർവ്വീസ് ആരംഭിക്കുന്നത്. പഠനകാലത്ത് ഫാർമസി സംഘടനയുടെയും തുടർന്ന് തൊഴിൽരഹിത സംഘടനയുടെയും അമരത്തിരുന്നതിന്റെ പിൻബലത്തിൽ താൽക്കാലിക സർവ്വീസിലിരിക്കെ സംഘടന നേതൃപദവിയിലേക്കുയർന്ന പ്രതിഭയായിരുന്നു വത്സരാജ്. ചെറുപ്രായത്തിൽ തന്നെ സംഘടനയുടെ അത്യുന്നത പദവിയിലേക്കുയരാൻ സാധിച്ചതും അസാമാന്യ സംഘാടക മികവിനുടമയായതുകൊണ്ടുതന്നെ.

70 കളുടെ അവസാനത്തിൽ സംഘടനയിൽ നിന്നും വിഘടിച്ചുപോയവരെ തിരിച്ചു കൊണ്ടുവരാനും ഏകോപിപ്പിക്കാനുമുള്ള കഠിനശ്രമത്തിൽ എം.എൻ.വി.ജി. യോടൊപ്പം വത്സരാജും മുഖ്യപങ്കാളിയായിരുന്നു. വിജയേട്ടനുമൊരുമിച്ച് നടത്തിയ ചിട്ടയായ പ്രവർത്തനഫലമായിരുന്നു ജില്ലയിലെ അസൂയാവഹമായ സംഘടന സംവിധാനത്തിനാധാരം. സഹോദര സംഘടനകളുമായുള്ള ബന്ധം പൂർവ്വാധികം ശക്തിപ്പെടുത്താനും വത്സരാജ് ശ്രദ്ധാലുവായിരുന്നു. കെ ജി പി എ യെ ഒരു സമര സംഘടനയായി വളർത്തിയെടുത്തു എന്നതാണ് വത്സരാജിന്റെ മികച്ച സംഭാവന. ആ കാലഘട്ടത്തിൽ സംഘടന നടത്തിയ അവകാശപ്പോരാട്ടങ്ങളെ മുന്നിൽ നിന്നു നയിച്ചതും മറ്റാരുമായിരുന്നില്ല. സമര രംഗത്ത് തുടരവെ അധികാരികളുമായുള്ള ചർച്ചകളിൽ കർക്കശ നിലപാടെടുക്കുമ്പോൾത്തന്നെ കാലുഷ്യമില്ലാതെ വസ്തുതകൾ ഫലപ്രദമായി അവത

രിപ്പിക്കാനുമുള്ള പാടവം വത്സരാജിന്റെ മുഖ മുദ്രയായിരുന്നു.

2000 ൽ നടന്ന സംയുക്ത സർവ്വീസ് സംഘടനകളുടെ അനിശ്ചിതകാല പണിമുടക്കിൽ നേതൃപരമായ പങ്ക് വത്സരാജിനുണ്ടായിരുന്നു. ചലനാത്മകമല്ലാതെ ഇഴഞ്ഞുനീങ്ങിയിരുന്ന സമരത്തെ ചടുലമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വത്സരാജ് കലക്ടറേറ്റ് വളപ്പിൽ അതിക്രമിച്ചുകയറി അറസ്റ്റ് വരിച്ചതും തുടർന്ന് രണ്ടാഴ്ചക്കാലം ജയിൽവാസമനുഭവിച്ചതും. അതോടെ സംസ്ഥാനമാസകലം സമരത്തിന്റെ മൊത്തം ഗതിതന്നെ മാറിമറിഞ്ഞു. സർവ്വീസ് സംഘടനാരംഗത്തെ ഒരുജ്ജ്വല മുഹൂർത്തമായിരുന്നു ആ സംഭവം.

സംസ്ഥാന ഫാർമസി കൗൺസിൽ കൈയ്യടക്കിവച്ചിരുന്ന കച്ചവട ലോബിയിൽ നിന്നു മോചിപ്പിക്കാനുള്ള സമരത്തിന്റെ കുന്തമുന വത്സരാജായിരുന്നു. ഫാർമസി കൗൺസിൽ യോഗം നടന്നുകൊണ്ടിരിക്കെ, അതിൽ കടന്നുകയറി കലാപമുയർത്താനും തദ്വാരാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെടാനും ഇടയാക്കി സമരത്തെ മുന്നിൽനിന്നു നയിച്ചതിൽ എം എൻ വി ജി യോടൊപ്പം വത്സരാജും വിജയേട്ടനും സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. കെ ജി പി എ യുടേതെന്നപോലെ ഫാർമസി കൗൺസിലിന്റേയും FIPO യുടേയും ക്രിയാത്മകമായ പ്രവർത്തനങ്ങളുടെ പ്രഭവകേന്ദ്രമായും വത്സരാജ് നിലകൊണ്ടു.

കെ ജി പി എ പോലുള്ള ഒരു കൊച്ചു സംഘടനയിൽ തളച്ചിടാവുന്നതായിരുന്നില്ല വത്സരാജിന്റെ പോരാട്ടവീര്യം. സ്വാഭാവികമായും കുറേക്കൂടി വിശാലമായ മേഖലയിലേക്കത് പടർന്ന് കയറി. ജനറൽ സെക്രട്ടറി സ്ഥാനത്ത് നിന്നും സ്വയം വിരമിച്ച അദ്ദേഹം ജോയിന്റ് കൗൺസിലിന്റെ നേതൃപദവിയിലേക്ക് നേരിട്ട് കടന്നുകയറി. എങ്കിൽ പോലും കെ ജി പി എ യുടേയും അനുബന്ധ പ്രസ്ഥാനങ്ങളുടേയും അവിഭാജ്യഘടകമായിത്തന്നെ തുടർന്നു. ഫാർമസി കൗൺസിലിനെ ചലനാത്മകമാക്കാനുള്ള പ്രവർത്തനത്തോടൊപ്പം FIPO യുടെ സംസ്ഥാന പ്രസിഡന്റായും അവസാനം വരെ സേവനമനുഷ്ഠിച്ചു.

കണ്ണൂരിൽ വച്ച് നടന്ന സംഘടനയുടെ 45 -ാം സമ്മേളനത്തിനായുള്ള കൺവൻഷൻ കമ്മിറ്റിയുടെ ചെയർമാൻ വത്സരാജും ജനറൽ കൺവീനർ ലേഖനുമായിരുന്നു. സമ്മേളന നടത്തിപ്പിന്റെ പ്രാരംഭപ്രവർത്തനത്തിൽ മുഴുകിയിരിക്കെയാണ് വത്സരാജിന്റെ അകാലനിര്യാണമുണ്ടാകുന്നത്. തലശ്ശേരി ജനറൽ ആശുപത്രിയിൽ ജോലിചെയ്തുവരവെ, 2002 ജൂലൈ 21 ന് മസ്തിഷ്കാഘാതത്തെ തുടർന്ന് 49-ാം വയസ്സിലുണ്ടായ വത്സരാജിന്റെ വിയോഗം അന്ന് അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചവരിലുണ്ടാക്കിയ നടുക്കം ഇന്നും മാഞ്ഞിട്ടില്ല. ആരോഗ്യവും രോഗാവസ്ഥയും ലവലേശം ഗൗനിക്കാതെയുള്ള അക്ഷീണ പ്രവർത്തനങ്ങളായിരുന്നു ആ പ്രതിഭയെ അല്പായുസ്സാക്കിയത്. മരണാനന്തരം നടത്തിയ സർകക്ഷി അനുശോചനത്തിൽ പങ്കെടുത്തവരുടെയൊക്കെ വാക്കുകൾ വത്സരാജ് അവരെയൊക്കെ എത്രമാത്രം സ്വാധീനിച്ചിരുന്നുവെന്നതിന് തെളിവായിരുന്നു. വത്സരാജിനെപ്പോലെയുള്ളവരുടെ താരോദയം അപൂർവ്വമായി മാത്രം നടക്കുന്ന ഒരു പ്രതിഭാസമാണ്.

വത്സരാജിനേയും വിജയേട്ടനേയും അവരുടെ സമശീർഷകരായിരുന്ന അതുല്യ നേതാക്കളുടെയുമൊക്കെ നിസ്വാർത്ഥ പ്രവർത്തനങ്ങളാണ് ഫാർമസിസ്റ്റ് സമൂഹം കരഗതമാക്കിയ സൗകര്യങ്ങളുടേയും നേട്ടങ്ങളുടേയും അടിസ്ഥാനം. അവരുടെയൊക്കെ കർമ്മമണ്ഡലങ്ങളെ പഠനവിധേയമാക്കി, അതിൽനിന്നും പ്രചോദനമുൾക്കൊണ്ട് പുതുചരിത്രം രചിക്കാൻ പ്രാപ്തരാക്കുന്നതിലൂടെയാണ് ആ മഹത്തുക്കൾ ആദരിക്കപ്പെടുന്നതെന്ന യാഥാർത്ഥ്യം തിരിച്ചറിയേണ്ടതുണ്ട്.

♦♦♦

എന്താണ് സോഷ്യൽ ഫാർമസി?

അഗസ്റ്റിൻ പി.പി.
മുൻ സംസ്ഥാന സെക്രട്ടറി
റിട്ട. എസ്.വി.ഒ.

"സത്യസന്ധതയാണ് പ്രബുദ്ധതയുടെ പുസ്തകത്തിലെ ആദ്യ അദ്ധ്യായം."
– തോമസ് ജെഫേഴ്സൺ

ER20 - ഡി.ഫാമിന്റെ പുതിയ പാഠ്യപദ്ധതിയാണ്. മുപ്പത് വർഷങ്ങൾക്ക് ശേഷമാണ് ഇതുപോലെ ഒരു പുതുക്കൽ സംഭവിക്കുന്നത്. ഇതിന്റെ ആമുഖം വളരെ നല്ലതാണ്. എന്നാൽ ഇതിൽ പറയുന്ന പാഠ്യവിഷയങ്ങളൊന്നും ഈ രംഗത്ത് കഴിഞ്ഞ മുപ്പത് വർഷങ്ങളിലുണ്ടായ മാറ്റങ്ങളെ ഉൾക്കൊള്ളുന്നില്ല. പുതിയ പാഠ്യക്രമത്തിന്റെ പ്രത്യേകതയായി പറയുന്നത് അതിൽ രണ്ട് പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതാണ്. അതിലൊന്നാണ് സോഷ്യൽ ഫാർമസി.

സോഷ്യൽ ഫാർമസി എന്ന വാക്ക് നമ്മൾ കേൾക്കാൻ തുടങ്ങിയിട്ട് അധികമായില്ല. ഈ വിഷയം നാൽപതോ അൻപതോ വർഷം മുൻപുതന്നെ മറ്റ് പല രാജ്യങ്ങളിലും ഫാർമസി വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠിപ്പിക്കുകയും ഗവേഷണം നടത്തുകയും ചെയ്തുവരുന്നു.

സോഷ്യൽ ഫാർമസി

സോഷ്യൽ ഫാർമസി പഠനം അദ്ധ്യേതാവിന്റെ മുന്നിൽ സമൂഹ ഹൃദയത്തിലേക്ക് വിശാലമായ വാതിലുകൾ തുറന്നിടുന്നു. അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ സമൂഹവും ഫാർമസിയും തമ്മിലുള്ള ബന്ധമാണ് വിഷയത്തിന്റെ കാതൽ. സാമൂഹ്യശാസ്ത്രം, മനഃശാസ്ത്രം തുടങ്ങിയ മാനവിക വിഷയങ്ങളുടെ അടിസ്ഥാനത്തിൽ രോഗികളുടെയും സമൂഹത്തിന്റെയും മരുന്നുപയോഗരീതികൾ വിശകലനം ചെയ്ത് പഠിക്കുന്നു. അങ്ങനെ ലഭിക്കുന്ന വിവരങ്ങൾ രോഗികളുടെ മരുന്നുപയോഗം കൂടുതൽ കുറ്റമറ്റതാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുപയോഗിക്കുന്നു. ദീർഘകാലം മരുന്നുപയോഗം വേണ്ടവരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും അവരെ മരുന്നുപയോഗത്തിൽ ഉറപ്പിച്ചുനിർത്തുന്നതിനാവശ്യമായ എല്ല നടപടികളും സ്വീകരിക്കുകയും ചെയ്യുന്നു. മരുന്നുകളുടെ അമിതോപയോഗം (over use), ന്യൂനോപയോഗം (under use) അനാവശ്യോപയോഗം (misuse and abuse), ആന്റിബയോട്ടിക് റസിസ്റ്റൻസ് തുടങ്ങി സമൂഹം നേരിടുന്ന ഔഷധ സംബന്ധമായ ആരോഗ്യപ്രശ്നങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. യുക്തിസഹമായ ഒരു മരുന്നുപയോഗരീതി സമൂഹത്തിൽ വളർത്തിക്കൊണ്ടുവരുന്നതിനു വേണ്ട പ്രവർത്തനങ്ങളാണ് സോഷ്യൽ ഫാർമസി മുന്നോട്ടു വയ്ക്കുന്നത്.

നമ്മുടെ സോഷ്യൽ ഫാർമസി

ഈ വിഷയം ആദ്യമായി ഉൾപ്പെടുത്തിക്കാണുന്നത് ബി.ഫാം ഫാർമസി പ്രാക്ടീസിലാണ്. നീണ്ട പതിനൊന്നു വർഷം കഴിഞ്ഞിട്ടും എവിടെയും എത്താത്ത ഈ വിദ്യാഭ്യാസപദ്ധതി ആരും ശ്രദ്ധിച്ചിട്ടില്ല എന്നു കരുതണം. മറ്റൊരു പാഠ്യപദ്ധതിയിലും ഇതുവരെ ഈ വിഷയം ഈ പേരിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതുവരെ ആരും പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യാത്ത വിഷയം! പിന്നീട് ഈ വിഷയം വരുന്നത് ഡി.ഫാമിന്റെ ER20 സിലബസിലാണ്.

നീണ്ട മുപ്പത് വർഷങ്ങൾക്കു ശേഷം ഒരു പുതിയ വിഷയം പഠിപ്പിക്കാൻ പി.സി.ഐ. കരുണ കാട്ടിയല്ലോ എന്നോർത്തു സന്തോഷം തോന്നി. പക്ഷെ താഴേക്ക് വായിച്ചപ്പോൾ സന്തോഷത്തിന്റെ സ്ഥാനത്ത് അത്ഭുതവും

ജാള്യതയും കയറിവന്നു. ഒരു നിമിഷംകൊണ്ട് സോഷ്യൽ ഫാർമസി രൂപമാറ്റം (metamorphosis) സംഭവിച്ച് പൊതുജനാരോഗ്യമായി മാറിയിരിക്കുന്നു. കഴിഞ്ഞ മുപ്പത് വർഷമായി 'ഹെൽത്ത് എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിറ്റി ഫാർമസി'യിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങൾ ചെറിയ മാറ്റങ്ങളോടെ സോഷ്യൽ ഫാർമസി എന്ന പേരിനു താഴെ ഒട്ടിച്ചുവച്ചിരിക്കുന്ന അത്ഭുതക്കാഴ്ചയാണ് നമ്മൾ കാണുന്നത്.

ആർക്കുവേണ്ടിയാണ് പി.സി.ഐ. ഇതുപോലെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്? ലോകം അംഗീകരിച്ച ഒരു വിഷയത്തിന്റെ ലക്ഷ്യവും ഉള്ളടക്കവും ഇങ്ങനെ മാറ്റിമറിക്കാൻ എങ്ങനെ സാധിക്കുന്നു? ഫാർമസി രംഗത്തെ പ്രഗത്ഭരും പ്രശസ്തരുമായ അദ്ധ്യാപകരെങ്കിലും കൗൺസിലിനെ ഇത്തരം വില കുറഞ്ഞ പ്രവർത്തനങ്ങളിൽ നിന്നും പിന്തിരിപ്പിക്കേണ്ടതായിരുന്നു.

തീർച്ചയായും ആരോഗ്യ സേവനരംഗത്ത് പ്രവർത്തിക്കേണ്ട ഫാർമസിസ്റ്റുമാർക്ക് പൊതുജനാരോഗ്യത്തെക്കുറിച്ച് അറിവുണ്ടായിരിക്കണം. അത് ആ പേരിൽതന്നെ പഠിപ്പിക്കുന്നതായിരുന്നു അഭികാമ്യം. പൊതുജനാരോഗ്യത്തിൽ കാര്യമായി അഭിസംബോധന ചെയ്യാതെ കിടക്കുന്ന ഔഷധസംബന്ധമായ നിരവധി ആരോഗ്യപ്രശ്നങ്ങളുണ്ട്. അതൊക്കെയായിരുന്നു സോഷ്യൽ ഫാർമസിയിൽ വരേണ്ടിയിരുന്നത്. നമ്മൾ അതേറ്റെടുക്കുന്നില്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗങ്ങൾ അത് സമീപഭാവിയിൽത്തന്നെ ഏറ്റെടുക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. ഇപ്പോൾത്തന്നെ പല മേഖലകളിലും അതുപോലെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇപ്പോൾ പഠിപ്പിക്കുന്ന പൊതുജനാരോഗ്യ വിഷയങ്ങളിൽ ഫാർമസിസ്റ്റുമാർക്ക് വലിയ റോളൊന്നുമില്ല. കാരണം അതു കൈകാര്യം ചെയ്യാൻ വേറെ ഒരുപാടാളുകൾ നിലവിലുണ്ട്.

സോഷ്യൽ ഫാർമസി പോലെയുള്ള ഒരു വിഷയം കോളേജിലിരുന്ന് പഠിക്കേണ്ട കാര്യമല്ല. കുറഞ്ഞത് ഒരു മാസമെങ്കിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ആശുപത്രികളിലും പോയി അവിടെ നടക്കുന്ന പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുത്തും, കണ്ടും കേട്ടും പറഞ്ഞും പഠിക്കണം. അവിടെ ഔഷധ സംബന്ധമായ ആരോഗ്യപ്രശ്നങ്ങൾ രോഗികളോടും, പൊതുജനങ്ങളോടും, മറ്റ് പ്രത്യേക വിഭാഗങ്ങളോടും പറയുന്നതിനും അവരിൽനിന്ന് പഠിക്കുന്നതിനുമുള്ള അവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. അവരെക്കൊണ്ട് പൊതുജനത്തിന് പ്രയോജനമുണ്ടെന്ന തിരിച്ചറിവാണ് അതിൽ പ്രധാനം.

ലോകമെമ്പാടുമുള്ള ഫാർമസിസ്റ്റുമാർ മാത്രമല്ല മറ്റെല്ലാ ആരോഗ്യ പ്രവർത്തകരും തങ്ങളുടെ പ്രവർത്തനങ്ങൾ പുതിയ പുതിയ മേഖലകളിലേയ്ക്ക് വ്യാപിപ്പി ക്കുന്നു. നമ്മുടെ രാജ്യത്തും സ്ഥിതി വിഭിന്നമല്ല. അതിനാവശ്യമായ വിഷയങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും അതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് ഗവേഷണം നടത്തുകയും ചെയ്യുന്നു. നമ്മുടെ കൗൺസിൽ, വിദ്യാഭ്യാസത്തിനുമേൽ ചില സൂത്രപ്പണികളുമായി മുന്നോട്ടുപോകുന്നു. എത്ര കാലം ഇങ്ങനെ മുന്നോട്ട് പോകാൻ കഴിയും? 'ടൺകണക്കിനു ഫാർമസി സാഹിത്യം' കോളേജിലിരുന്ന് പഠിക്കുന്നതുകൊണ്ടു മാത്രം ഫാർമസിസ്റ്റുമാർ എവിടെയും എത്താൻ പോകുന്നില്ല. അതുകൊണ്ട് കേന്ദ്ര-സംസ്ഥാന കൗൺസിലുകൾ അതിന്റെ ചിന്തയിലും പ്രവർത്തനത്തിലും അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുന്നില്ലെങ്കിൽ ഇന്ത്യൻ ഫാർമസിസ്റ്റുമാരുടെ സമാനതകളില്ലാത്ത ദൈന്യം തുടരുകതന്നെ ചെയ്യും. ♦♦♦

സോഷ്യൽ ഫാർമസിയെക്കുറിച്ചുള്ള വിവരങ്ങൾക്ക് കടപ്പാട്

1. Scope and Challenges of Social Pharmacy in Training of Pharmacy Students - published in International Journal of Drug Safety and Discovery.
2. Social Pharmacy Concept in Pharmacy Education. (Subal C Basak, Associate Professor, Dept. of Pharmacy, Annamalai University, Tamilnadu.

ഓർമ്മകളിലൂടെ...
ഹസൻ ഷെരീഫ്

ശ്രീ ഹസ്സൻ ഷെരീഫ്... ഓർമ്മയുടെ ചില്ലുഫലകത്തിൽ പതിഞ്ഞുപോയ ഒരിക്കലും മായ്ക്കാനാകാത്ത ചിത്രം... ചിന്തയുടെ അഭ്രപാളികളിലെ ഒരു സുവർണ്ണ താരകം...

ആദരാഞ്ജലികൾ

മലപ്പുറം ജില്ലയിൽ കെ.ജി.പി.എ. എന്ന സംഘടനയുടെ പ്രവർത്തനങ്ങളിൽ സൗമ്യവും സജീവവുമായ സാന്നിധ്യമായിരുന്നു ഹസ്സൻ ഷെരീഫ്. അധികാരമോഹം തീരെ ഇല്ലാത്ത എന്നാൽ എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ചിരുന്ന പ്രവർത്തകൻ. ഉണ്ണിക്കോയ എന്ന ഫാർമസിസ്റ്റിന്റെ ശിക്ഷണം ലഭിച്ച ഫാർമസിസ്റ്റ് എന്ന പ്രത്യേകത കൂടിയുള്ളതിനാലായിരിക്കണം കെ.ജി.പി.എ. എന്ന സംഘടനയോട് അത്യധികം മമത ഉണ്ടായിരുന്നു അദ്ദേഹത്തിന്. കെ.ജി.പി.എ ക്ക് ഒരു തീരാനഷ്ടം തന്നെയാണ് അകാലത്തിലെ അദ്ദേഹത്തിന്റെ വേർപാട്.

സദാനന്ദൻ കെ. ടി.
സംസ്ഥാന ട്രഷറർ

ഒരു സുവർണ്ണ താരകം

മലപ്പുറം താലൂക്ക് ആശുപത്രിയിലെ ഫാർമസിസ്റ്റായിരുന്ന വെളുത്തു മെലിഞ്ഞ ചെറുപ്പക്കാരന് മലപ്പുറം ജില്ല മെഡിക്കൽ ഓഫീസിനോടനുബന്ധിച്ച ജില്ലാ ഫാമിലി വെൽഫെയർ സ്റ്റോറിലേക്ക് ജോലി ക്രമീകരണവ്യവസ്ഥയിൽ ഫാർമസിസ്റ്റായി നിയമനം... അക്കാലയളവിൽ അടുത്തടുത്തായി കടന്നുവന്ന നിപ്പ വ്യാധിയെയും പ്രളയത്തെയും സധൈര്യം സ്തുത്യർഹമായ സേവനത്തോടെ നേരിട്ട അദ്ദേഹം പ്രശംസയ്ക്ക് പാത്രമായി. അപ്പോഴാണ് കോവിഡ് മഹാവില്ലനായി കേരളത്തിലും രംഗപ്രവേശം ചെയ്തത്. ജില്ലാ ഫാമിലി വെൽഫെയർ സ്റ്റോർ അകത്തളങ്ങളിൽ തന്റെ പടച്ചട്ട എടുത്തണിഞ്ഞുകൊണ്ട് തുടരെത്തുടരെ വന്നുകൊണ്ടിരുന്ന കോവിഡ് ടെസ്റ്റിംഗ് ഉപാധികൾ ഉൾപ്പെടെയുള്ള കോവിഡ് അനുബന്ധ സാമഗ്രികൾ ജില്ലയുടെ വിവിധ സ്ഥാപനങ്ങളിലേക്ക് തരംതിരിച്ച് ആവശ്യാനുസരണം വിതരണം ചെയ്തുകൊണ്ട് ആ ശക്തനായ പോരാളി ഹസ്സൻ ഷെരീഫ് - വീണ്ടും പടക്കളത്തിലിറങ്ങി. രാവിലെ ഏഴു മണിക്ക് എത്തിയാൽ വൈകിട്ട് തിരികെ പോകുന്ന സമയം പല ദിവസങ്ങളിലും പാതിരാത്രി വരെ നീണ്ടുപോകുമായിരുന്നു. ഇതിനിടയിൽ എത്തിച്ചേരുന്ന നിരവധി ഫോൺ കോളുകൾ... വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ വാഹനങ്ങൾ... ആരോഗ്യപ്രവർത്തകർ... എല്ലാവരോടും തികഞ്ഞ സൗമനസ്യത്തോടെ, സ്വതസിദ്ധമായ നിറഞ്ഞ പുഞ്ചിരിയോടെ ഒരു കോവിഡും തന്നെ തളർത്തില്ല എന്ന ഉത്തമ

ആത്മവിശ്വാസത്തോടെ തലയുയർത്തി നിന്നിരുന്ന വ്യക്തിത്വം ഒടുവിൽ കോവിഡ് പ്രതിരോധത്തിനായുള്ള സാമഗ്രികൾ കോവിഡ് വാക്സിനിലേക്ക് ചുവടുമാറിയപ്പോൾ ഏതു സമയത്തും കേരളത്തിന്റെ ഏതു ഭാഗത്തും എത്തിച്ചേരുന്ന കോവിഡ് വാക്സിൻ, സർക്കാർ വാഹനത്തിൽ ഡ്രൈവറോടൊപ്പം പോയി ഏറ്റെടുക്കാൻ അദ്ദേഹം മുന്നിട്ടിറങ്ങുമായിരുന്നു. പുലർകാലങ്ങളും നിറസന്ധ്യകളും നിശയുടെ വൈകിയ വേളകളിലും വരെ ഊണും ഉറക്കവും ഉപേക്ഷിച്ച് അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു. ഒടുവിൽ കോവിഡ് പൂർണ്ണമായും പടിയിറങ്ങുന്നതിന് ഏതാനും മാസങ്ങൾക്കു മുമ്പ് ഒന്നു ശ്വാസം വിടാനായി തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലേക്ക് അദ്ദേഹം ഒരു ട്രാൻസ്ഫർ പിടിച്ചുവാങ്ങി അവിടെയെത്തി. ശ്രദ്ധേയമായ രീതിയിൽത്തന്നെ തന്റെ സേവനസപര്യ തുടരാനാഗ്രഹിച്ച ആ മനുഷ്യന് ഒന്നു നടുവു നിവർത്തുന്നതിനും മുമ്പേ 26/05/2022 ന് ഈ ലോകത്തുനിന്നു തന്നെ വിടവാങ്ങേണ്ടിവന്നു. കൃത്യനിഷ്ഠയുടെ, ചിട്ടയായ ജീവിതചര്യയുടെ കഠിനാദ്ധ്വാനത്തിന്റെ സർവ്വോപരി സ്വന്തം പ്രൊഫഷനോടുള്ള തികഞ്ഞ ആത്മാർത്ഥതയുടെ പ്രതീകത്തിനെ ആകസ്മികമായ ഒരു ഹൃദയാഘാതത്തിന്റെ രൂപത്തിൽ രംഗബോധമില്ലാതെ കടന്നെത്തിയ ഒരു കോമാളിയായ മരണം കവർന്നെടുത്തു എന്നത് ഇന്നും അവിശ്വസനീയം... പ്രമോഷൻ തസ്തികകളും ദീർഘകാല സേവനവും ബാക്കി നിൽക്കുമ്പോൾ അപ്രതീക്ഷിതമായ ആ വിടവാങ്ങൽ നമ്മുടെ ഫാർമസി വിഭാഗത്തിനു മാത്രമല്ല ആരോഗ്യ വകുപ്പിനുതന്നെ തീരാനഷ്ടമായി... വേദനയോടെ... വിങ്ങലോടെ... ഒരായിരം ആദരാഞ്ജലികൾ...

കിഷോർ പി.
ജില്ലാ സെക്രട്ടറി, കെ.ജി.പി.എ., മലപ്പുറം

ഹസ്സൻ ഷെരീഫ് – പൂർണ്ണതയുടെ പ്രതീകം

ഭാവനയിലെ ഒരു പരിപൂർണ്ണൻ ആരോ... അതായിരുന്നു പ്രിയങ്കരനായ ഹസ്സൻ. നല്ലൊരു സഹപ്രവർത്തകൻ... നല്ലൊരു കുടുംബനാഥൻ... അങ്ങനെ അനേകം തവണ 'നല്ലൊരു' എന്ന വാക്കു ചേർത്ത് പറഞ്ഞുതുടങ്ങാനാവുന്ന വ്യക്തിത്വം...

ഏറെനാൾ ഒന്നിച്ച് ജില്ലാ ഫാമിലി വെൽഫെയർ സ്റ്റോറിൽ പ്രവർത്തിച്ചപ്പോൾ ഒരു സഹപ്രവർത്തകനേക്കാൾ സ്നേഹസമ്പന്നനായ ഒരു പൊന്നനുജനെ കിട്ടിയ പ്രതീതിയായിരുന്നു എനിക്ക്. യഥാർത്ഥ ടീം സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് പ്രതിസന്ധിഘട്ടങ്ങളിലും ആസ്വദിച്ച് ജോലി ചെയ്യാനാകുമ്പോൾ പിരിമുറുക്കം കുറയുമെന്നത്, വീട്ടിൽ നിന്നും കുടുംബിനി "എന്തായാലും ഷരീഫ് വന്നതോടെ നിങ്ങൾ ശരിക്കും മാറി" എന്നു പറഞ്ഞപ്പോൾ ഒന്നു കൂടി ശരിക്ക് എനിക്ക് ബോധ്യമാക്കി തന്നിരുന്നു. കാരണം, കൂടെ മറ്റാരും ഇല്ലാതെ പ്രയാസപ്പെട്ട് അലയുന്ന സമയത്തായിരുന്നു ഫാമിലി വെൽഫെയർ സ്റ്റോറിലേക്കുള്ള ഷരീഫിന്റെ നിയമനം നടക്കുന്നത്. പ്രസ്തുത നിയമനത്തിനായി അന്നത്തെ എസ്.വി.ഓ ടീമിന്റെ അമരക്കാരനായ മൂസ്സക്കുട്ടിസാർ വളരെയധികം സഹായിച്ചതും ഒരുപാട് നന്ദിയോടെ ഓർമ്മിച്ചുകൊള്ളുന്നു. പിന്നീട് അന്നത്തെ ഡി.എം.ഒ.യായ ഡോ. സക്കീന മേഡത്തിന്റെ കീഴിൽ നല്ലൊരു ടീം വർക്കിലൂടെ 2018 ലെ പ്രളയത്തേയും പിന്നീട് നിപയേയും സധൈര്യം നേരിടാനായി. അത് ഏറ്റവും അവസാനമായി കോവിഡ് വാക്സിന്റെ പഴുതടച്ച വിതരണത്തിലും പ്രതിഫലിച്ചു. കോവിഡിൽ നിശ്ചലമായ പൊതുജനജീവിതം പുനർചലിപ്പിക്കുന്നതിന്റെ മുന്നോടിയായി ജനങ്ങളെ വാക്സിനേറ്റഡാക്കുന്നതിലുള്ള ആരോഗ്യവകുപ്പിന്റെ ഉത്തരവാദിത്വം പരിപൂർണ്ണമായും പാലിച്ചുകൊണ്ട് ദിനരാത്രങ്ങൾ വിശ്രമമി

ല്ലാതെ ഞങ്ങൾക്ക് ജോലി ചെയ്യേണ്ടിവന്നു. പാവം! അതൊക്കെ എന്റെ സഹോദരന്റെ ആരോഗ്യത്തെ വല്ലാതെ ഉലച്ചുവോ എന്തോ?! ആയതുകൊണ്ടാണോ അവസാനം അദ്ദേഹം ട്രാൻസ്ഫറിനായി ധൃതിവച്ചിരുന്നതും, അത് പിന്നെ നേടിയെടുത്തതും എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുന്നിൽ അശ്രുപുഷ്പങ്ങൾ അർപ്പിക്കുന്നു.

മുഹമ്മദ് അബ്ദു റഹ്മാൻ
എസ്.വി.ഒ., ജില്ലാ മെഡിക്കൽ ഓഫീസ്, മലപ്പുറം

ഹസ്സൻ ഷെരീഫ് – കെ.ജി.പി.എ. യുടെ സഹയാത്രികൻ

പ്രശാന്തവും എന്നാൽ പ്രശോഭിതവുമായ ഒരു മുഖമാണ് ഉള്ളിൽ തെളിയുന്നത്... ഒരു മന്ദസ്മിതവും തൂകി നിശബ്ദ സാന്നിദ്ധ്യമായി എല്ലാത്തിലും ഒപ്പമുണ്ടായിരുന്ന സഹപ്രവർത്തകൻ... സുഹൃത്ത്... സൗമ്യനും പ്രസന്ന വദനനുമായി തന്റെ സഹപ്രവർത്തകരുടെ ഇഷ്ടം സമ്പാദിച്ചയാൾ... സ്നേഹസമ്പന്നനായ ഭർത്താവ്, വാത്സല്യനിധിയായ അച്ഛൻ എല്ലാറ്റിലുമുപരി കറകളഞ്ഞ മനുഷ്യസ്നേഹി...

വിശേഷണങ്ങൾ ഇനിയുമൊരുപാടുണ്ട് ഹസ്സൻ ഷെരീഫ് സാറിനെക്കുറിച്ച് പറയാൻ...

ശ്രീ. ഹസ്സൻ ഷെരീഫ് സാർ ഏതാണ്ട് മൂന്നുവർഷത്തിലേറെയായി മലപ്പുറം ജില്ല ഫാമിലി വെൽഫെയർ സ്റ്റോറിൽ മാതൃകാപരമായ രീതിയിൽ പ്രവർത്തനം കാഴ്ചവയ്ക്കുകയുണ്ടായി. തന്റെ തൊഴിലിൽ ഏറ്റവും ആത്മാർത്ഥമായി നിസ്വാർത്ഥമായി അദ്ദേഹം പ്രവർത്തിച്ചു. ഇക്കാലയളവിൽ അവിടെ പി. എസ്.കെ. മാർ പലരും മാറിമാറി വന്നപ്പോഴും അവർക്ക് വേണ്ടുന്ന പിന്തുണ നൽകിക്കൊണ്ട് ജില്ലാ ഫാമിലി വെൽഫെയർ സ്റ്റോറിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ തന്നാലാവും വിധം അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. സാധാരണയുള്ള വാക്സിനുകൾക്കും മറ്റിതര സാധനങ്ങൾക്കും പുറമെ, കഴിഞ്ഞ രണ്ടു പ്രളയാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി എത്തിയ ഒട്ടനവധി മരുന്നുകളും, ഈ കോവിഡ് കാലത്ത് കോവിഡ് വാക്സിനും, കോവിഡ് അനുബന്ധ സാമഗ്രികളും ആക്ഷേപത്തിന് ഇടയാക്കാത്ത വിധത്തിൽ അദ്ദേഹം ഉൾപ്പെട്ട ടീമിന് വിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് വലിയ കാര്യമാണ്. ചിലപ്പോഴൊക്കെ ഒറ്റയാൾ പട്ടാളം ആയി ഈ വക കാര്യങ്ങൾ അദ്ദേഹത്തിന് തനിച്ച് നിർവഹിക്കേണ്ടിവന്നിട്ടുമുണ്ട് എന്നതാണ് യാഥാർത്ഥ്യം. അപ്പോഴൊക്കെ അക്ഷോഭ്യനായി ഏറ്റവും സൗമ്യനായി അദ്ദേഹം നിലകൊണ്ടു. രാത്രി ഒരു മണിക്കും രണ്ടു മണിക്കുമൊക്കെ റീജിയണൽ വാക്സിൻ സ്റ്റോറുകളിലും എയർപോർട്ടിലുമൊക്കെ പോയി കോവിഡ് വാക്സിൻ കളക്ട് ചെയ്തതും, ഒരു മാസത്തിലേറെക്കാലം തുടർച്ചയായി വീക്കിലി ഓഫ് പോലുമെടുക്കാതെ രാവിലെ 7 മണി മുതൽ രാത്രി 7 മണി വരെ ജോലി ചെയ്തതുമെല്ലാം ചെറിയ ചില ഉദാഹരണങ്ങൾ മാത്രം.

കെ.ജി.പി.എ. സംഘടനയുടെ നല്ലൊരു സഹയാത്രികനായിരുന്നു ശ്രീ ഹസ്സൻ ഷെരീഫ്. സംഘടനയുടെ ജില്ലാതലത്തിൽ നടത്തിയ എല്ലാ പരിപാടികളിലും പങ്കെടുക്കാൻ അദ്ദേഹം എന്നും ഉത്സുകനായിരുന്നു. കെ.ജി. പി.എ. നടത്തിയ സമരങ്ങളിലും പല സംസ്ഥാന സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

ഫാർമസി വിഭാഗത്തിന്റെ ജില്ല മേധാവിയോ, അതിനുമുകളിലോ എത്താൻ സർവ്വീസ് ബാക്കിയുണ്ടായിരുന്ന അദ്ദേഹത്തിന്റെ പൊടുന്നനെയുള്ള വിയോഗം മലപ്പുറം ജില്ലയിലെ ഫാർമസിസ്റ്റുകളെ സംബന്ധിച്ചിടത്തോളം അത്യന്തം ഞെട്ടലുളവാക്കിയതും തീരാനഷ്ടവുമാണ്.

അദ്ദേഹത്തിന്റെ ദീപ്ത സ്മരണകൾക്കു മുമ്പിൽ ബാഷ്പാഞ്ജലികൾ!

ശ്രീധരൻ മേലേത്തൊടി
(കെ.ജി.പി.എ. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം)

മറക്കാനാകാത്ത ദിനം

2022 മാർച്ച് 26, മലപ്പുറം ജില്ലയിലെ ഒരു ഫാർമസിസ്റ്റിനും മറക്കാനാവാത്ത ഒരു പ്രഭാതം...

രാവിലെ പ്രഭാത കർമ്മങ്ങൾക്കും പ്രാർത്ഥനയ്ക്കും ശേഷം ഫോൺ എടുത്ത് നോക്കുമ്പോൾ കെ.ജി.പി.എ. മലപ്പുറം വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ഒരു സന്ദേശം കണ്ടു. "What about Hassan Shereef Sir" വായിച്ചപ്പോൾ മരണമായിരിക്കും സംഭവിച്ചതെന്ന് മനസ്സിൽ തോന്നിയിട്ടേ ഇല്ല. എങ്കിലും മനസ്സിൽ ഒരു പ്രാർത്ഥന മന്ത്രിച്ചു "ഒന്നും സംഭവിക്കരുതേ" എന്ന്. ഒരു പത്ത് മിനിട്ടിനുള്ളിൽ ആ മരണവാർത്ത സ്ഥിരീകരിച്ചിരുന്നു.

ഞാൻ എന്റെ ഫാർമസി പഠനസമയത്തു തന്നെ ഈ വ്യക്തിയെക്കുറിച്ച് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാര്യയുടെ അനുജത്തിയും ഞാനും സഹപാഠികൾ ആയിരുന്നു. പിന്നീട് എന്റെ പിതാവിന്റെ അനുസ്മരണ യോഗങ്ങൾക്കെല്ലാം കണ്ടു സംസാരിക്കാറുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സംസാരത്തിലെ എളിമ ഒരു പ്രത്യേകതയാണ്. എന്നാൽ അനാവശ്യമായി ഒന്നും സംസാരിക്കാറുമുണ്ടായിരുന്നില്ല.

പിന്നീട് എനിക്ക് ഏറ്റവും കൂടുതൽ അദ്ദേഹവുമായി അടുത്തിടപഴകേണ്ടി വന്നത് ഞാൻ ബ്ലോക്ക് സി.എച്ച്.സി. യിൽ ജോലി ചെയ്യുമ്പോഴായിരുന്നു. കോവിഡ്കാലത്തെ അന്നത്തെ തിരക്കിനിടയിലും ഫോണിലൂടെ വളരെ സൗമ്യമായി മാത്രമേ പ്രതികരിക്കാറുള്ളായിരുന്നു.

അദ്ദേഹത്തെ അവസാനമായി ഒരു നോക്കു കാണാൻ എനിക്ക് ശാരീരികമായി ബുദ്ധിമുട്ടായതിനാൽ സാധിച്ചില്ല. മരണവിവരമറിഞ്ഞ എന്റെ ഭർത്താവ് അങ്ങോട്ട് തിരിക്കുകയും അദ്ദേഹത്തിനുവേണ്ടി മയ്യിത്ത് നിസ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബത്തിന് ഈ അകാലനിര്യാണത്തിൽ ക്ഷമിക്കുവാനും അതുപോലെ അദ്ദേഹത്തിന്റെ പരലോകവാസം നന്നാക്കികൊടുക്കുവാനും വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

ഫരീദ പി.
ഫാർമസിസ്റ്റ് ഗ്രേഡ്-2സി.എച്ച്.സി. പുഴക്കാട്ടിരി, മലപ്പുറം.

പ്രിയപ്പെട്ട ഷെരീഫ്

പ്രിയ ഷെരീഫ്...
കാണാതിരിക്കാനാവുന്നില്ലല്ലോ സുഹൃത്തേ
നീ ബാക്കിവെച്ച സ്വപ്നങ്ങൾ...
അവ ഞങ്ങളുടെ വേദനയാകുമ്പോൾ
കാലത്തെ തോൽപിച്ച് ഞങ്ങളെയൊറ്റക്കാക്കി
പടിയിറങ്ങി നീ പോകുമ്പോഴും
നിന്റെ തിരക്കുകളിൽ നീ എപ്പോഴെങ്കിലും
യാത്ര പറയാനായി ഒരുങ്ങിയിരുന്നോ?
അകലെ ആകാശസീമയിൽ
നീ അകന്നുപോകുന്നതും നോക്കി
തിരിഞ്ഞുനടക്കുകയാണ് സുഹൃത്തേ ഞാൻ
ഖബറിൽ വഴുതിപ്പോയ സ്വപ്നങ്ങൾക്കു മീതെ
മൂന്നുപിടി മണ്ണുവാരിയിട്ട്
കനവിൽ നിന്റെ ശാന്തതയും പുഞ്ചിരിയും
സ്വപ്നവും കണ്ട് വെറുതെ ഞാനിറങ്ങുന്നു
നീയുപേക്ഷിച്ച ഈ പടികളും താണ്ടി...

സുബ്രഹ്മണ്യൻ സി.
ഫാർമസിസ്റ്റ് ഗ്രേഡ്-1, താലൂക്ക് ആശുപത്രി, അരീക്കോട്

കണ്ണീർപൂക്കൾ

ചിലരങ്ങനെയാണ്, അവരുടെ അഭാവത്തിലും മറ്റുള്ളവരുടെ മനസ്സിൽ എന്നും പ്രകാശമായി നിലനിൽക്കും. എന്നും പുഞ്ചിരിച്ച മുഖത്തോടെയല്ലാതെ അദ്ദേഹത്തെ കാണാൻ

സാധിച്ചിട്ടില്ല. കർമ്മപഥത്തിൽ മറ്റാരേയും അലോസരപ്പെടുത്താതെ തികഞ്ഞ ഒരു പ്രൊഫഷണലായി തന്റെ ഉത്തരവാദിത്തങ്ങൾ സംതൃപ്തിയോടെ ചെയ്യാനാവുക എന്നതും അതിന്റെ ഫലം എല്ലാവർക്കും ഉപകാരപ്പെടുത്താൻ സാധിക്കുക എന്നതും ചിലർക്കു മാത്രം കഴിയുന്ന ഒന്നാണ്. ഹസ്സൻ ഷെരീഫ്സാർ ബാക്കിവച്ച് പോയതും അതാണ്. ബ്ലോക്ക് സി.എച്ച്.സി. ഫാർമസിസ്റ്റ് എന്ന നിലയിൽ എനിക്ക് ഫാമിലി വെൽഫെയർ സ്റ്റോർ ചുമതലയുണ്ടായിരുന്ന സാറിനെ നിരന്തരം കോവിഡ് കാലങ്ങളിൽ ഫോൺ മുഖേന വിളിക്കേണ്ടതായി വന്നിട്ടുണ്ട്. കൂടെ ജോലിചെയ്യേണ്ട സാഹചര്യം വന്നില്ലെങ്കിലും മറ്റുള്ളവരുടെ മനസ്സിലേക്കുള്ള വഴി അദ്ദേഹം തുറന്നിട്ടിരുന്നതുകൊണ്ടാവാം നിലമ്പൂരിൽ നിന്ന് കോട്ടയ്ക്കലേക്കുള്ള ദൂരം അവഗണിച്ച് അവസാനമായി അദ്ദേഹത്തിന്റെ മുഖമൊന്നു കാണണമെന്ന് തോന്നിയതും അതിന് സാധിച്ചതും. ആ വേർപാട് ഉണ്ടാക്കിയ 'ഷോക്ക്' മാറാൻ കുറെ ദിവസങ്ങളെടുത്തു. നമുക്കും അദ്ദേഹത്തിന്റെ ബന്ധുക്കൾക്കും അതിലുപരി ഈ സമൂഹത്തിനും തന്നെ നഷ്ടപ്പെട്ട വലിയൊരു വ്യക്തിത്വമായിരുന്നു ഹസ്സൻ ഷെരീഫ്സാർ എന്നു പറയാതെ വയ്യ!!... കണ്ണീർപൂക്കൾ!!... പ്രണാമം!!...

ജംഷീന പി.

ഫാർമസിസ്റ്റ്, താലൂക്ക് ആശുപത്രിവണ്ടൂർ, മലപ്പുറം.

അകാലത്തിൽ അന്തരിച്ച ഫാർമസിസ്റ്റ് ഹസൻ ഷെരീഫിന്റെ ഓർമ്മയ്ക്കായി KGPA - മലപ്പുറം ഈ വർഷം മുതൽ ഏർപ്പെടുത്തിയ 'ഹസൻ ഷെരീഫ് മെമ്മോറിയൽ KGPA ബെസ്റ്റ് ഫാർമസിസ്റ്റ് അവാർഡ്' ശ്രീമതി അഖില. കെ (താനാളൂർ PHC) ഏറ്റുവാങ്ങുന്നു.

ജില്ല സമ്മേളന വാർത്തകൾ

തിരുവനന്തപുരം

ടി. അൻസാരി അദ്ധ്യക്ഷത വഹിച്ച സമ്മേളനം ആരോഗ്യവകുപ്പ് ഡയറക്ടർ വി. ആർ. രാജു ഉദ്ഘാടനം ചെയ്തു. പി. സുഭാഷ് സ്വാഗതം പറഞ്ഞു. വേദിയിൽ ആരോഗ്യവകുപ്പ് ഡയറക്ടറെ സംസ്ഥാന പ്രസിഡന്റ് വിജയകുമാർ പൊന്നാട ചാർത്തി ആദരിച്ചു. ശ്രീമതി ശുഭ, അനിത D. N., A. N. സുനിൽ, അജയലാൽ എന്നിവരും സംസാരിച്ചു.

കൊല്ലം

കൊല്ലം ജില്ല മെഡിക്കൽ ഓഫീസർ ബിന്ദു മോഹൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. യോഗത്തിൽ FIPO ജനറൽ സെക്രട്ടറി, തങ്കച്ചൻ, റിട്ട. ADPS ഷേർളി ഡാനിയേൽ, KGPA നേതാക്കളായി അനിത, അബ്ദുൾ സലാം, അഭിലാഷ് ജയറാം എന്നിവർ ആശംസ അർപ്പിച്ചു. പ്രതിനിധി സമ്മേളനം സംസ്ഥാന പ്രസിഡന്റ് വിജയകുമാർ ഉദ്ഘാടനം ചെയ്തു. പുതിയ ഭാരവാഹികൾ സുദിന കുമാരി – പ്രസിഡന്റ്, കെ. എസ്. രാജീവ് – സെക്രട്ടറി.

പത്തനംതിട്ട

പത്തനംതിട്ട ആരോഗ്യവകുപ്പ് അദ്ധ്യക്ഷ ഡോ. എൻ. അനിത സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് സിന്ധു കുമാരി അദ്ധ്യക്ഷത വഹിച്ചു. SVO ബിന്ദു, ഡോ. നന്ദിനി എന്നിവർ സംസാരിച്ചു. ഭാരവാഹികൾ ആയി കല. വെ. പവിത്രൻ – പ്രസിഡന്റ്, ഡോൾസി വർഗീസ് – സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തു. സർക്കാർ ആശുപത്രിയിലെ മരുന്ന് വിതരണം ഫാർമസിസ്റ്റുകൾ വഴി മാത്രം എന്ന് യോഗം ആവശ്യപ്പെട്ടു.

ആലപ്പുഴ

പി. പി. ചിത്തരഞ്ചൻ MLA സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചഭക്ഷണം ഒഴിവാക്കി മരുന്ന് വിതരണം എന്നത് പിൻവലിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. രാജേഷ് കുമാർ, മനോജ് എം. കെ., മനോജ് എം. എസ്., സജീവ് എന്നീ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പർമാരും പങ്കാളികൾ ആയി. പുതിയ ഭാരവാഹികൾ കെ. ജി. ശ്രീകുമാർ – സെക്രട്ടറി, ജി. പ്രകാശ് – പ്രസിഡന്റ്.

കോട്ടയം

അഭിലാഷ് ജയറാം സ്വാഗതം പറഞ്ഞ വേദിയിൽ ശ്രീ മനോജ്കുമാർ എം. എസ്. ജില്ല സമ്മേളനം ഉദ്ഘാടനം ചെയ്തു. വിരമിച്ച ഫാർമസിസ്റ്റ് പഞ്ചായത്ത് മെമ്പർ ആയതിന്റെ അഭിനന്ദനം ശ്രീ. പി. സി. ജോസഫിന് നൽകി. യോഗത്തിൽ എം. കെ. മനോജ്, അജി ജോർജ്ജ് എന്നിവരും സംസാരിച്ചു. ഭാരവാഹികൾ: സതീഷ് കുമാർ കെ.കെ. (പ്രസിഡന്റ്), അഭിലാഷ് ജയറാം (സെക്രട്ടറി),

ഇടുക്കി

തൊടുപുഴ പെൻഷൻ ഭവനിൽ ജില്ല സമ്മേളനം സംസ്ഥാന പ്രസിഡന്റ് വിജയകുമാർ ഉദ്ഘാടനം ചെയ്തു. ജന. സെക്രട്ടറിയടക്കം സംസ്ഥാന നേതാക്കൾ സന്നിഹിതരായിരുന്നു. പുതിയ ഭാരവാഹികൾ ശാന്തി രാജേഷ് – പ്രസിഡന്റ്, ശബരീശൻ – ജില്ല സെക്രട്ടറി.

എറണാകുളം

ജില്ല സമ്മേളനം DMO ശ്രീദേവി ഉദ്ഘാടനം ചെയ്തു. സാജു കുര്യാക്കോസ്, SVO സതീഷ്, രാജേഷ് കുമാർ എന്നിവരും പങ്കെടുത്തു. മനോജ് കുമാർ എം. കെ. അദ്ധ്യക്ഷൻ ആയി

രുന്നു. യാത്രയയപ്പ് സമ്മേളനവും കൂടെ സംഘടിപ്പിക്കപ്പെട്ടു. സജീർ കെ. പി. – പ്രസിഡന്റ്, ബിജൽ കുമാർ – സെക്രട്ടറി.

തൃശൂർ

IMA ഹാളിൽ ചേർന്ന സമ്മേളനം തൃശൂർ MLA പി. ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. KGMOA, SPO പ്രതിനിധികളും പങ്കെടുത്തു. ഡോക്ടറേറ്റ് നേടിയ ആഷ ചാക്കോ, ജോസ്മി എന്നിവരെ ആദരിച്ചു. റിട്ടയർ ചെയ്തവർക്ക് യാത്രയയപ്പും ഉണ്ടായിരുന്നു. പുതിയ ഭാരവാഹികൾ കെ. ജി. ശ്രീവിദ്യ – സെക്രട്ടറി, മനോജ് ടി. ജി. – പ്രസിഡന്റ്.

പാലക്കാട്

സായൂജ്യം റസിഡൻസിയിൽ ചേർന്ന സമ്മേളനം DMO ഡോ. റീത്ത ഉദ്ഘാടനം ചെയ്തു. രാജേഷ്, ഇസ്മയിൽ, ഷൈൻ എന്നിവർ നേതൃത്വം നൽകി. ഡോക്ടറേറ്റ് ലഭിച്ച ജഗന്നാഥിന് സ്വീകരണം നൽകി. വനിത പ്രതിനിധികളുടെ വലിയ പങ്കാളിത്തം ഉണ്ടായിരുന്നു. പുതിയ സാരഥികൾ ആയി ശ്രീമതി ഷെറീന – പ്രസിഡന്റ്, ശ്രീ. കെ. വി. രാജേഷ് – സെക്രട്ടറി, എന്നിവരെ തെരഞ്ഞെടുത്തു.

മലപ്പുറം

MLA പി. ഉബൈദുള്ള ജില്ല സമ്മേളനം ഉദ്ഘാടനം ചെയ്തു. അകാലത്തിൽ അന്തരിച്ച ഹസ്സൻ ഷെരീഫിന് യോഗം ആദരാഞ്ജലികൾ അർപ്പിച്ചു. ബെസ്റ്റ് ഫാർമസിസ്റ്റിനുള്ള ഹസ്സൻ ഷെരീഫ് മെമ്മോറിയൽ അവാർഡ് KGPA താനാളൂർ ഫാർമസിസ്റ്റ് ശ്രീമതി അഖിലയ്ക്ക് നൽകി. മനോജ് കെ. – പ്രസിഡന്റ്, കിഷോർ പി. – സെക്രട്ടറി.

കോഴിക്കോട്

സർക്കാർ ആശുപത്രികളിൽ മാറിയ സാഹചര്യത്തിൽ കൂടുതൽ ഫാർമസിസ്റ്റുകളെ നിയമിച്ച് ഫാർമസി മേഖല ശക്തിപ്പെടുത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. മനോജ് കുമാർ എം. എസ്. ഉദ്ഘാടനം ചെയ്തു. മുൻ സംസ്ഥാന ജന. സെക്രട്ടറി പ്രേമാനന്ദനെ യോഗം ആദരിച്ചു. പുതിയ ഭാരവാഹികൾ ടി. കെ. ജയരാജൻ – പ്രസിഡന്റ്, പി. ശ്രീലേഷ് സെക്രട്ടറി. കെ. ടി. സദാനന്ദൻ, രൂപേഷ് എന്നിവരും സംസാരിച്ചു.

വയനാട്

മെയ് 13 ന് പനമരത്ത് ചേർന്ന ജില്ല സമ്മേളനം സംഘടന സെക്രട്ടറി എം. കെ. മനോജ് ഉദ്ഘാടനം ചെയ്തു. സംഘടന ചർച്ചകൾക്ക് ബിനോ പോൾ, രൂപേഷ്, വേണുഗോപാൽ, സദാനന്ദൻ എന്നിവർ നേതൃത്വം നൽകി. ഭാരവാഹികൾ ആയി ബിനോപോൾ – പ്രസിഡന്റ്, സോബിൻ പി. എസ്. – സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തു.

കണ്ണൂർ

കണ്ണൂർ രജിത നഗറിൽ ചേർന്ന സമ്മേളനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി. പി. ദിവ്യ ഉദ്ഘാടനം ചെയ്തു. Dy, DMO, DPM, SPO, KGNA ഭാരവാഹികളും സമ്മേളനത്തിന് ആശംസ നേർന്നു. കെ. സരസ്വതി അദ്ധ്യക്ഷത വഹിച്ച പ്രതിനിധി സമ്മേളനത്തിൽ രമേശൻ എം. നെ പ്രസിഡന്റ് ആയും, ശ്രീ. ജയദേവനെ സെക്രട്ടറി ആയും തെരഞ്ഞെടുത്തു.

കാസർഗോഡ്

മരുന്നുകളുടെ വിലക്കയറ്റം നിയന്ത്രിക്കണമെന്നും FHC കളിൽ 2 ഫാർമസിസ്റ്റ് തസ്തിക ഉറപ്പു വരുത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ഹൗസ് ബോട്ടിൽ ചേർന്ന സമ്മേളനം ശ്രിന ഗോപാലിനെ പ്രസിഡന്റ് ആയും, അഹമ്മദ് ബഷീറിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു. സംസ്ഥാന ജന. സെക്രട്ടറി മനോജ് കുമാർ എം. എസ്. ഉദ്ഘാടനം ചെയ്തു.

♦♦♦

super nova
Food Products
Flavoured by nature
Chicken Masala
Sambar Powder


www.balcoairproducts.com
BALCO AIR PRODUCTS
Manufacturers & Suppliers of
Industrial & Medical Oxygen
Industrial Development Plot, Andoor, Parassinikkadavu. P.O. Kannur-670563
Ph: 0497 2781 354, +91 9895606543 (Dileep P. Nair) e mail: balcoairproduct@gmail.com

വീട് മുത്തശ്ശിയുടെ ആത്മരോദനം

എന്റെ സ്വപ്നത്തിൽ വിരുന്നിനെത്തി
എന്നയൽ വീടൊരു മുത്തശ്ശിയായ്
നീറുന്നൊരോർമ്മകൾ പങ്കുവച്ചു
ഇന്നു ഞാനേകയായ് കാത്തിരിപ്പൂ
ആരോരുമില്ലാതെ തനിച്ചിരിപ്പൂ
ഒരു കൊച്ചു കാലൊച്ച കേൾപ്പാനായ് കൊതിച്ചിരിപ്പൂ
ഇന്നെൻ ശിരസ്സിൻ ഭാരം താങ്ങുവാൻ
എന്റെ പാദത്തിനാവതില്ല
അതിലും വലുതാണെൻ ഹൃത്തിൻ ഭാരം
എന്റെ സ്നേഹാങ്കണം പൂവാടിയാക്കിയ
എന്റെ പൊന്നോമന ചെമ്പനീർ പൂവായി
പൊഴിഞ്ഞുപോയി
ഇനിയുമൊരുബാല്യമെനിക്കന്യമാണെങ്കിലും
എൻ ഹൃദയതാളം നിലയ്ക്കുവാൻ
ഇനിയില്ല കാലമേറെയെങ്കിലും
എന്നകത്തളങ്ങൾ ശബ്ദമുഖരിതമാക്കുവാൻ
ഒരു വട്ടം കൂടിയെന്നകതാരിൽ
ഒരു കുഞ്ഞു കിളിക്കൊഞ്ചൽ കേൾക്കുവാൻ
എന്റെ ചുമലുകൾക്ക് താങ്ങേകുവാൻ
എന്റെ സ്വപ്നങ്ങൾതൻ കാവലാളാകുവാൻ
ഒരു സൂര്യൻ വന്നുദിച്ചെങ്കിലെന്നു ഞാൻ
ഒരു മാത്ര വെറുതെ കൊതിച്ചുപോവുന്നു
തന്നാത്മകഥ പൊന്നൊരാ മുത്തശ്ശി
കണ്ണീർ പൊഴിക്കവെ
സ്വപ്നത്തിൽ നിന്നുണർന്ന്
ഞാനുമേറെ മോഹിച്ചുപോകുന്നു
എന്നയൽ മുത്തശ്ശി വീടിൻ
സ്വപ്നങ്ങൾ സാഫല്യമാകുവാൻ

ചന്ദന കെ. വി.
ക്ലാസ്സ് VIII
D/o. നമിത
(ഫാർമസിസ്റ്റ് W&C കോഴിക്കോട്)

ത്വര

കിഷോർ പി.
ഗവ. താലൂക്ക് ആശുപത്രി
കൊണ്ടോട്ടി

ഇരുളിന്റെ മൂടുപടമണിയുന്ന നിശീഥിനിയെനിക്കു വേണ്ട
വറുതിയുടെ മാറാപ്പുപേറുന്ന മണൽപരപ്പുമിനി വേണ്ട
ഉദയത്തിൻ നേർത്തതാം കിരണമാണിന്നെൻ ത്വര
ഒഴുകുന്ന തെളിനീർപ്രവാഹമാണിന്നെൻ കാമന

വാടിയ മലർമൊട്ടിൻ ചിത്രമതുപോലുമെനിക്കിന്നു വർജ്ജ്യം
പകൽച്ചൂടിലുരുകുമൊരു ഹിമകണമാകാനൊട്ടുമേ വയ്യ
ഇരവിൽ ഗഗനത്തിൽ നീളുമിടിമിന്നലാണെനിക്കിഷ്ടം
കരയെയിരയാക്കിയാർക്കും തിരമാലയാണെനിക്കിഷ്ടം

ഇത്രനാളാൾത്തിരക്കിൽ ഞാനൊരന്യനായ് നിലനിന്നു
വിജനമാം വീഥികളിലൊരു തെരുവുനായ പോലലഞ്ഞു.
സ്നേഹത്തിൻ ശൂന്യതയിൽ ഞാനാകെ തളർന്നു നിന്നു
ശോകത്തിൻ കൊടുംവാരിധിയിലിത്രനാൾ മുങ്ങിപ്പൊങ്ങി

കരിന്തിരി കത്തുന്ന വിളക്കിലിനിയെനിക്കെണ്ണ പകരണം
ഇരുളിലൊളിഞ്ഞിരിക്കും മാനസത്തിന്നു വെളിച്ചമേകണം
വസന്തത്തിൻ പൂന്തോപ്പിലൊരു മയിലായ് നൃത്തമാടണം
അനന്തമാം വിഹായസ്സിലൊരു പറവയായ് പാറി നടക്കം

Bulk Storage Racks for Pharmacy Store

Modular Store Rack

Medium Duty Rack

Double Locker Cabinet

Heavy Duty Rack



Plastic Pallet

Slotted Angle Rack

elsa fulfilling your needs in excellence

ELSA AGENCIES & DISTRIBUTORS

ARTCO Affiliated

Ph : 0484 - 2361314, 4066261, 2373800, **Mob : 9847 162931, 8089 196199, 7736712344**

Email: info@elsaagencies.com, elsaagencies13@gmail.com, www.elsaagencies.com

Thank You! for the Generous Support

Supplied more than 1000 Racks (20-22)

BEWARE OF DUPLICATE

ORIGINAL MODULAR PHARMACY RACK

MODULAR RACKS DONOT HAVE ANY WELDED PARTS EVERY PARTS OF A MODULAR RACK CAN BE DISMANTLED AND ASSEMBLED AT ANY TIME

MODULAR RACKS ARE 7 TANK POWDER COATED THAT MAKES IT SUITABLE FOR STORING MEDICINES ANTI CORROSION CLEAR COATING PROTECTS THE RACKS FROM SALINE CONTENTS IN COASTAL AREAS

EVERY SHELVES OF A MODULAR RACKS ARE INSTALLED USING NUT OR SCREWS TO EASILY ADJUST THE HEIGHT OF EACH SHELVES

EVERY METAL PARTS OF MODULAR RACKS COMES IN SAME THICKNESS

CNC PUNCH HOLES CAN BE FOUND ON THE SIDE OF MODULAR RACKS

BINS ARE TIGHTLY ARRANGED IN EACH SHELVES

SUITABLE FOR STORING MEDICINE

DUPLICATE MODULAR PHARMACY RACK

AVOID FRAUD

DUPLICATE RACKS CANNOT BE DISMANTLED AND IS VERY DIFFICULT TO MOVE FROM ONE PLACE TO ANOTHER

DUPLICATE RACKS ARE PAINTED USING LOCAL PAINTS WHICH CAN LEAD TO MANY HEALTH ISSUES

SHELVES ARE WELDED AND CANNOT BE ADJUSTED

DUPLICATE RACKS ARE MADE WITH DIFFERENT THICKNESS AS IT IS WELDED

WELDING MARKS CAN BE SEEN ON DUPLICATE RACKS

BINS WILL BE LOOSELY ARRANGED AND BINS MAY FALL FROM SHELVES

SUITABLE FOR STORING STATIONARY

ORIGINAL PRODUCT ORIGINAL

elsa fulfilling your needs in excellence

ELSA AGENCIES & DISTRIBUTORS

ARTCO Affiliated

Ph : 0484 - 2361314, 4066261, 2373800, **Mob : 9847 162931, 8089 196199, 7736712344**

Email: info@elsaagencies.com, elsaagencies13@gmail.com, www.elsaagencies.com

Printed and Published by : M S Manoj Kumar, General Secretary, on behalf of Kerala Government Pharmacists' Association

Printed at Alwaye Press, Aluva, Ph: 0484-2623318, Editor: T G Manoj Ph: 9747594837